# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ജൂൺ 17 | ദീപം 53 | നാളം 7 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com




# ഓൺലൈനിൽ ഇഴയുന്ന വിദ്യാഭ്യാസം




ഡോ. ബാബു സെബാസ്റ്റ്യൻ


**തി**ബറ്റിലെ സിഷുവാൻ പ്രോവിൻസിലുള്ള ഹൂ സിപിംഗ് എന്ന രണ്ടാംവർഷ വൊക്കേഷണൽ ഡിഗ്രി വിദ്യാർത്ഥിനി ഓൺലൈൻ ക്ലാസ് അറ്റൻഡ് ചെയ്യുന്നതിനായി മൊബൈലിൽ ഇന്റർനെറ്റ് സിഗ്നൽ തേടി രാവിലെ കൊടുംതണുപ്പിൽ വീട്ടിൽനിന്ന് 800 മീറ്റർ നടന്ന് 3800 മീറ്റർ ഉയരമുള്ള ഒരു മഞ്ഞുമലയുടെ മുകളിൽ ഒറ്റയ്ക്കിരിക്കുന്ന ചിത്രവുമായാണ് 2020 മാർച്ച് 18 ന് യുനെസ്കോയുടെ 'ഗൈഡൻസ് ഓൺ ആക്ടീവ് ലേണിംഗ് അറ്റ് ഹോം' എന്ന സുപ്രധാന രേഖ പുറത്തിറങ്ങിയത്. കോവിഡ് 19 അനിശ്ചിതമായി തുടരുമ്പോൾ ലോകം മുഴുവൻ ഇന്ന് ഹൂ സിപിംഗ്മാരെക്കൊണ്ടു നിറയുകയാണ്. നമ്മുടെ രാജ്യത്തെയും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തെയും പഠിതാക്കളുടെ സ്ഥിതി ഭിന്നമല്ല. വേണ്ടത്ര ശേഷിയുള്ള ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് സൗകര്യം നല്ലൊരു ശതമാനം വിദ്യാർത്ഥികൾക്കും ലഭ്യമാകുന്നില്ല. കമ്പ്യൂട്ടർസൗകര്യമില്ല, ടെലിവിഷനില്ല. മൊബൈൽ ഫോണില്ല. ഇങ്ങനെ ഇല്ലായ്മയുടെ ദുർബലമായ ചരടിൽ തൂങ്ങിയാണ് നമ്മുടെ ഓൺലൈൻ വിദ്യാഭ്യാസം ഇന്ന് ഇഴഞ്ഞുനീങ്ങുന്നത്.

യുനെസ്കോ, കോമൺവെൽത്ത് ഓഫ് ലേണിംഗ്, ബ്രിട്ടീഷ് കൗൺസിൽ, അമേരിക്കൻ ഐ.സി.റ്റി വകുപ്പ്, യുജിസി, ജർമ്മൻ ഗവൺമെന്റ്, ഓസ്ട്രേലിയൻ വിദ്യാഭ്യാസവകുപ്പ്, മസാച്ചുസെറ്റ്-ഹാർവാർഡ് പോലെയുള്ള നിരവധി ലോകപ്രശസ്ത യൂണിവേഴ്സിറ്റികൾ എന്നിവയെല്ലാം ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ബോധനശാസ്ത്രം, സാങ്കേതികവിദ്യ, വിഭവങ്ങൾ എന്നിവയെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ഇവയുടെയെല്ലാം കടകവിരുദ്ധമായ രീതിയിലാണ് നമ്മുടെ ഓൺലൈൻ പഠനം.

ഓൺലൈൻഅധ്യാപനത്തിന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ആർക്കിടെക്ചർ പിന്തുടരേണ്ടതായിട്ടുണ്ട്. ഒരു മൊബൈൽ ഫോണുപയോഗിച്ച് അധ്യാപകർ നടത്തുന്ന പുസ്തകവായനയോ നോട്ടുവായനയോ പ്രഭാഷണമോ അല്ല ഓൺലൈൻ അധ്യാപനം. ലാപ്ടോപ്പ് (ഡെസ്ക്ടോപ്പ്) ഹെഡ് ഫോൺ, പെൻപാഡ് എന്നിവയായിരിക്കണം ഓൺലൈൻ ബോധനത്തിന്റെ അടിസ്ഥാനസാങ്കേതികപശ്ചാത്തലം. അധ്യാപനത്തിന്റെ 'ഓഡിറ്ററി മോഡലി'ന് ഇവിടെ സ്ഥാനമില്ല. മറിച്ച്, ബോധനത്തിന്റെ 'വിഷ്വൽ മോഡലാണ്' ഇവിടെ പിന്തുടരേണ്ടത്.

ഓൺലൈൻ രീതിയിലുള്ള ബോധനത്തിൽ പഠനസാമഗ്രികൾക്കു വലിയ സ്ഥാനമുണ്ട്. വീഡിയോ, അനിമേഷൻ, സ്റ്റിൽസ് എന്നിവയാണ് അധ്യാപകശബ്ദത്തിന്റെ പിൻബലത്തിൽ ഓൺലൈൻ വഴിയായി കൈമാറ്റം ചെയ്യപ്പെടേണ്ടത്. ഇവ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും പ്രയത്നവും അധ്യാപകനുണ്ടാവണം. കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ജോഗ്രഫി, ഹിസ്റ്ററി എന്നിങ്ങനെയുള്ള വിഷയങ്ങൾ അനിമേഷന്റെ സഹായത്തോടെ പഠിപ്പിക്കുന്നതിനുള്ള ഫ്രീ സോഫ്റ്റ്‌വെയറുകൾ ഇന്നു സുലഭമാണ്. കൂടാതെ, ഏതു വിഷയവും ബഹുവർണചിത്രങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നതിനാവശ്യമായ സൗജന്യഡ്രോയിംഗ് സോഫ്റ്റ് വെയറുകളും ആഗോളതലത്തിൽ ഓൺലൈൻവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകമായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഉയർന്ന ഗുണമേന്മയുടെയും കടുത്ത മത്സരത്തിന്റെയും ലോകമാണ് ഓൺലൈൻ വിദ്യാഭ്യാസമേഖല. പിടിച്ചുനില്ക്കണമെങ്കിലും മുമ്പോട്ടു പോകണമെങ്കിലും സാങ്കേതിക ജ്ഞാനവും കഠിനപ്രയത്നവും നിരന്തരമായ ഗവേഷണവും ആവശ്യമാണ്. ഇല്ലെങ്കിൽ വിദ്യാഭ്യാസസ്ഥാപനവും അധ്യാപകരും എല്ലാം കണ്ണുചിമ്മുന്ന വേഗത്തിൽ പരാജയപ്പെടുകയും പിന്തള്ളപ്പെടുകയും ചെയ്യും എന്നതാണു വസ്തുത.


ഡിജിറ്റൽ സ്റ്റോറി ടെല്ലിംഗ്, ഇൻഫോ ഗ്രാഫിക്സ്, ടെക്സ്റ്റ് ടു സ്പീച്ച്, പോട്കാസ്റ്റ്, സ്ക്രീൻ ക്യാപ്ചറിംഗ്, സോഷ്യൽ ബുക്ക് മാർക്കിംഗ്, സ്റ്റിക്കിംഗ് നോട്ട്സ്, ഫോട്ടോ ആൻഡ് ഇമേജ് എഡിറ്റിംഗ് എന്നീ ടൂളുകൾ ഉപയോഗിച്ചുകൊണ്ടാണ് വികസിതരാജ്യങ്ങളിൽ ഇന്ന് ഓൺലൈൻ ടീച്ചിംഗ് മുമ്പോട്ടു കുതിക്കുന്നത്. എന്നാൽ, നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളും അധ്യാപകരും ഈ വിഭവങ്ങളെ സംബന്ധിച്ച് എത്രമാത്രം അറിവുള്ളവരാണ്, അവയുടെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തുന്നവരാണ് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ഓൺലൈൻ ബോധനരീതിയിൽ അധ്യാപകന്റെ റോളിലും സമീപനത്തിലും കാതലായ മാറ്റം വന്നുചേർന്നിട്ടുണ്ട്. ടീച്ചർ എന്നതിൽനിന്നു മാറി ടൂർ ഗൈഡ്, ചിയർ ലീഡർ, ലേണിംഗ് കോച്ച്, സോഷ്യൽ ബട്ടർഫ്‌ളൈ, ബിഗ് ബ്രദർ, കോ-ലേണർ, ഇൻഡിവിഡ്വൽ മിറർ എന്നീ റോളുകളിലാണ് ആഗോളതലത്തിൽ ഇന്ന് ഓൺലൈൻ അധ്യാപകർ വിജയം കൈവരിക്കുന്നത്.

വിദ്യാർത്ഥികളുടെ സംതൃപ്തി, രക്ഷിതാക്കളുടെ സന്തോഷം എന്നീ ലക്ഷ്യങ്ങളെ ഭംഗിയായി സാക്ഷാത്കരിച്ചുകൊണ്ട് ആഗോളതലത്തിൽ ഓൺലൈൻ ടീച്ചിംഗ് ഇന്ന് ആധിപത്യം ഉറപ്പിച്ചിരിക്കുന്നു. മറ്റു പല പരിമിതികളും ഉണ്ടെങ്കിലും പരമ്പരാഗത മുഖാമുഖ പഠനത്തെക്കാൾ ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസമാണ് വികസിതരാജ്യങ്ങളിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻവഴി ഇന്നു ലഭ്യമാകുന്നത്. എന്നാൽ, അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും പഠനവിഭവങ്ങളുടെ പരിമിതിയും പരിശീലനത്തിന്റെ അഭാവവും എല്ലാം കൂടിച്ചേർന്ന് നമ്മുടെ വിദ്യാഭ്യാസമേഖലയെ തളർച്ചയിലേക്കും തകർച്ചയിലേക്കും ഇന്ന് ഓൺലൈൻ ബോധനരീതി എത്തിച്ചുകൊണ്ടിരിക്കുന്നു.


*(മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസിലറും സംസ്ഥാനവിദ്യാഭ്യാസ സാങ്കേതികവിദ്യാവിഭാഗത്തിന്റെയും ഐ.റ്റി. അറ്റ് സ്കൂളിന്റെയും മുൻ ഡയറക്ടറുമാണ് ലേഖകൻ)*






# പ്രകൃതിക്കു ഭീഷണിയായി പ്ലാസ്റ്റിക്ക്



മാർ ജേക്കബ് മുരിക്കൻ

**പെ**ട്രോളിയത്തിൽനിന്നു വേർതിരിച്ചെടുക്കുന്ന രാസപദാർത്ഥങ്ങളിൽനിന്നാണ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നത്. എളുപ്പത്തിൽ രൂപം മാറ്റാൻ കഴിയുന്ന എന്നർത്ഥമുള്ള 'Plastikos' എന്ന ഗ്രീക്കുപദത്തിൽനിന്നാണ് പ്ലാസ്റ്റിക് എന്ന ഇംഗ്ലീഷുപദത്തിന്റെ ഉദ്ഭവം. പ്രകൃതിയിലെ സൂക്ഷ്മജീവികളായ ബാക്ടീരിയയ്ക്കൊന്നും നശിപ്പിക്കാൻ സാധ്യമല്ല എന്നതാണ് പ്ലാസ്റ്റിക്കിന്റെ പ്രത്യേകത. അതായത്, ജൈവവിഘടനത്തിനു വിധേയമാകില്ലാത്തതാണ് പ്ലാസ്റ്റിക്. അതുകൊണ്ട് നൂറിലേറെ വർഷങ്ങൾ മണ്ണിൽ അഴുകാതെ കിടക്കുന്നതാണ് പ്ലാസ്റ്റിക്ക്.



പ്ലാസ്റ്റിക് മണ്ണിലെത്തിയാൽ സസ്യങ്ങളുടെ വേരോട്ടം തടയും. മണ്ണിന്റെ ഘടന സംരക്ഷിക്കുന്ന സൂക്ഷ്മജീവികളുടെ നാശത്തിന് പ്ലാസ്റ്റിക്കിന്റെ മണ്ണിലെ സാന്നിധ്യം കാരണമാകും. ജലം മണ്ണിലേക്കു സ്വാഭാവികമായി ഊർന്നിറങ്ങുന്നത് മണ്ണിലെ പ്ലാസ്റ്റിക് തടയും. പ്ലാസ്റ്റിക്കുകൾ ഓടകളിലും കനാലുകളിലുമെല്ലാം അടിഞ്ഞുകൂടി ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തും. പ്ലാസ്റ്റിക്കുകൾ ജീവികളുടെ ആമാശയത്തിലെത്തിയാൽ ദഹനത്തിനു വിധേയമാകാതെ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉളവാക്കുന്നു. കടലിലെ ഏറ്റവും ചെറിയ ജീവികൾ മുതൽ നീലത്തിമിംഗലം വരെ പ്ലാസ്റ്റിക്കിന്റെ ദോഷഫലങ്ങൾ അനുഭവിക്കുന്നു.

പ്ലാസ്റ്റിക് കത്തിച്ചു നശിപ്പിക്കുന്ന രീതി അവലംബിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്തുവരുന്ന പുകയിൽ അടങ്ങിയിരിക്കുന്നത് 'ഡയോക്സിൻ' എന്ന മാരകരാസവസ്തുവാണ്. ഇതു മനുഷ്യരിൽ ഉളവാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാണ്. തൈറോയിഡ് ഗ്രന്ഥികൾക്കു ക്ഷതം, ശ്വാസകോശരോഗങ്ങൾ, തലച്ചോറിലെ നാഡീവ്യൂഹങ്ങൾക്കു ക്ഷതം, പ്രത്യുത്പാദനശേഷി ഇല്ലാതാകൽ തുടങ്ങിയവ മുതൽ ഗുരുതരമായ അർബുദരോഗത്തിനുവരെ കാരണമാകുന്നതാണ് 'ഡയോക്സിൻ'. പോളിവിനയൽ ക്ലോറൈഡ്' (പിവിസി) എന്ന ഉത്പന്നം കത്തിച്ചാൽ അന്തരീക്ഷത്തിൽ മാരകരോഗങ്ങൾക്കു കാരണമാകുന്ന ഹാലജൻ കുടുംബത്തിൽപ്പെട്ട രാസപദാർത്ഥങ്ങൾ ഉണ്ടാകുന്നു. പ്ലാസ്റ്റിക്കിലുള്ള 'പോളിസ്റ്റൈറിനുകൾ' എന്ന രാസവസ്തുവും ആരോഗ്യത്തിനു ഹാനികരമാണ്.

നമ്മുടെ സംസ്ഥാനത്തും 2020 ജനുവരി ഒന്നുമുതൽ പ്ലാസ്റ്റിക് നിരോധനമുണ്ടായി എന്നത് അഭിനന്ദനാർഹമാണ്. എന്നാലും നമ്മുടെ ദൈനംദിനജീവിതത്തിൽ വ്യാപകമായ സ്വാധീനം നേടിയിരിക്കുന്ന പ്ലാസ്റ്റിക്കിനെ ഒഴിവാക്കാൻ ഭഗീരഥപ്രയത്നം തന്നെ ആവശ്യമാണ്. നിയമനടപടികളോടൊപ്പം വിപുലമായ ബോധവത്കരണവും ആവശ്യമാണ്. ലോകത്തിലെ ആകെ മാലിന്യത്തിൽ പത്തു ശതമാനം പ്ലാസ്റ്റിക് മാലിന്യമാണെന്നു വിലയിരുത്തപ്പെടുന്നു. ആഫ്രിക്കൻ രാജ്യമായ റുവാണ്ട 2008 മുതൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയ രാജ്യമാണ്. പ്ലാസ്റ്റിക് പുനരുപയോഗത്തിലൂടെ പ്ലാസ്റ്റിക് ഭീഷണിയെ അതിജീവിക്കാനാവുമെന്നു പഠിപ്പിക്കുന്ന രാജ്യമാണ് യൂറോപ്യൻ രാജ്യമായ സ്വീഡൻ. ഘട്ടംഘട്ടമായി പ്ലാസ്റ്റിക് ഉപയോഗം കുറച്ച് പ്ലാസ്റ്റിക് നിരോധനമെന്ന ആശയം ഇപ്പോൾ പല രാജ്യങ്ങളും ആവിഷ്കരിച്ചുവരുന്നു. ദിവസവും കേരളം സൃഷ്ടിക്കുന്നത് 480 ടൺ പ്ലാസ്റ്റിക് മാലിന്യമാണെന്നു കണക്കുകൾ വെളിപ്പെടുത്തുന്നു. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ നിരോധനം നേരത്തേ ഏർപ്പെടുത്തിയിരുന്നെങ്കിലും വിജയം നേടിയില്ല.


# ഹൃദയങ്ങളുടെ ആഴങ്ങളിൽനിന്ന്

## വൈദികബ്രഹ്മചര്യത്തെക്കുറിച്ച് രണ്ടു മഹാചാര്യന്മാർ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**2020** ജനുവരി മാസം 15-ാം തീയതി 'ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ നിന്ന്' എന്നർത്ഥമുള്ള 'Des Profondeurs de nos coeurs' എന്ന ഫ്രഞ്ച് ശീർഷകത്തോടെ പാരീസിലെ ഫയാർ (Fayard) എന്ന പ്രസിദ്ധീകരണശാലയിൽനിന്ന് അസാധാരണമായ ഒരു ഗ്രന്ഥം വായനക്കാരുടെ കരങ്ങളിലെത്തി. എമിരറ്റസ് പാപ്പാ ബനഡിക്ട് പതിനാറാമനും ആരാധനാക്രമത്തിനും കൂദാശകൾക്കുമായുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ റോബർട്ട് കാർഡിനൽ സറായും ചേർന്നു രചിച്ച ഈ ഗ്രന്ഥം പ്രസിദ്ധീകരണത്തിനുമുമ്പേ ചില വിവാദങ്ങൾക്കു കാരണമായി. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ ഒരു ലേഖനം അതിലുണ്ടെന്നേയുള്ളൂ. അദ്ദേഹത്തെ സഹഗ്രന്ഥകാരനായി വയ്ക്കരുത് എന്നു വത്തിക്കാൻ വൃത്തങ്ങൾ പ്രസാധകരോട് ആവശ്യപ്പെടുകവരെയുണ്ടായി. എന്നാൽ അവരതിനു സമ്മതിച്ചില്ല. എമിരറ്റസ് പാപ്പായുടെ അറിവോടെയല്ല അദ്ദേഹത്തെ ഗ്രന്ഥകർത്താവായി വച്ചത് എന്ന പ്രസ്താവനയെ 'അതീവഗൗരവമുള്ള ദുരാരോപണം' എന്ന വാക്കുകളോടെയാണ് കർദ്ദിനാൾ സറാ നേരിട്ടത്.




വിവാദങ്ങൾ എന്തായാലും 174 താളുകൾ മാത്രമുള്ള ഈ പുസ്തകം ശ്രദ്ധയോടെ വായിക്കുകയാണു വേണ്ടത്. 2020 ഫെബ്രുവരി 25 ന് സാൻഫ്രാൻസിസ്കോയിലെ ഇഗ്നേഷ്യസ് പ്രസിൽനിന്ന് ഇംഗ്ലീഷ് പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'കത്തോലിക്കാപൗരോഹിത്യം' എന്ന വിഷയം അസാധാരണമായ വ്യക്തതയോടെ പ്രത്യേകിച്ച് അതിന്റെ ബിബ്ലിക്കൽ കാഴ്ചപ്പാടുകൾ, 92 കാരനായ ബെനഡിക്ട് പാപ്പാ 27 മുതൽ 71 വരെയുള്ള പേജുകളിൽ പ്രതിപാദിക്കുന്നു. പൗരോഹിത്യബ്രഹ്മചര്യത്തിന്റെ സഭാത്മകവും അജപാലനപരവുമായ ദർശനങ്ങളെ 73 മുതൽ 163 വരെയുള്ള പേജുകളിൽ 'അവസാനം വരെ സ്നേഹിക്കുക' എന്ന തലക്കെട്ടോടെ, പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആചരിക്കുന്ന കർദ്ദിനാൾ റോബർട്ട് സറാ വിശദീകരിക്കുന്നു. ഈ ഗ്രന്ഥം ലോകം മുഴുവനിലുമുള്ള വൈദികർക്ക് ഒരുപഹാരമായിട്ടാണ് സമർപ്പിച്ചിരിക്കുന്നത്.

2019 ഒക്ടോബർ മാസത്തിൽ റോമിൽ സമ്മേളിച്ച ആമസോണിനായുള്ള സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ ഗ്രന്ഥരചന നടന്നത്. കത്തോലിക്കാപൗരോഹിത്യത്തിന്റെ കാര്യത്തിൽ മാറിച്ചിന്തിക്കുന്ന ഒരു സിനഡിനെയാണ് നാം ദർശിക്കുന്നത്. വനിതകൾക്കു ഡീക്കൻപട്ടം നല്കണമെന്നും മാതൃകാജീവിതം നയിക്കുന്ന ഭർത്താക്കന്മാർക്കു പൗരോഹിത്യം നല്കിയാലേ ആമസോൺ പ്രദേശങ്ങളിൽ സഭ അനുഭവിക്കുന്ന വൈദികരുടെ ദൗർലഭ്യത്തിനു പരിഹാരമാകുകയുള്ളൂ എന്നും മറ്റുമുള്ള ആശയങ്ങളാണ് സിനഡ് മുന്നോട്ടുവയ്ക്കാൻ പോകുന്നതെന്നറിയാമായിരുന്നു. ഇതു സംബന്ധിച്ച കാര്യങ്ങൾ കത്തുവഴിയും നേരിൽ കണ്ടും എമിരറ്റസ് പാപ്പായും കാർഡിനൽ സറായും ചർച്ച ചെയ്തു. ഈ ഗ്രന്ഥത്തിന്റെ എഡിറ്റർ നിക്കോളാ ദിയ ഇവരുടെ ആശയവിനിമയത്തിനു സാക്ഷിയാണ് (പേജ്- 13).

വർഷങ്ങളായി കത്തോലിക്കാപൗരോഹിത്യം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ആഴത്തിൽ പഠിക്കണമെന്നും തന്റെ കണ്ടെത്തലുകൾ പങ്കുവയ്ക്കണമെന്നുമുള്ള ആഗ്രഹംകൊണ്ടാണ് ബെനഡിക്ട് പതിനാറാമന് എഴുതാമെന്നു തീരുമാനിക്കുന്നത്.

'തന്റെ ജീവിതാന്ത്യത്തോട് അടുത്തുകൊണ്ടിരിക്കുന്ന ഒരാൾ ഒരിക്കലും ലാഘവബുദ്ധ്യാ സംസാരിക്കില്ലെന്ന്' കർദ്ദിനാൾ സറാ നിരീക്ഷിക്കുന്നു(പേജ് 11) ബെനഡിക്ട് പതിനാറാമൻ 2017 ൽ കർദ്ദിനാൾ സറായുടെ 'The Power of Silence' ന് എഴുതിയ ഉപസംഹാരക്കുറിപ്പിൽ (Afterword) പറഞ്ഞ കാര്യം പ്രസാധകൻ എടുത്തുപറയുന്നുണ്ട്.

'കർദ്ദിനാൾ സറാ കർത്താവുമായുള്ള ഉറ്റബന്ധത്തിൽ കഴിയുന്ന ഒരാദ്ധ്യാത്മികഗുരുവാണെന്നും അദ്ദേഹത്തിനു ലോകത്തോടറിയിക്കുവാൻ തീർച്ചയായും ചില കാര്യങ്ങൾ ഉണ്ടെന്നും' 'അങ്ങനെ ഒരാദ്ധ്യാത്മികമനുഷ്യനെ ആരാധനക്രമത്തിനായുള്ള തിരുസംഘത്തിന്റെ തലപ്പത്തു നിയമിച്ച ഫ്രാൻസീസ് മാർപാപ്പായോട് നമ്മൾ നന്ദിയുള്ളവരായിരിക്കണമെന്നും' ബെനഡിക്ട് പാപ്പാ എടുത്തുപറഞ്ഞു.

നിക്കോളാ ദിയ 2019 ഡിസംബർ 6-ാം തീയതി എഴുതിയ പ്രസ്താവന രണ്ടുദ്ധരണികളോടെയാണ് അവസാനിപ്പിക്കുന്നത്. "പരിസ്ഥിതിയെയും ജീവജാലങ്ങളെയും വിഷലിപ്തമാക്കുന്ന അന്തരീക്ഷമലിനീകരണം ഉള്ളതുപോലെതന്നെ മനുഷ്യന്റെ മനസ്സിനെയും ഹൃദയത്തെയും ബാധിക്കുകയും ആദ്ധ്യാത്മികജീവിതത്തിൽ മാരകമായ വിഷാംശം കലർത്തുകയും ചെയ്യുന്ന മലിനീകരണവും ഒരു യാഥാർത്ഥ്യമാണ്" (ബെനഡിക്ട് XVII, 2009 മേയ് 31, പന്തക്കുസ്താത്തിരുനാൾ സന്ദേശത്തിൽനിന്ന്).

രണ്ടാമത്തേത് ഫ്രഞ്ച് കവി ഷാർള് പെഗി (Charles Pe'guy (1873-1917)യുടേതാണ്. .

"ദൈവം പറഞ്ഞു: എന്നെ വിസ്മയിപ്പിക്കുന്നത് പ്രത്യാശയാണ്. ആ വിസ്മയം എന്റെ മനസ്സിൽ മാറാതെ നില്ക്കുകയാണ്. ഒട്ടും ഒന്നുമല്ല എന്ന ഭാവത്തോടെ ചെറിയ പ്രത്യാശ. കുഞ്ഞുപൈതലെപ്പോലെ ആ പ്രത്യാശ" (The Portal of the Mystery of Hope).

ബനഡിക്ട് പതിനാറാമനും കാർഡിനൽ സറായും ചേർന്ന് ആത്മീയമലിനീകരണത്തെ ദൂരെയകറ്റി പ്രത്യാശയുടെ വാതായനങ്ങൾ തുറക്കുകയാണെന്നും നിക്കോളാ ദിയാ ഈ ഉദ്ധരണികൾക്കുശേഷം കൂട്ടിച്ചേർക്കുന്നുണ്ട്.

□

# ഇ-വായനയുടെ പുതുകാലം


**മലയാളികളെ വായനയുടെ ലോകത്തേക്കു കൈപിടിച്ചുയർത്തിയ ഒരു മഹാനുണ്ടായിരുന്നു ഈ കൊച്ചുകേരളത്തിൽ – പി.എൻ. പണിക്കർ. കേരളത്തിലുടനീളം അറിവിന്റെ വാതായനങ്ങൾ തുറന്നിട്ട അക്ഷരസ്നേഹി. കേരള ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ സ്ഥാപകൻ! അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായാണ് ജൂൺ 19 വായനദിനമായി ആചരിക്കുന്നത്.**



ഇഗ്നേഷ്യസ് കലയന്താനി

**ലോ**ക്ഡൗൺകാലം വായനയുടെ വസന്തകാലമായിരുന്നു. കൊറോണ ഭീതിയിൽ ജനങ്ങൾ വീടുകളിൽ ഒതുങ്ങിയപ്പോൾ അലമാരകളിൽ പൊടി പിടിച്ചുറങ്ങിയിരുന്ന പുസ്തകങ്ങൾ ഉണർന്നെണീറ്റു. അത് അലമാരയിൽനിന്നിറങ്ങി ആളുകളുടെ കൈകളിലേക്കു വന്നതും വായനയുടെ വസന്തം വിരിഞ്ഞു. മൊബൈൽഫോണുകളിൽ മുഖം കുമ്പിട്ടിരുന്ന കുട്ടികളെ പുസ്തകങ്ങളിലേക്കു ചേർത്തുവയ്ക്കാൻ മാതാപിതാക്കളും താത്പര്യം കാണിച്ചു. മറ്റെന്തൊക്കെ നഷ്ടങ്ങൾ ഉണ്ടായാലും മരിച്ചുപോയ പുസ്തകവായനയുടെ തിരിച്ചുവരവിൽ അക്ഷരപ്രേമികളുടെ മനംകുളിർന്ന നാളുകളായിരുന്നു ഈ അടച്ചിടൽകാലം. അതോടൊപ്പം ഇ-വായനയുടെ പുഷ്കലകാലവുമായിരുന്നു!

ലോക്ഡൗൺകാലത്ത് ആനുകാലികപ്രസിദ്ധീകരണങ്ങൾ മിക്കതും അച്ചടി നിറുത്തിവച്ചിരുന്നെങ്കിലും പ്രതിസന്ധികളെ അതിജീവിച്ച് അച്ചടി തുടർന്ന



പ്രസിദ്ധീകരങ്ങൾക്ക് ഈ കാലയളവിൽ പ്രചാരം വർധിച്ചുവെന്നാണ് അവരുടെ വെളിപ്പെടുത്തൽ. ജോലിത്തിരക്കിന്റെപേരിൽ വായന മറന്ന മുതിർന്നവരും അക്ഷരങ്ങളിലേക്കു തിരിച്ചുവന്നു. നഷ്ടപ്പെട്ട വായനശീലം തിരിച്ചുപിടിക്കാൻ ചിലർക്കെങ്കിലും ഈ കൊറോണ ഒരു ഉപകാരിയായി മാറി.

വായന ഒരു സംസ്കാരമാണ്. ദിവസവും പത്തു പേജുകൾ വായിച്ചാൽ പത്തുവർഷംകൊണ്ട് ജ്ഞാനിയാകാം എന്നാണ് പണ്ഡിതർ പറയുന്നത്. കുട്ടികളുടെ സംസാരം വ്യക്തമാകാൻ ഉറക്കെയുള്ള വായന ഉപകരിക്കുമെന്നാണ് ഡോക്ടർമാർ പറയുന്നത്.

വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും.
വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും.

വായനയുടെ പ്രാധാന്യത്തെക്കുറിച്ചു ബോധ്യപ്പെടുത്താൻ കുഞ്ഞുണ്ണി മാഷ് എഴുതിയ ഈ വരികളേക്കാൾ ശ്രേഷ്ഠമായ മറ്റൊരു പദ്യശകലം മലയാളത്തിലുണ്ടോ?

ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. ഒരു ദിവസത്തേക്കു സുഖമായിരിക്കുവാൻ ഒരു സദ്യ കഴിക്കുക. ഒരു വർഷം സുഖമായിരിക്കുവാൻ ഒരു വിവാഹം കഴിക്കുക. ജീവിതകാലം മുഴുവൻ സുഖമായിരിക്കുവാൻ വായന ഒരു ശീലമാക്കുക!

ആഹാരം ആരോഗ്യത്തിലേക്കുള്ള ഗോവണിപ്പടികളാണെങ്കിൽ പുസ്തകം അറിവിലേക്കും അതുവഴി മനസിന്റെ ആരോഗ്യത്തിലേക്കുമുള്ള ഏണിപ്പടികളാണ്. മനുഷ്യന്റെ ഭാവനകൾക്ക് ചിറകു മുളയ്ക്കുന്നതും പുതിയ പുതിയ ആശയങ്ങളും ചിന്തകളുമെല്ലാം മനസ്സിൽ രൂപം കൊള്ളുന്നതും വായനയിലൂടെയാണ്. അറിവുള്ളവനെ രാജാവുപോലും ഭയപ്പെട്ടിരുന്നു എന്ന് ചരിത്രകഥകളിൽ നമ്മൾ വായിച്ചിട്ടുണ്ട്.

നോവലുകളും കഥകളും വായിക്കുമ്പോൾ രചയിതാവ് ജന്മം കൊടുത്ത കഥാപാത്രങ്ങളോടൊപ്പം ചിരിച്ചും കരഞ്ഞും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേർന്ന് സമയം ചെലവഴിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നില്ലേ നമുക്ക്? മുട്ടത്തുവർക്കിയുടെയും തകഴിയുടെയും ബഷീറിന്റെയും കേശവദേവിന്റെയും എത്രയെത്ര കഥാപാത്രങ്ങളാണ് മലയാളികളുടെ മനസ്സിൽ ഓടിക്കളിച്ചുനടന്നത്!

ഓർമ്മയില്ലേ മുട്ടത്തുവർക്കിയുടെ ഒരുകുടയും കുഞ്ഞുപെങ്ങളും? മഴയിൽ നനഞ്ഞൊട്ടി സ്കൂളിൽ കയറിച്ചെല്ലുന്ന ലില്ലി എന്ന കുഞ്ഞുപെങ്ങളും അവളെ ജീവനുതുല്യം സ്നേഹിക്കുന്ന അവളുടെ കുഞ്ഞാങ്ങള ബേബിയും, ചില്ലു കൈപ്പിടിയിൽ കുരുവിയുടെ രൂപമുള്ള കുടയും അഞ്ചുപതിറ്റാണ്ടിനിപ്പുറവും മനസിൽ തിളങ്ങിനിൽക്കുന്നു. ആദ്യം നൊമ്പരമായും പിന്നെ സന്തോഷമായും കണ്ണുകളെ ഈറനണിയിച്ച ആ നോവൽ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് ഇപ്പോഴും മുൻനിരയിൽ നിൽക്കുന്നു. അതാണ് എഴുത്തിന്റെ കരുത്ത്! അക്ഷരങ്ങൾ കൂട്ടിവായിച്ചു തുടങ്ങിയ പ്രായത്തിൽ ഒറ്റയിരിപ്പിനു വായിച്ചു തീർത്ത പുസ്തകമാണ് ഒരു കുടയും കുഞ്ഞുപെങ്ങളും. വായനയിലേക്ക് ഒരുപാട് കുട്ടികളെ കൂട്ടിക്കൊണ്ടുപോയ, നല്ലൊരു സന്ദേശമുള്ള ബാലനോവലായിരുന്നു അത്.

ഇലക്ട്രോണിക്മീഡിയയുടെ കടന്നുവരവോടെയാണ് പുസ്തകവായന പുറന്തള്ളപ്പെട്ടത്. അച്ചടിച്ച പുസ്തകങ്ങൾ പുതുതലമുറയ്ക്കു കാണേണ്ടേന്നായി. വിരലൊന്നമർത്തിയാൽ ലോകത്തിലെ എല്ലാ അറിവുകളും നൊടിയിടയിൽ മൊബൈൽ ഫോണിൽ കൊണ്ടുവരാൻ കഴിയുന്ന ഈ കാലത്ത് പുസ്തകത്താളുകൾ മറിച്ച് എന്തിനു സമയം കളയണം എന്ന ചോദ്യമാണ് ന്യൂജെൻ കുട്ടികൾക്ക്.

'പത്രം വായിക്കാൻ പോലും സമയം തികയുന്നില്ല, പിന്നെയല്ലേ പുസ്തകവായന!' വായനയെക്കുറിച്ചു ചോദിക്കുമ്പോൾ പലരും പറയുന്ന മറുപടിയാണിത്. എത്ര തിരക്കുണ്ടെങ്കിലും വിശക്കുമ്പോൾ നമ്മൾ ആഹാരം കഴിക്കുന്നില്ലേ? ആഹാരം പോലെ അനിവാര്യമാണ് മനസിന്റെ വിശപ്പടക്കാൻ വായനയും. 'Food for Thought' എന്നൊരു ചൊല്ലു തന്നെയുണ്ട്.

അക്ഷരക്കൂട്ടങ്ങളിലെ സംഗീതം നിലച്ചാൽ അത് മനുഷ്യന്റെ വ്യക്തിത്വത്തിനുതന്നെ ക്ഷതമേൽപ്പിക്കും. എഴുത്തിലൂടെ പിറവിയെടുക്കുന്ന വാങ്മയചിത്രങ്ങൾ വ്യക്തിയുടെ സർഗാത്മക കഴിവുകളെ ഉണർത്തുന്നു. വായിക്കുന്ന വാചകങ്ങൾ ചിത്രങ്ങളായി മനസിൽ തെളിയുമ്പോൾ വായനക്കാരിൽ അത് ചിന്താശേഷിയും ഭാവനയും വളർത്തും. ബുദ്ധിയെയും ഭാവനയെയും വികസിപ്പിക്കുന്ന വായന കുട്ടികളിൽ ശീലമാക്കാൻ മാതാപിതാക്കളും അധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്.

മലയാളികളെ വായനയുടെ ലോകത്തേക്കു കൈപിടിച്ചുയർത്തിയ ഒരു മഹാനുണ്ടായിരുന്നു ഈ കൊച്ചുകേരളത്തിൽ – പി.എൻ. പണിക്കർ. കേരളത്തിലുടനീളം അറിവിന്റെ വാതായനങ്ങൾ തുറന്നിട്ട അക്ഷരസ്നേഹി. കേരളഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ സ്ഥാപകൻ! നാടിന്റെ മുക്കിലും മൂലയിലും നടന്ന് അദ്ദേഹം പുസ്തകങ്ങൾ ശേഖരിച്ച് കേരളത്തിലെമ്പാടും വായനശാലകൾ സ്ഥാപിച്ചു. വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മുദ്രാവാക്യം ഉയർത്തി കാസർകോട് മുതൽ തിരുവനന്തപുരംവരെ സാംസ്കാരികകാൽനടജാഥ നടത്തി. അദ്ദേഹത്തിന്റെ ശ്രമഫലമായി കേരളത്തിലെമ്പാടും സ്ഥാപിതമായ ഗ്രന്ഥശാലകൾ നമ്മുടെ നാടിന്റെ സാമൂഹികസാംസ്കാരിക മണ്ഡലത്തിൽ വലിയ വിപ്ലവമാണുണ്ടാക്കിയത്! വായിച്ചു വളർന്ന സമൂഹം തങ്ങളുടെ ചിന്തകൾക്കു രൂപവും ജീവനും നൽകി ലോകത്തിനുമുന്നിൽ തുറന്നുവച്ചു. അതിൽനിന്നു പുതിയ കിരണങ്ങളുണ്ടായി.

പി.എൻ. പണിക്കരുടെ ഓർമ്മയ്ക്കായാണ് സംസ്ഥാന വിദ്യാഭ്യാസവകുപ്പ് ജൂൺ 19 വായനദിനമായി ആചരിക്കുന്നത്

19 മുതൽ 25 വരെയുള്ള ഒരാഴ്ചക്കാലം സ്കൂളുകളിൽ വായനാവാരമായും ആഘോഷിക്കുന്നു. വായനമത്സരങ്ങൾ, വായനക്കൂട്ടം, ക്വിസ്മത്സരങ്ങൾ, തുടങ്ങിയവയൊക്കെ ഈ വാരത്തിൽ മിക്ക സ്കൂളുകളിലും നടക്കുന്നു .

ഇന്ന് വായന മരിച്ചു എന്നു വിലപിക്കുന്നവരുണ്ട്. സത്യത്തിൽ വായന മരിച്ചിട്ടില്ല. വായനയുടെ മേച്ചിൽപ്പുറം മാറി. പുസ്തകങ്ങളിൽ നിന്നു വായന മൊബൈലിലേക്കും കംപ്യൂട്ടറിലേക്കും വഴിമാറി. സ്കൂൾകുട്ടികൾപോലും ഇന്റർനെറ്റിന്റെ സഹായത്തോടെ വിവരങ്ങൾ ശേഖരിച്ചു പകർത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. രണ്ടു പതിറ്റാണ്ടു മുമ്പ് ട്രെയിനിൽ യാത്രക്കാരെല്ലാം പുസ്തകത്തിൽ മുഖം പൂഴ്ത്തിയിരുന്നെങ്കിൽ ഇന്ന് അവർ മൊബൈൽ ഫോണിൽ തല കുമ്പിട്ടിരിക്കയാണ്. ഈ ഇലക്ട്രോണിക്യുഗത്തിൽ ഇ - വായനയെ നമുക്ക് അവഗണിക്കാനാവില്ല.

ലോക്ഡൗൺകാലത്ത് എല്ലാ ഇടപാടുകളും ഇന്റർനെറ്റിലൂടെയായിരുന്നല്ലോ. ഇപ്പോൾ പഠനവും വീട്ടിലിരുന്ന് ഇന്റർനെറ്റിലൂടെയായി. കൊച്ചുകുട്ടികൾക്കുപോലും മൊബൈൽ സാങ്കേതികവിദ്യകൾ സുപരിചിതമായി. ഈ വളർച്ച ത്വരിതഗതിയിലാണ്. ഓരോ ദിവസവും പുതിയ പുതിയ ആപ്പുകൾ പുറത്തിറങ്ങുന്നു. എന്തിനും ഏതിനും ആപ്പെന്ന നില വരുന്നതോടെ പരമ്പരാഗതപഠനരീതി ഭാവിയിൽ പിന്തള്ളപ്പെടും. വീട്ടിലിരുന്ന് എല്ലാം ചെയ്യാം എന്ന നിലയിലേക്കു കാര്യങ്ങൾ എത്തുമ്പോൾ പബ്ലിക് ലൈബ്രറികളുടെ പ്രസക്തിയും ഇല്ലാതാകും. ഇപ്പോൾത്തന്നെ അത് തീരെ കുറഞ്ഞിരിക്കുന്നു.

അതുകൊണ്ട് കാലത്തിനൊത്ത് നമ്മുടെ ഗ്രന്ഥശാലകൾ പരിഷ്കരിക്കണം. അച്ചടിച്ച പുസ്തകങ്ങളും ആനുകാലികങ്ങളും എന്നപോലെ 'ഇ – ലൈബ്രറി'യുടെ ഇടവും കൂടിച്ചേർന്ന് ആധുനികവൽക്കരിക്കണം ഇനി അവ. പുസ്തകങ്ങൾ വായനക്കാരിലെത്തിക്കാൻ ആധുനികവിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം.

സൗജന്യ ഇൻറർനെറ്റ് സൗകര്യം എല്ലാ ഗ്രന്ഥശാലകളിലും ഒരുക്കണം. എല്ലാ ലൈബ്രറികളെയും കമ്പ്യൂട്ടർശൃംഖലവഴി പരസ്പരം ബന്ധിപ്പിച്ച് കേരളത്തിലെ ഏതു ലൈബ്രറിയിലുമുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ ലോകത്ത് എവിടെനിന്നും ആർക്കും അറിയുവാൻ കഴിയുന്ന രീതിയിൽ സജ്ജീകരിക്കണം. മികച്ച സാഹിത്യകൃതികൾ ഡിജിറ്റൽ രൂപത്തിലാക്കി വായനക്കാരിൽ എത്തിക്കാൻ യത്നിക്കണം. നവമാധ്യമങ്ങളിലെ കൂട്ടായ്മകൾ മുന്നോട്ടുവന്നാൽ പുസ്തകങ്ങളെ സ്നേഹിച്ചിരുന്ന, വായനയെ ഇഷ്ടപ്പെട്ടിരുന്ന ആ പഴയ കേരളത്തെ ഒരുപരിധിവരെ ഇലക്ട്രോണിക് മീഡിയയിലൂടെ നമുക്കു വീണ്ടെടുക്കാനാവും.

# പേപ്പർ വന്ന വഴി






**സഞ്ചാരം**

ഫാ. ഫിലിപ്പ് ഞരളക്കാട്ട്

പപ്പിറസ്, പേപ്പറിന്റെ ആദ്യരൂപമാണെന്നു പറയാം. ആദ്യകാലഗ്രന്ഥങ്ങളിൽ ചിലത് എഴുതപ്പെട്ടത് പപ്പിറസ് താളുകളിലാണ്. ഉദാഹരണമായി വിശുദ്ധ ബൈബിളിന്റെ പുരാതനമായ കൈയെഴുത്തുപ്രതികളിൽ ചിലത് പപ്പിറസിലാണ് എഴുതിയിരിക്കുന്നത്. പേപ്പർ എന്ന വാക്കുണ്ടായത് പപ്പിറസ് എന്ന പേരിൽനിന്നാണ് ഈജിപ്തിലെ നദീതീരത്തും ചെങ്കടലിന്റെ തീരത്തും വളരുന്ന ഒരുതരം ഞാങ്ങണച്ചെടിയിൽനിന്നാണ് പപ്പീറസ് താളുകൾ ഉണ്ടാക്കിയിരുന്നത്. എങ്ങനെയാണ് പപ്പിറസ് കടലാസ് ഉണ്ടാക്കുന്നത് എന്നു കാണിച്ചുതരുവാനുള്ള സംവിധാനങ്ങൾ ഞങ്ങൾ സന്ദർശിച്ച കീ ഓഫ് ലൈഫ് പപ്പിറസ് എന്ന ഫാക്ടറിയിലുണ്ട്. ഫാക്ടറിയുടെ പരിസരത്തായി വെള്ളം നിറച്ച ടാങ്കുകളിൽ പപ്പിറസ് ചെടികൾ നട്ടുവളർത്തിയിട്ടുണ്ട്. രണ്ടുമൂന്നടി ഉയരവും കൈവിരൽ വണ്ണവുമുള്ള തണ്ടുകളോടുകൂടിയ ചെടിയാണിത്. തണ്ടിന് നല്ല പച്ചനിറമാണ്. യന്ത്രസഹായത്താൽ തണ്ടുകൾ ചതച്ചു നാരുകൾ വേർപെടുന്ന അവസരത്തിൽ അവയെ വിടർത്തി അത്തരം പല തണ്ടുകൾ തലങ്ങും വിലങ്ങുമായി ചേർത്തുവച്ച് ആവശ്യത്തിനു വലുപ്പമാകുമ്പോൾ അവയ്ക്കുമുകളിൽ വിലങ്ങനെ വീണ്ടും നാരുകൾ വേർപെടുത്തിയ തണ്ടുകൾ അടുക്കിവച്ച് ഉണങ്ങുന്നതുവരെ പ്രസ് ചെയ്തു വയ്ക്കുന്നു. ഉണങ്ങുമ്പോൾ വെളുത്ത നിറമുള്ള പേപ്പറുപോലെ ചുരുട്ടിയെടുക്കാൻ സാധിക്കും. പപ്പിറസിൽ എഴുതിയ ബൈബിൾ ഭാഗങ്ങളും ചിത്രങ്ങളുമൊക്കെ ഫാക്ടറിയിലെ ഷോറൂമിൽ വില്പനയ്ക്കു വച്ചിട്ടുണ്ട്. നാട്ടിൽ തിരിച്ചുവരുമ്പോൾ സമ്മാനം കൊടുക്കുവാനും മറ്റുമായി പലരും അവയൊക്കെ വാങ്ങുകയുണ്ടായി. ഈജിപ്തിലെ പുരാതന ചിത്രലിപികളിൽ ആലേഖനം ചെയ്ത ബൈബിൾ ഭാഗങ്ങളും വില്പനയ്ക്കു വച്ചിട്ടുണ്ട്. പപ്പിറസ് ഫാക്ടറി സന്ദർശിച്ചതിനുശേഷം ഞങ്ങൾ ഒരു പെർഫ്യൂം ഫാക്ടറി സന്ദർശിക്കുകയുണ്ടായി.



**പെർഫ്യൂം ഫാക്ടറി**

സ്വാഭാവികപൂക്കളിൽനിന്നും സുഗന്ധവസ്തുക്കളിൽനിന്നും വിലയേറിയ സുഗന്ധദ്രവ്യങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറിയാണിത്. ഞങ്ങളുടെ ഗ്രൂപ്പിനെ സ്വീകരിച്ച് ചായ നൽകി സത്കരിച്ചശേഷം അവിടെയുണ്ടാക്കുന്ന സുഗന്ധദ്രവ്യങ്ങളുടെ സവിശേഷതകൾ ഒരാൾ ഞങ്ങൾക്കു വിവരിച്ചുതന്നു. തികച്ചും പ്രകൃതിദത്തമായ സുഗന്ധദ്രവ്യങ്ങളാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. മാർക്കറ്റിൽ കിട്ടുന്ന സുഗന്ധദ്രവ്യങ്ങളിൽ യഥാർത്ഥ സുഗന്ധദ്രവ്യങ്ങൾ വെറും പത്തു ശതമാനമേ കാണുകയുള്ളൂ. ബാക്കി ആൽക്കഹോളം (80%), കെമിക്കലു(10%)കളുമാണ് എന്നവർ വിവരിച്ചു. മനോഹരമായ കുപ്പികളിൽ നിറച്ച് ശുദ്ധമായ സുഗന്ധദ്രവ്യങ്ങൾ വില്പനയ്ക്കു വച്ചിട്ടുണ്ട്. ചിലരെല്ലാം വലിയ വില കൊടുത്ത് അവയൊക്കെ വാങ്ങുന്നതു കണ്ടു.

ഈജിപ്തിലെ സന്ദർശനങ്ങളെല്ലാം പൂർത്തീകരിച്ച് ഞങ്ങൾ ഭക്ഷണം കഴിക്കുവാനായി ഹോട്ടലിലേക്കു നീങ്ങി. ഈജിപ്തിൽനിന്നു പുറപ്പെടുവാൻ ഉദ്ദേശിച്ചിരുന്ന സമയമെല്ലാം തെറ്റി. ഇനിയുള്ള യാത്ര ഈജിപ്തിൽനിന്ന് ഇസ്രായേലിലേക്കാണ്. ആ യാത്രയുടെ ആദ്യഘട്ടം പ്രസിദ്ധമായ സീനാമല വരെയാണ്. ഈജിപ്തിനോടു യാത്ര പറയുകയാണ്. ലോകാദ്ഭുതങ്ങളിൽ ഒന്നായിരുന്ന പിരമിഡുകളും, ഈജിപ്തിനെ നടുവേ വിഭജിച്ചുകൊണ്ട് ഒഴുകുന്ന നൈൽനദിയും തിരുക്കുടുംബത്തിന്റെ പാദസ്പർശംകൊണ്ടനുഗൃഹീതമായ ഹോളിഫാമിലി ദൈവാലയവും പരി. കന്യാമറിയം പ്രത്യക്ഷപ്പെട്ട വിർജിൻ മേരീസ് പള്ളിയും കണ്ട സംതൃപ്തിയോടെ ബൈബിൾ വിവരണങ്ങളിലൂടെ ചിരപരിചിതമായ സീനാമലയുടെ നേരേയാണ് ഞങ്ങളുടെ അടുത്ത യാത്ര.

ഇസ്രായേൽജനം മോശയുടെ നേതൃത്വത്തിൽ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചനം നേടി കാനാൻ ദേശത്തേക്കു സഞ്ചരിച്ച മാർഗ്ഗത്തിൽനിന്ന് അല്പം മാറിയാണ് ഞങ്ങളുടെ യാത്ര തുടങ്ങുന്നത്. സൂയസ് കനാലിനു നേരേയാണു ഞങ്ങൾക്കു സഞ്ചരിക്കേണ്ടത്. കെയ്റോയിൽനിന്ന് സൂയസ് കനാലിലേക്ക് 30 കിലോമീറ്ററോളം വരും. പുറപ്പാടിന്റെ പുസ്തകത്തിലെ വിവരണമനുസരിച്ച് ഇസ്രായേൽജനം (ഉദ്ദേശം 6 ലക്ഷംപേർ) റംസേയിൽനിന്ന് സുക്കോത്തിലേക്ക് കാൽനടയാത്ര ചെയ്തു. ഫിലിസ്ത്യരുടെ നാട്ടിൽ പ്രവേശിക്കാതെ മരുഭൂമിയിലേക്കുള്ള വഴിയിലേക്കു തിരിഞ്ഞ് അവർ ചെങ്കടലിനുനേരേ നടന്നു. ചെങ്കടലിന്റെ തീരത്ത് അവർ പാളയമടിച്ചു. ഇതു ബാൽസെഫാൻ (Baal Zefan) ആയിരിക്കണം എന്നാണ് ബൈബിൾ ഗവേഷകർ കരുതുന്നത്. അവിടെ അവർ വലിയ ഒരു അദ്ഭുതത്തിനു സാക്ഷികളായി. ദൈവനിർദ്ദേശമനുസരിച്ച് മോശ തന്റെ വടി ചെങ്കടലിനു നേരേ നീട്ടിയതും ചെങ്കടൽ രണ്ടായി വിഭജിച്ചതും ഇസ്രായേൽജനം സുരക്ഷിതരായി ചെങ്കടൽ കടന്നതും ബൈബിളിലെ വിവരണങ്ങളിലൊന്നാണ്.

ഞങ്ങളുടെ വാഹനം സൂയസ് കനാലിനു നേരേ നീങ്ങി. ഈജിപ്തിൽനിന്ന് ഇസ്രായേലിലേക്കുള്ള ഇപ്പോഴത്തെ തീർത്ഥാടനപാത തുടങ്ങുന്നത് സൂയസ് കനാൽ മുതലാണ്. മാറാ(Mara)യിൽ എത്തുമ്പോഴേക്ക് പുറപ്പാടിന്റെ കാലത്ത് ഇസ്രായേൽജനം സഞ്ചരിച്ച അതേ സഞ്ചാപാതയിലേക്ക് എത്തിച്ചേരും.

(തുടരും)

# ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ആരെന്നെ വേർപെടുത്തും?

## ക്രൈസ്തവസന്ന്യാസത്തെ അപകീർത്തിപ്പെടുത്തുന്നവർക്കു മറുപടിയുമായി സി. സോണിയ തെരേസ് ഡി.എസ്.ജെ.

സ്വപ്നങ്ങളുടെ തേരിലേറി നേട്ടങ്ങൾ കൊയ്യുവാൻ കഠിനപരിശ്രമം നടത്തിയ ഒരു കായികതാരമായിരുന്നു ഞാൻ. പതിമ്മൂന്നാം വയസ്സ് മുതൽ നാലു കിലോമീറ്റർ നടന്ന് രാവിലെയും വൈകിട്ടും രണ്ടു മണിക്കൂറോളം ഞാൻ കഠിനപരിശീലനം നടത്തിയിരുന്നു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദേശീയതലത്തിലും നേട്ടങ്ങൾ



കൊയ്തപ്പോഴും ചങ്കോടു ചേർത്തു നിർത്തിയ ഒരു വ്യക്തി ഉണ്ടായിരുന്നു: ദൈവപുത്രനായ ക്രിസ്തു. ആ ക്രിസ്തുവിനെ മാറ്റിനിർത്തിയുള്ള യാതൊരു നേട്ടവും ഇന്നുവരെ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

വിജയങ്ങളും പരാജയങ്ങളും ദുഃഖങ്ങളും സന്തോഷങ്ങളും സ്വപ്നങ്ങളും ഏറ്റവുമാദ്യം പങ്കുവച്ചിരുന്നതും ആ ക്രിസ്തുവിനോടു തന്നെയായിരുന്നു. അതുകൊണ്ടായിരിക്കാം ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള തത്രപ്പാടിനിടയിൽ ഒരു ദൈവികസ്വപ്നം എന്റെ സ്വപ്നങ്ങളെ തകിടം മറിച്ചപ്പോൾ ലോകത്തിന്റെ നേട്ടങ്ങളെല്ലാം വെറും നശ്വരമാണെന്ന ബോധ്യം ഉള്ളിലുദിച്ചത്. ദൈവവചനവും വിശുദ്ധ കുർബാനയും അനുദിനം ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഒന്നായിത്തീർന്നപ്പോൾ ക്രിസ്തുവിനോടുള്ള എന്റെ സ്നേഹത്തിന്റെ ആഴവും വർദ്ധിച്ചു. എന്റെ മാതാപിതാക്കളോടും പ്രിയപ്പെട്ടവരോടും ഒരു യുദ്ധംതന്നെ നടത്തേണ്ടിവന്നു എനിക്ക് സന്ന്യാസം സ്വീകരിക്കാൻ.

മഠത്തിൽ ചേരണമെന്ന ആഗ്രഹം വീട്ടിൽ പറഞ്ഞപ്പോൾ ഏതാനും നിമിഷം എന്റെ പ്രിയപ്പെട്ടവർ നിശ്ചലരായി. എത്രയും പെട്ടെന്ന് എന്റെ വിവാഹം നടത്താനാണ് പപ്പയുടെ തീരുമാനമെന്നറിഞ്ഞ് ആദ്യമായി പപ്പയോടു മറുത്തു സംസാരിച്ചത് ഇങ്ങനെയായിരുന്നു: "പ്രായപൂർത്തിയായ ഒരു പെൺകുട്ടിയാണ് ഞാൻ, എന്റെ ജീവിതാന്തസ്സു തിരഞ്ഞെടുക്കേണ്ടതു ഞാനാണ്. എന്റെ സമ്മതമില്ലാതെ നിങ്ങൾ എന്നെ കെട്ടിച്ചുവിടാൻ പരിശ്രമിച്ചാൽ ഞാൻ പള്ളിയിൽ വച്ച് അച്ചനോട് എനിക്കു വിവാഹത്തിനു സമ്മതം അല്ല എന്നു തുറന്നുപറയും."

എന്റെ ഈ സംസാരം എന്റെ വീടിനെ ഒരു മരണവീടിനു തുല്യമാക്കി. കുടുംബാംഗങ്ങളുടെയും മറ്റു ബന്ധുക്കളുടെയും പിന്തിരിപ്പിക്കലുകൾക്കൊന്നും എന്റെ ഉള്ളിലെ തീക്ഷ്ണതയെ കെടുത്തുവാൻ കഴിഞ്ഞില്ല.

മാതാപിതാക്കളെ വേദനിപ്പിച്ചുകൊണ്ട് സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുത്ത ഒരു വഴിയായതിനാൽ അവരുടെ മുമ്പിൽ കൈകൾ നീട്ടാൻ എന്നിലെ അഹം അനുവദിച്ചില്ല. ഒരുദിവസം അനുജത്തിയെ കൂട്ടിക്കൊണ്ട് കട്ടപ്പനയിലുള്ള ഒരു സ്വർണക്കടയിൽ എന്റെ കഴുത്തിൽ കിടന്ന മാല വിറ്റിട്ട് മഠത്തിലേക്കു കൊണ്ടുപോകുവാനുള്ള വസ്ത്രങ്ങളും പെട്ടിയും മറ്റു സാധനങ്ങളും വാങ്ങി.

2004 ജൂലൈ 5ന് കോൺവെന്റിൽ എന്നെ കൊണ്ടുചെന്നാക്കുമ്പോഴും ഞാൻ വേഗം മടങ്ങിവരും എന്നാണ് എല്ലാവരും കരുതിയിരുന്നത്. ഒരു വർഷവും രണ്ടുവർഷവും വേഗം കടന്നുപോയി. പക്ഷേ, എന്റെ തീരുമാനത്തിനു മാറ്റമില്ലാതായപ്പോൾ പ്രിയപ്പെട്ടവരിൽ ചിലർ എന്നെ പിന്തിരിപ്പിക്കുവാൻ കഠിനപരിശ്രമം നടത്തി. അന്നുവരെ ദൈവവചനത്തിനു ജീവിതത്തിൽ അധികമൊന്നും പ്രാധാന്യം നൽകാതിരുന്ന എന്റെ പപ്പാ ബൈബിൾ ആദ്യം മുതൽ വായിക്കുവാൻ തുടങ്ങി. 'തലതിരിഞ്ഞു' പോയ മകളെ പിന്തിരിപ്പിച്ചു കൊണ്ടുവരുവാനുള്ള ചോദ്യങ്ങളും ഉത്തരങ്ങളും അന്വേഷിച്ചായിരുന്നു പപ്പായുടെ ബൈബിൾ വായന. ഓരോ പ്രാവശ്യവും അവധിക്കു ഞാൻ വീട്ടിൽ വരുമ്പോൾ എന്റെ പ്രിയപ്പെട്ടവർ എന്നെ പിന്തിരിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു.



16 വർഷത്തിനുശേഷം ഇന്ന് എന്റെ പ്രിയപ്പെട്ടവർ സി. സോണിയ തെരേസ് എന്ന യാഥാർത്ഥ്യത്തെ പതിയെ അംഗീകരിച്ചു തുടങ്ങി. കെട്ടിച്ചുവിടാൻ കാശില്ലാഞ്ഞിട്ടോ കല്യാണപ്രായം കഴിഞ്ഞിട്ട് ചെറുക്കനെ കിട്ടാഞ്ഞിട്ടോ അല്ല ഞാൻ മഠത്തിൽ പോയത്.

ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്ന് ആര് നിങ്ങളെ വേർപെടുത്തുമെന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ എഴുതിയിരിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം വ്യക്തമായി അനുഭവിച്ചറിഞ്ഞ ഒരു യഥാർത്ഥ സന്ന്യാസിനി ഈ സമൂഹത്തിൽനിന്നുയരുന്ന നിന്ദനങ്ങളോ അപവാദങ്ങളോ ക്ലേശങ്ങളോ കണ്ടു ഭയപ്പെടില്ല. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ഇവയൊന്നും അവളെ വേർപെടുത്തില്ല. വ്യാജവാർത്തകൾകൊണ്ട് സന്ന്യസ്തരെ അപമാനിക്കുന്ന, മനഃസാക്ഷി മരവിച്ചുപോയ വ്യക്തികളുടെ മാനസാന്തരത്തിനുവേണ്ടി നിശ്ശബ്ദമായി പ്രാർത്ഥിക്കുന്നു.

□

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ രക്ഷിക്കുന്നു.

സങ്കീർത്തനം 34:7

എഡിറ്റോറിയൽ

# പരീക്ഷാനടത്തിപ്പ് പ്രഹസനമാകരുത്

**വി**ദ്യാഭ്യാസരംഗത്തെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളും നിയമവ്യാഖ്യാനങ്ങളും രീതിഭേദങ്ങളുംകൊണ്ട് വിവാദപൂർണമാണ് എല്ലാക്കാലത്തും നമ്മുടെ സർവ്വകലാശാലകൾ. പരീക്ഷാകേന്ദ്രിതമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തെത്തന്നെ നിശിതമായി വിമർശിക്കുന്നവരുടെ എണ്ണം ഇന്നു കുറവല്ല. കുട്ടിയുടെ പ്രതിഭാവിലാസമോ നിപുണതയോ ക്രിയാത്മകശേഷിയോ ഒന്നും അളക്കാനാവാതെ, ഓർമ്മയുടെ തലത്തിൽമാത്രം നടക്കുന്ന ഒരു ബൗദ്ധികപ്രക്രിയയായി പരീക്ഷകൾ അധഃപതിക്കുകയാണ്. ആയതിനാൽ, ചോദ്യം ചെയ്യപ്പെടുന്ന പരീക്ഷകളെക്കുറിച്ചും അവയുടെ സുതാര്യമല്ലാത്ത നടത്തിപ്പിനെക്കുറിച്ചും ചർച്ചകളുണ്ടാവുന്നതും പൊളിച്ചെഴുത്തുകൾ നിർദ്ദേശിക്കുന്നതും സ്വാഭാവികം.

കൊച്ചിസർവ്വകലാശാലയിൽ ഓൺലൈൻ മുഖേന ഈയിടെ നടത്തുന്ന പരീക്ഷകളെ ചുറ്റിപ്പറ്റിയാണ് വിവാദം ചൂടുപിടിച്ചിരിക്കുന്നത്. അവസാനസെമസ്റ്റർ ബിരുദാനന്തരബിരുദപരീക്ഷകൾ വിദ്യാർത്ഥികൾക്കു വീട്ടിലിരുന്ന് എഴുതാമെന്നതാണു വിവാദത്തിനു നിദാനം.

പരീക്ഷ വീട്ടിലിരുന്നെഴുതിയാൽ കോപ്പിയടിക്കു സാധ്യതയുണ്ട് എന്നതാണു പ്രശ്നം. കോളജിൽ പരീക്ഷാകൺട്രോളറുടെയും ഇൻവിജിലേറ്ററുടെയുമൊക്കെ നിയന്ത്രണത്തിൽ നടത്തുന്ന പരീക്ഷകൾക്കുവരെ കോപ്പിയടിയും അതിനെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങളും അരങ്ങുതകർക്കുന്നതിനിടയിലാണ് വീട്ടിലിരുന്നു പരീക്ഷയെഴുതുന്നതിന്റെ സുതാര്യതയും സത്യസന്ധതയും ചോദ്യം ചെയ്യപ്പെടുന്നത്.

ഓൺലൈൻ രീതിയിൽ എഴുതാവുന്ന ഒബ്ജക്ടീവ് രൂപേണയുള്ള ചോദ്യങ്ങളല്ല, വിവരണാത്മകചോദ്യങ്ങളാണത്രേ പരീക്ഷയിലുൾപ്പെടുന്നത്. അതുകൊണ്ടുതന്നെ വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ പുസ്തകസഹായത്താലെഴുതാനും പരസഹായം ലഭ്യമാക്കാനും തടസ്സമുണ്ടാവില്ലെന്ന് ഉന്നതവിദ്യാഭ്യാസസംരക്ഷണസമിതി കുറ്റപ്പെടുത്തുകയുണ്ടായി. വീട്ടിലിരുന്ന് പരീക്ഷയെഴുതുന്ന രീതി നടപ്പാക്കരുതെന്നാണ് സമിതിയുടെ ആവശ്യം.

മൂന്നു മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷയുടെ ചോദ്യക്കടലാസ് വിദ്യാർത്ഥികൾക്ക് ഇ-മെയിലിൽ സർവ്വകലാശാല നിശ്ചയിച്ച ടൈംഷെഡ്യൂൾ പ്രകാരം അയച്ചുകൊടുക്കും. വെള്ളക്കടലാസിൽ ഒരു വശത്തു മാത്രം ഉത്തരമെഴുതണം. പരീക്ഷയാരംഭിച്ച് അര മണിക്കൂർ ഇടവിട്ട് ഉത്തരക്കടലാസുകൾ വിദ്യാർത്ഥികൾ സ്കാൻ ചെയ്ത് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. അപ്രകാരം ചെയ്യാൻ കഴിയാത്തവർക്ക് ഇ-മെയിലായി അയയ്ക്കാനും സാധിക്കും.

നിലവിലുള്ള പരീക്ഷാച്ചട്ടങ്ങൾക്കു വിരുദ്ധമാണ് ഈ നടപടിയെങ്കിലും പുതിയ സാഹചര്യത്തിൽ ഓൺലൈനായി പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്നത് വിദ്യാർത്ഥികൾക്കു പരസ്പരം ബന്ധപ്പെടാനും, മുൻകൂട്ടി തയ്യാറാക്കിയ ഉത്തരക്കടലാസുകൾ ചോദ്യനമ്പറിട്ട് അപ്‌ലോഡ് ചെയ്യാനുമൊക്കെ അവസരമുണ്ടാകുമെന്നാണ് നിരീക്ഷകർ പറയുന്നത്. കേരളത്തിലെ ഇതരസർവ്വകലാശാലകൾ അവസാനബിരുദപരീക്ഷകൾ പതിവുപോലെ ഇപ്പോൾ നടത്തുന്ന സ്ഥിതിക്ക്, ആയിരത്തിനു താഴെ മാത്രം ബിരുദാനന്തരബിരുദവിദ്യാർത്ഥികൾ പഠിക്കുന്ന കുസാറ്റിനും പ്രസ്തുതരീതി അവലംബിക്കാമായിരുന്നില്ലേ എന്ന ചോദ്യമാണ് ഉയർന്നുകേൾക്കുന്നത്. സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുള്ള സർവകലാശാലകൾ ഓൺലൈൻ പരീക്ഷകൾ ശാസ്ത്രീയമായി നടത്തുന്നുണ്ടാവാം. അവിടെ വിജയിക്കുന്നുമുണ്ടാവാം. കേരളത്തിലെ ശാസ്ത്രസാങ്കേതികസർവ്വകലാശാലകൾ ഓൺലൈനിന്റെ പേരു മാത്രം പറഞ്ഞ് പരീക്ഷകളെ പ്രഹസനമാക്കുന്നുവെന്നാണ് ആരോപണം. കോപ്പിയടിക്കാനും തെറ്റു ചെയ്യാനും അലസരായിരിക്കാനുമൊക്കെ ഇതുവഴി കുട്ടികൾ അവസരം കണ്ടെത്തുന്നു.

ആയതിനാൽ, കുസാറ്റൊരുക്കുന്ന പരീക്ഷാസമ്പ്രദായം മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിനു ഗുണകരമോ എന്ന് ഉത്തരവാദിത്വപ്പെട്ടവർ ചിന്തിക്കേണ്ടതാണ്. നമ്മുടെ കുട്ടികളെ സത്യസന്ധരായി വളർത്താനും അധ്വാനിച്ചു പഠിക്കാനും അങ്ങനെ ഉയരങ്ങൾ താണ്ടാനും പ്രേരിപ്പിക്കുന്ന സുതാര്യതയുള്ള പരീക്ഷാസമ്പ്രദായം ഏതു പരിഷ്കാരത്തിലും നഷ്ടമായിക്കൂടാ. ▯

# ഐ.എ.എസ്. തിരഞ്ഞെടുപ്പുരീതി: ഇനിയുമൊന്നു മാറ്റിക്കൂടേ?



പ്രതികരണം

ഡിഗ്രിതലംവരെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് പഠിച്ച വിഷയങ്ങൾക്കു പുറമേ ചില വിഷയങ്ങൾകൂടെ സ്വകാര്യപഠനം നടത്തി പരീക്ഷയും ഇന്റർവ്യൂവും കഴിഞ്ഞ് IASലേക്കു തെരഞ്ഞെടുപ്പു നടത്തുന്ന ഇന്നത്തെ രീതി പൊതുഭരണത്തിലേക്കു സമർത്ഥരെ കിട്ടാൻ പര്യാപ്തമോ..? പക്വതയും ലോകപരിജ്ഞാനവും ഒരു സമഗ്രജീവിതവീക്ഷണവും സമചിത്തതയും പോലെ, ഒരു ഭരണകർത്താവിനു വേണ്ട ഒരു ഗുണവും ആർജിക്കുവാൻ ഡിഗ്രിതലം വരെയുള്ള ഇന്നത്തെ പൊതുവിദ്യാഭ്യാസം ഉപകരിക്കുന്നില്ല. എംബിബിഎസും എൻജിനീയറിങ്ങും ഡിഗ്രിതലംവരെയുള്ള പൊതുവിഷയങ്ങളും വളരെ ഇടുങ്ങിയ സിലബസിൽ ഒതുങ്ങുന്നതാണ്. എംബിബിസ്/എൻജനിയറിങ്ങ് കഴിയുന്ന ഒരു വിദ്യാർത്ഥിക്ക് കാര്യമായ ഒരു ലോകപരിജ്ഞാനവും കിട്ടുന്നില്ല. കൃഷി, മനുഷ്യമനഃശാസ്ത്രം, ഉത്തമകുടുംബജീവിതം ഇതൊന്നും ഇന്നത്തെ കുട്ടികൾ കാണുന്നതേയില്ല. ചില വിഷയങ്ങൾ പഠിച്ച് പരീക്ഷകളിൽ ഉന്നതമാർക്കു വാങ്ങുന്നതും കാര്യനിർവഹണശേഷിയും തമ്മിൽ നേരിട്ടു ബന്ധമില്ലെന്ന് എത്രയോ IASകാരുടെ അനുഭവത്തിൽനിന്നും ഇതിനകം വ്യക്തമായിട്ടുണ്ട്!

അതുകൊണ്ട്, ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് പ്ലസ് റ്റു ലെവലിൽ തിരഞ്ഞെടുപ്പു നടത്തി, അഞ്ചു വർഷത്തെയെങ്കിലും സ്പെഷ്യൽ കോഴ്സ് പഠിപ്പിച്ച്, പടിപടിയായി വിജയിക്കുന്നവരെ മാത്രം IAS സർവീസിലേക്കു ചേർക്കണം. ഭരണരംഗത്തെ ആധുനിക വെല്ലുവിളികളെ നേരിടാൻ യുവതയെ പര്യാപ്തരാക്കുന്ന ഒരു സമഗ്രസിലബസും പരിശീലനപരിപാടിയും ഉൾക്കൊള്ളുന്നതാവണം ഈ കോഴ്സ്. പ്രശ്നങ്ങളെ പക്വതയും എളിമയും വിട്ടു കളയാതെ നേരിടാൻ ഇവർക്കു ചെറുപ്പത്തിലേ ശിക്ഷണം കിട്ടണം. ഈ കോഴ്സിൽ നിശ്ചിത നിലവാരത്തിലെത്താൻ കഴിയാത്തവരെ ഇടയ്ക്കുവച്ച് അവർക്കു യുക്തമായ മറ്റു സർവീസിലേക്ക് ഉൾക്കൊള്ളണം. ഒരിക്കൽ തിരഞ്ഞെടുത്തവരെ പിരിച്ചുവിടാനും പാടില്ല.

ഏറെ ചിന്തിക്കേണ്ട വിഷയമാണിത്.

ഇപ്പോഴത്തെ രീതി ഉപേക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈ രീതിയിലൂടെ ഭരണതലപ്പത്തു വരുന്നവർക്ക് ചിലർക്കെങ്കിലും സ്വഭാവമഹിമയിൽ ഉൾപ്പെടെ പലവിധ പോരായ്മകൾ വ്യക്തമാണ്.

# കൊറോണാ തുറന്നുകാട്ടിയ സത്യം

ആധുനിക ഐ.റ്റി.വിപ്ലവം ദൂരവും സമയവുമെല്ലാം തീരെ നിസാരമാക്കി മാറ്റി. ലോകത്തിൽ എവിടെയും മനുഷ്യനു വളരെ കുറഞ്ഞ സമയം കൊണ്ട് പോകാമെന്നും ജോലി ചെയ്ത് അവിടങ്ങളിലെ സംസകാരം ഉൾക്കൊണ്ട് ആ രാജ്യത്തു സ്ഥിരജീവിതമാകാമെന്നും ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ തൊഴിലാളി സമൂഹം കൂട്ടത്തോടെ രാജ്യത്തിനുള്ളിൽത്തന്നെയുള്ള അന്യദേശങ്ങളിലേക്കു തൊഴിൽതേടി പോവുകയും അവിടങ്ങളിൽ വാസമുറപ്പിക്കുകയും ചെയ്തു.

'അതിഥിത്തൊഴിലാളി' എന്ന മനോഹരസംജ്ഞയുമുണ്ടായി.

ജനസംഖ്യ കുറവുള്ള വിദേശരാജ്യങ്ങളിലേക്ക് ഏഷ്യയിൽനിന്ന് പ്രത്യേകിച്ച് കേരളത്തിൽനിന്നും വൻതോതിൽ കുടിയേറ്റം നടന്നുവരികയാണ്.

അപ്പോൾ, ആർക്കും ലോകത്തെവിടെയും പോയി സുഖമായി പാർക്കാമെന്ന അവസ്ഥ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ പ്രതിഫലനം സർവലോകത്തെയും പല തരത്തിൽ ആഴത്തിൽ സ്വാധീനിച്ചു തുടങ്ങിയിരുന്നു.

എന്നാലിപ്പോൾ കോവിഡു വന്നിരിക്കുന്നു. ലോകമാകമാനം പുതിയൊരു ധാരണ പരന്നോ സ്വന്തം നാടാണ് ആർക്കും സുരക്ഷിതം.

ആപത്തു കാലത്തു സ്വദേശത്തേക്കു മടങ്ങുകയാണു ബുദ്ധി. നല്ല തൊഴിലും സുഖജീവിതവും വിശാലമായ വ്യക്തിസ്വാതന്ത്ര്യവും പല വിദേശരാജ്യങ്ങളിലുമുണ്ടെങ്കിലും വിപൽഘട്ടം വന്നാൽ അതൊന്നും കാര്യമാക്കാതെ കഴിവതും വേഗം നാടണയുക, വീട്ടിൽ വരിക, ഉറ്റവരോടും ഉടയവരോടും ചേരുക, പിറന്ന നാടും ബന്ധുജനങ്ങളും നമ്മെ കൈവിടുകയില്ല .....

ലോകമേ തറവാട് എന്നതൊരു മിഥ്യ മാത്രമോ?

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# ‘സാലറി’യുടെ (അധഃ)പതനം



ഡോ. തോമസ് മൂലയിൽ

**സാ**ലറി നൽകുന്ന സമ്പ്രദായം ആരംഭിക്കുന്നത് ‘നിയോലിത്തിക്’ (neolithic) വിപ്ലവസമയത്ത്, ബി.സി 10,000-നും 6000-നും ഇടയിലുള്ള കാലഘട്ടത്തിലായിരിക്കാമെന്നാണ് പൊതുവേയുള്ള നിഗമനം. എ. ഡി 301-ൽ ഡയോക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് പട്ടാളക്കാർക്ക് സ്വർണ്ണനാണയങ്ങൾ നൽകിയിരുന്നതായി രേഖകളുണ്ട്. മധ്യമകാലഘട്ടത്തിൽ പോലും സാലറിക്കു നിയതരൂപം ഉണ്ടായിട്ടില്ല എന്നാണ് പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ചരക്കിനു പകരം ചരക്കു കൈമാറുന്ന ‘ബാർട്ടറിംഗ് സിസ്റ്റം’ (Bartering System) ആയിരുന്നു നിലവിലിരുന്നത്.

നമ്മുടെ നാട്ടിലും പണ്ടുകാലത്ത് കൈമാറ്റക്കച്ചവടം (Bartering System) നിലവിലിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് നാണയങ്ങൾ നിലവിലുണ്ടായിരുന്നിട്ടുപോലും ഈ സമ്പ്രദായം തുടർന്നുപോന്നു. വേതനനിർണ്ണയകാര്യത്തിൽ, രാജഭരണകാലത്തു രാജനീതിയായിരുന്നു. ബ്രിട്ടീഷുഭരണകാലത്ത് അവരുടെ നിയമവ്യവസ്ഥിതിയനുസരിച്ചുള്ള വേതനരീതിയും തുടർന്നുപോന്നു.

സ്വതന്ത്ര ഇന്ത്യയിൽ 1952-ലെ സാലറീസ് ആൻഡ് അലവൻസ് ഓഫ് ഓഫീസേഴ്സസ് ഓഫ് പാർലമെന്റ് ആക്ട് പ്രകാരം വ്യവസ്ഥാപിതമായി സാലറി നല്കുന്ന രീതി നിലവിൽ വന്നു. കേരളത്തിൽ 1956-ൽ സംസ്ഥാനം നിലവിൽ വന്നയുടനെ 1957-ൽ അന്നുവരെ തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്തും മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായി നിന്ന മലബാർ ഡിസ്ട്രിക്റ്റിലുണ്ടായിരുന്ന ശമ്പളവ്യവസ്ഥിതിയെ ഏകീകരിക്കുന്നതിനു ശ്രീശങ്കരനാരായണ അയ്യർ ചെയർമാനായി പേ കമ്മീഷൻ (Pay commission) രൂപീകരിച്ചു. 1965-ൽ പേ കമ്മീഷൻ പൂർണ്ണമായ രൂപത്തിൽ പ്രാബല്യത്തിൽ വരികയും ചെയ്തു. അങ്ങനെ, നമ്മുടെ നാട്ടിൽ വ്യവസ്ഥാപിതമായ സാലറി സമ്പ്രദായം ഉണ്ടായി. കേന്ദ്രത്തിൽ പാർലമെന്റും കേരളത്തിൽ അസംബ്ലിയും നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുകയും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

സാലറിയുടെ ഉദ്ഭവത്തിന്റെയും ഗതിയുടെയും സാമാന്യരൂപമിതാണ്. ഇനി, അവശേഷിക്കുന്നതു പതനമാണ്. പതനമാണോ അധഃപതനമാണോ എന്ന കാര്യം പഠനവിഷയമാക്കേണ്ടതുണ്ട്.

കേരളത്തിൽ സാലറി ‘പതി’ച്ചു കിട്ടിയിട്ടുള്ള ഭാഗ്യശാലികൾ 5,15,689 പേരാണ്. ഇതിൽ 3, 77,065 സർക്കാർ ജീവനക്കാരും 1,38,574 അധ്യാപകരുമാണ്. ആകെ 3,51,22,966 മനുഷ്യരുള്ള കേരളത്തിൽ 3,46,07,927 പേരും നിർഭാഗ്യരുടെ ലിസ്റ്റിലാണ്. സാമാന്യം ഭേദപ്പെട്ട സർക്കാർ ജോലിയിൽ സാമാന്യം മെച്ചപ്പെട്ട തുക അലവൻസ് ഇനത്തിലുമുണ്ട്. അതിനു പുറമേ, മരണം വരെ പെൻഷനും കിട്ടും. ഈ ഭാഗ്യശാലികളെ തീറ്റിപ്പോറ്റേണ്ട ഉത്തരവാദിത്വവും നിർഭാഗ്യരുടേതാണ്.

റവന്യൂ വരുമാനത്തിന്റെ 60%ത്തോളം ശമ്പളത്തിനും പെൻഷനുമായാണു ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. 2,700 കോടിയിലേറെയാണ് ശമ്പളത്തിനുമാത്രം വേണ്ടത്. ശമ്പളം പരിഷ്കരിക്കുന്നതിനു വേണ്ടി ഒരു കമ്മീഷൻ തന്നെയുണ്ട്. കമ്മീഷനാകുമ്പോൾ സാലറി കാണുകേലായിരിക്കും. അപ്പോൾ ഓമനപ്പേരിൽ ‘അലവൻസ്’ എന്നാകും നല്കുന്ന തുകയുടെ പേര്. അവരുടെ ജോലി എന്നു പറയുന്നത് ഈ ഭാഗ്യശാലികളുടെ ഭാഗ്യം വർദ്ധിപ്പിക്കുക എന്ന ഒരേയൊരു കാര്യമാണ്. ശമ്പളം പരിഷ്കരിക്കുമ്പോൾ, നിലവിലുള്ളതു വർദ്ധിപ്പിക്കുക എന്നല്ലാതെ ശമ്പളയിനത്തിൽ കൊടുക്കുന്ന തുകയുടെ ന്യായന്യായങ്ങൾ പരിശോധിക്കാനോ അഞ്ചുരൂപയെങ്കിലും കുറയ്ക്കാനോ വകുപ്പില്ല. ശമ്പളപരിഷ്കരണക്കമ്മീഷൻ എന്നതിനു പകരം ശമ്പളവർദ്ധനക്കമ്മീഷൻ എന്നാകുന്നതാവും ശരി.



കഴിഞ്ഞവർഷം ശമ്പളപരിഷ്കരണം വഴി 7500 കോടിയുടെ അധികച്ചെലവാണുണ്ടായത് എന്നു പഠനങ്ങൾ വ്യക്തമാക്കുന്നു. ഓമനപ്പേരിലറിയപ്പെടുന്ന ഒരു സ്പെഷ്യൽ വിഭാഗമാണ് ‘കമ്മീഷൻ’ തൊഴിലാളികൾ. ഉദാഹരണത്തിന് ഭരണപരിഷ്കരണകമ്മീഷൻ, മുന്നാക്ക വികസന കമ്മീഷൻ, പിന്നെ മുൻപു സൂചിപ്പിച്ച ശമ്പളപരിഷ്ക്കരണകമ്മീഷൻ...! സെക്രട്ടറിയേറ്റിൽ അഡീഷണൽ, ജോയിന്റ്, ഡെപ്യൂട്ടി എന്നിങ്ങനെ ജോലിയില്ലാത്ത ഒട്ടേറെ തസ്തികകൾ ഉണ്ടെന്ന് ഈയിടെ പത്രവാർത്ത കണ്ടു. അതുപോലെ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ വേണ്ടത് 450 പേർ; നിലവിലുള്ളതാകട്ടെ 750 പേർ. മന്ത്രിമാർക്കും കാബിനറ്റ് റാങ്കിലുള്ളവർക്കും അവരുടെ തൊഴിലിനു പുറമേ സ്വന്തം നിലയിൽ തൊഴിൽ സൃഷ്ടിക്കാനുള്ള വകുപ്പുണ്ട്. ഉദാഹരണമാണ് പേഴ്സണൽ സ്റ്റാഫ്. ഒരു മന്ത്രിക്കോ ക്യാബിനറ്റ് റാങ്കിലുള്ള ഒരാൾക്കോ 30 പേഴ്സണൽ സ്റ്റാഫ് വരെയാകാം. രണ്ടു കൊല്ലം കഴിയുമ്പോൾ പെൻഷനും കിട്ടും. അപ്പോൾ ഒരു ഷിഫ്റ്റ് ക്രമീകരിച്ചാൽ 50 പേരെയെങ്കിലും തൊഴിലാളികളാക്കാം.

തൊഴിൽരഹിതർക്കുള്ള തൊഴിലാണ് രാഷ്ട്രീയം. അതിലൂടെ ഒരു ജനപ്രതിനിധിയായി തിരഞ്ഞെടുപ്പു കഴിഞ്ഞാൽ, അവനും അവന്റെ കുടുംബവും രക്ഷപ്പെട്ടു. ഒരു എം.പിയുടെ സാലറി രണ്ടുലക്ഷം രൂപാ, ഒരു എം.എൽ. എ. യുടേത് ഒരു ലക്ഷം രൂപാ. നാലു തവണ എം.പി.യോ എം.എൽ.യോ ആയാൽ അയാൾക്ക് നാലു പെൻഷൻ. ‘ഉള്ളവന് കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുകൂടി എടുക്കപ്പെടും’ എന്ന ബൈബിൾവാക്യം ഓർത്ത് സാലറിയില്ലാത്തവൻ ആശ്വസിക്കട്ടെ.

■

---

## അരങ്ങും അണിയറയും

20



ജോസ് താന

# ഏഴു നടികളും രണ്ടര നടന്മാരും!



**1990**ലാണ് ഞാൻ ഏറ്റവുമധികം കാലം അഭിനയിച്ച സമിതിയായ ചങ്ങനാശ്ശേരി അണിയറയുടെ ആരംഭം. ആദ്യനാടകംതന്നെ വൻഹിറ്റായി. അതിനു കാരണവുമുണ്ട്. സാധാരണ നാടകങ്ങളിൽ നടീനടന്മാരുടെ അനുപാതം 2:7 അല്ലെങ്കിൽ 3:7 ആയിരുന്നു. എന്നുവച്ചാൽ, 2-3 നടികളും 7 നടന്മാരും. അണിയറയുടെ നാടകത്തിൽ അതു നേരേ തിരിച്ചായിരുന്നു. ഏഴു സ്ത്രീകളും രണ്ടു പുരുഷന്മാരും. നാടകസ്ഥലത്തെത്തിയാൽ വളരെ നിറപ്പകിട്ടാർന്ന കാഴ്ചകളായിരുന്നു കണ്ടുനിൽക്കുന്നവർക്ക്. ഏഴു തരുണീമണികൾ നാടകവണ്ടിയിൽനിന്നിറങ്ങുന്ന നയനാനന്ദകരമായ കാഴ്ച ആ നാടകം ഒന്നു കാണണമെന്ന തോന്നൽ ആരിലും ഉളവാക്കാൻ പര്യാപ്തമായിരുന്നു. നിറഞ്ഞ സദസ്സുകളായിരുന്നു അണിയറയുടെ ആദ്യനാടകമായ ‘വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കുങ്കമക്കര’യെ എവിടെയും എതിരേറ്റിരുന്നത്.

നാടകം ആരംഭിക്കുന്നത് ഒരു മുനിസിപ്പൽ സൈറണോടെയാണ്. ജോലി കഴിഞ്ഞ് ഹോസ്റ്റലിലേക്ക് ഓരോരുത്തരായി എത്തിച്ചേരുന്നു. ഹോസ്റ്റലിലെ അന്തേവാസികളിലൊരാൾ കൊല്ലപ്പെടുന്നു. തുടർന്നുള്ള അന്വേഷണങ്ങളും അനുബന്ധസംഭവങ്ങളുമാണ് നാടകത്തിന്റെ ഇതിവൃത്തം. പ്രഗല്ഭനാടകകൃത്തായ സി. കെ. ശശി അതീവരസകരമായാണ് അതിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. ആദ്യവർഷം തന്നെ ഇരുന്നൂറു നാടകങ്ങൾ കളിച്ചു എന്നത് അതിന്റെ ജനപ്രീതിക്കു തെളിവാണല്ലോ.

ഈ നാടകത്തിൽ രണ്ടു നടന്മാർ എന്നു പറഞ്ഞതു പൂർണമായും ശരിയല്ല. അതിൽ ഒരു അരനടൻകൂടിയുണ്ടായിരുന്നു. അതു മറ്റാരുമല്ല, സമിതിയുടെ സെക്രട്ടറി മക്കത്ത് ആയിരുന്നു. ഒരു പയ്യനെപ്പോലെയിരുന്ന മക്കത്ത് ഹോസ്റ്റൽ ബോയി ആയി മൂന്നു പ്രാവശ്യം രംഗത്തുവരുന്നുണ്ട്. അതുകൊണ്ട് മറ്റുള്ളവർ ഞങ്ങളെ ഏഴു നടികളും രണ്ടര നടന്മാരും ഉള്ള നാടകം എന്നു പറഞ്ഞാണ് കളിയാക്കിയിരുന്നത്.

ഇടുക്കി ജില്ലയിലെ കുളമാവിനടുത്ത് കുരുതിക്കളം എന്നൊരു സ്ഥലമുണ്ട്. മൂലമറ്റത്തിനും കുളമാവിനും ഇടയിലുള്ള 12 ഹെയർപിൻ വളവുകൾ ആരംഭിക്കുന്നത് കുരുതിക്കളത്തുനിന്നാണ്. അവിടെ അമ്പലത്തിലെ ഉത്സവത്തിന് ഈ നാടകം കളിക്കുന്നു. അവിടത്തെ ഒരു പ്രത്യേകത നാടകത്തിന് പ്രത്യേകം കെട്ടിപ്പൊക്കിയ സ്റ്റേജ് ഇല്ലായിരുന്നു എന്നതാണ്. തറനിരപ്പിലുള്ള സ്റ്റേജിനു മുമ്പിലായി ഒരു കുന്നാണ്. ആളുകൾ ഗാലറിയിലിരുന്ന് കാണുന്നതുപോലെയാണ് ഈ നാടകം കണ്ടുകൊണ്ടിരുന്നത്. നേരത്തേ സൂചിപ്പിച്ചതുപോലെ നാടകം തുടങ്ങി ഒരു മണിക്കൂറോളം സ്ത്രീകഥാപാത്രങ്ങൾ മാത്രമേയുള്ളൂ സ്റ്റേജിൽ. ഇടയ്ക്ക് ഒരു പ്രാവശ്യം നമ്മുടെ അരനടൻ മാത്രം വരുന്നുണ്ട്. നാടകം തുടങ്ങി അരമണിക്കൂർ കഴിയുമ്പോൾ ഒരു സംഘഗാനമാണ്. പാട്ടും നൃത്തവും എല്ലാം വളരെ കളർഫുൾ! കാണികൾ അതുകണ്ട് ആസ്വദിച്ചിരിക്കുകയാണ്. പെട്ടെന്ന് നടികളുടെ ഉറക്കെയുള്ള കരച്ചിൽ! കാണികളുടെ ആരവം! സർവ്വത്ര ബഹളം! ശബ്ദം കേട്ട് ഓടിവന്ന ഞങ്ങൾ കാണുന്നത് സ്റ്റേജിന്റെ നടുക്ക് ഒരു പയ്യൻ മുറുക്കിച്ചുവപ്പിച്ച് ഒരു വടിയുമായി നൃത്തം ചവിട്ടുന്നതാണ്. നടിമാരുടെ കൈകളിൽ പിടിച്ച് ഡാൻസ് ചെയ്യാൻ ശ്രമിക്കുകയാണവൻ. ഒരു നിക്കർ മാത്രമാണവൻ ധരിച്ചിരുന്നത്. അവിടുത്തെ ആദിവാസികളിൽ ഒരുത്തൻ കഞ്ചാവു തലയ്ക്കുപിടിച്ചിട്ട് ഓടിക്കയറിയതായിരുന്നു. കാണികൾ വിചാരിച്ചത് അതു നാടകത്തിൽ ഉള്ളതുതന്നെയാണെന്നായിരുന്നു. ഞങ്ങളുടെ അരനടന്റെ അതേ വേഷം! ഉടൻതന്നെ ഞങ്ങൾ കർട്ടനിട്ടു. വളരെ കഷ്ടപ്പെടേണ്ടി വന്നു അവനെ ഒന്നിറക്കിവിട്ടിട്ട് നാടകം തുടരാൻ. അപ്പോഴാണ് കാണികൾക്കും കാര്യം മനസ്സിലായത്.

■

# ചരിത്രപരമായ അബദ്ധങ്ങൾ ആവർത്തിക്കരുത്






ഡോ. കുര്യാസ് കുമ്പളക്കുഴി

**മാ**റ്റത്തിനു മാത്രമേ മാറ്റമില്ലാതുള്ളൂ എന്ന സിദ്ധാന്തം അവതരിപ്പിച്ചത് ബി.സി. 500 ൽ ജീവിച്ചിരുന്ന ഗ്രീക്കുചിന്തകൻ ഹെറാക്ലീറ്റസാണ്. കമ്യൂണിസ്റ്റുസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവു കാൾ മാർക്സിന് ഏറ്റവും പ്രിയങ്കരമായ ദർശനമായിരുന്നു ഇത്.

ഈ സിദ്ധാന്തം നിരന്തരം അധരംകൊണ്ടുരുക്കഴിക്കുന്ന മാർക്സിസ്റ്റുകാരുടെ ആത്മാവിലേക്ക് അതിനൊരിക്കലും പ്രവേശനം അനുവദിച്ചിട്ടില്ല എന്നു തോന്നുന്നു. കാരണം, അവരാണു മാറ്റത്തിനെതിരേ എന്നും പോരാടിനില്ക്കുന്നവർ.

ഇതിന്റെ ഏറ്റവുമൊടുവിലത്തെ ഉദാഹരണം കഴിഞ്ഞ ചൊവ്വാഴ്ച (ജൂൺ രണ്ട്) സിപിഎം പോളിറ്റ്ബ്യൂറോയാണു നമുക്കു സമ്മാനിച്ചത്. കൊറോണയുടെ മറവിൽ ഓൺലൈൻ പഠനം കുട്ടികൾക്കുമേൽ അടിച്ചേല്പിക്കുന്നത് അംഗീകരിക്കാനാവില്ല എന്നായിരുന്നു പി.ബി.യുടെ തീരുമാനം.

കേൾക്കുമ്പോൾ തമാശയായേ തോന്നൂ. യഥാർത്ഥത്തിൽ അങ്ങനെയല്ല. കേന്ദ്രത്തിലെ ബിജെപി ഗവൺമെന്റിനെതിരെയുള്ള കടുത്ത ആക്രമണമായിരുന്നു അത്. പക്ഷേ, കൊണ്ടതു സിപിഎം നേതൃത്വത്തിൽത്തന്നെയുള്ള കേരളഗവൺമെന്റിനായിരുന്നു. ചക്കിനു വച്ചതു കൊക്കിനു കൊണ്ടു!

ആ പോളിറ്റ് ബ്യൂറോ തീരുമാനത്തിലുമുണ്ട് ഒരു തമാശ. പി.ബി. കൂടിയത് ഓൺലൈനിലായിരുന്നു. വീഡിയോ കോൺഫെറൻസിലൂടെ. നിഷ്കരുണം കോഴികളെ കൊല്ലുന്നതിനെതിരേ മഹാകവി വള്ളത്തോൾ എഴുതിയ ഒരു കവിതയുണ്ട്. 'ആവതോളമിഹ നിത്യവും ഭുജിക്കാവതായ് പല പദാർത്ഥമില്ലയോ-പാവമീ നിരപരാധി പക്ഷിയെ കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!' എന്നിങ്ങനെ. അതിനെപ്പറ്റിയുമുണ്ടൊരു തമാശ. കോഴിക്കറിപ്രിയനായിരുന്ന മഹാകവി ഈ കവിതയെഴുതിയത് പല്ലുകൾക്കിടയിൽനിന്ന് കോഴിക്കറിയിലെ എല്ലിൻകഷണങ്ങൾ കുത്തിക്കളഞ്ഞുകൊണ്ടായിരുന്നത്രേ!

വീഡിയോ കോൺഫെറൻസുവഴി നടന്ന ഒരു സമ്മേളനം എടുത്ത തീരുമാനം ഓൺലൈൻ പഠനത്തിനെതിരെയാവുക എന്നതിനെക്കാൾ കവിഞ്ഞ തമാശ മറ്റെന്താണുള്ളത്? അതൊന്നും പക്ഷേ, സിപിഎമ്മിനു വിഷയമല്ല. അവർ ഇത്തരം പല തീരുമാനങ്ങളും മാർക്സിയൻ സിദ്ധാന്തങ്ങളുടെ പിൻബലത്തിൽ എടുക്കും. അവയൊക്കെ ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യും. ചിലപ്പോൾ അതിന്റെയടിസ്ഥാനത്തിൽ സമരങ്ങളും നടത്തും. അതുകഴിഞ്ഞാലോ, അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളായി അവർ തന്നെ രംഗത്തുവരികയും ചെയ്യും!

അതാണു കംപ്യൂട്ടറിനെതിരേ നടന്ന സമരത്തിൽ കണ്ടത്. അത്



1986ലായിരുന്നു. ബോംബെയിൽനിന്നു കംപ്യൂട്ടറുകളുമായി രണ്ടു ട്രക്കുകൾ തിരുവനന്തപുരത്തെത്തി. റിസർവ്വ്ബാങ്കിന്റെ തിരുവനന്തപുരം ശാഖയിലേക്കുള്ളതായിരുന്നു കംപ്യൂട്ടറുകൾ. സിപിഎം കംപ്യൂട്ടർവത്കരണത്തിനെതിരായിരുന്നു. സിഐടി യുവിന്റെ പ്രതിഷേധസമരം ദിവസങ്ങൾ നീണ്ടു. വന്ന വാഹനങ്ങൾ അതേപോലെ തന്നെ മടങ്ങിപ്പോയി.

അന്നു യുഡിഎഫ് ഭരണമായിരുന്നു. കെ. കരുണാകരൻ മുഖ്യമന്ത്രി. പുരോഗമനപരമായ ഏതു മാറ്റവും വേഗത്തിൽ ഉൾക്കൊള്ളുന്ന ഭരണാധികാരി. സംസ്ഥാനത്തു കംപ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചനകൾ ആരംഭിച്ചു. ഒട്ടും വൈകിയില്ല, ഇടതുപക്ഷസംഘടനകൾ അതിനെതിരേ സമരവും പ്രഖ്യാപിച്ചു!

കംപ്യൂട്ടറുകൾ തൊഴിലവസരങ്ങൾ ഇല്ലാതാക്കുക മാത്രമല്ല, തൊഴിലാളികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും കൂടി ചെയ്യുമെന്നായിരുന്നു സമരക്കാരുടെ കണ്ടുപിടിത്തം. കംപ്യൂട്ടറുകളിൽനിന്നു റേഡിയോ ആക്ടിവിറ്റി ഉണ്ടാകുമെന്നും അതിന്റെ മുന്നിലിരിക്കുന്ന സ്ത്രീജീവനക്കാരുടെ ഗർഭം അലസിപ്പോയേക്കുമെന്നുംവരെ അവർ പ്രചരിപ്പിച്ചുകളഞ്ഞു!

ജീവനക്കാരുടെ സമരം 24 പ്രവൃത്തിദിവസങ്ങളാണു നഷ്ടപ്പെടുത്തിയത്. ഒടുവിൽ സർക്കാരു വഴങ്ങി. കംപ്യൂട്ടർവത്കരണം ഉപേക്ഷിച്ചു. സമരവും തീർന്നു.

പിന്നെയാണു തമാശ. കുറെക്കാലം കഴിഞ്ഞപ്പോൾ ഒരു രാഷ്ട്രീയപാർട്ടിയുടെ തലസ്ഥാനനഗരിയിലെ കേന്ദ്ര ഓഫീസിൽ കംപ്യൂട്ടറുകൾ നിരന്നു. ഏ.കെ.ജി. സെന്ററിൽ! ഇന്നു സംസ്ഥാനത്തു സിപിഎമ്മിന്റെ ഏത് ഓഫീസിലാണ് കംപ്യൂട്ടർ ഇല്ലാത്തത്?

ഒരു തമാശക്കഥകൂടി പറയട്ടെ. ഇന്നു രാജ്യമൊട്ടാകെ പണമിടപാടുകൾ ഏതാണ്ടു ഡിജിറ്റൈസു ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതിന്റെ ആദ്യരൂപം എടിഎമ്മുകളായിരുന്നല്ലോ. ഇന്ന് എടിഎമ്മുകൾ ഉപയോഗിക്കാത്തവർ ചുരുക്കം.

കേരളത്തിൽ ആദ്യമായി ഒരു എടിഎം സ്ഥാപിച്ചത് ബ്രിട്ടീഷ് ബാങ്ക് ഓഫ് മിഡിൽ ഈസ്റ്റാണ്. തിരുവനന്തപുരത്തെ വെള്ളയമ്പലം ജംഗ്ഷനിൽ. കൃത്യമായി പറഞ്ഞാൽ, 1993 ഡിസംബർ എട്ടിന്.

എടിഎം എന്നു കേട്ടതേ കേരളത്തിലെ കമ്യൂണിസ്റ്റുനേതാക്കൾക്കു ഹാലിളകി. അതു സാമ്രാജ്യത്വശക്തികളുടെ ഏറ്റവും പുതിയ ചൂഷണോപാധിയാണെന്നായിരുന്നു അവരുടെ കണ്ടുപിടിത്തം. നാടു കൊള്ളയടിക്കാനുള്ള ഉപകരണം! എടിഎമ്മിനു മുമ്പിൽ സിപിഎം പോഷകസംഘടനകളുടെ നിലയ്ക്കാത്ത സമരം. ദിവസങ്ങൾ നീണ്ടപ്പോൾ എന്തു കാരണം കൊണ്ടെന്നറിയില്ല, നേതാക്കളാരും അങ്ങോട്ടു തിരിഞ്ഞുനോക്കാതായി. പതുക്കെപ്പതുക്കെ ആളൊഴിഞ്ഞു. സമരവും തീർന്നു.

പിന്നെ കാണുന്നതെന്താണ്? സമരം ചെയ്ത പാവം തൊഴിലാളികൾ നോക്കി നില്ക്കെ നേതാക്കൾ എടിഎമ്മിൽനിന്നു പണമെടുത്തു മടങ്ങിപ്പോകുന്നു!

കാർഷികരംഗത്തു പുതിയ വിപ്ലവം സൃഷ്ടിച്ചുകൊണ്ടു ട്രാക്ടറുകളും ടില്ലറുകളും എത്തിയപ്പോഴും കയർവ്യവസായമേഖലയിൽ യന്ത്രവത്കൃതറാട്ടുകൾ എത്തിയപ്പോഴും അവയ്ക്കെതിരേ സമരം സംഘടിപ്പിക്കാൻ കമ്യൂണിസ്റ്റുകാർ മറന്നില്ല. ഇന്നു നാടെങ്ങും നിറഞ്ഞിരിക്കുന്ന സൂപ്പർമാർക്കറ്റുകൾ ആരംഭിച്ചപ്പോഴും അവയ്ക്കുമുമ്പിൽ സമരപരമ്പരകൾ സംഘടിപ്പിച്ചത് ഇടതുതൊഴിലാളിസംഘടനകൾ തന്നെയായിരുന്നു.

1987 ൽ യുഡിഎഫ് ഗവൺമെന്റു കൊണ്ടുവന്ന പ്രീഡിഗ്രി ബോർഡിനെതിരേ അക്രമാസക്തസമരം അഴിച്ചുവിട്ട ഇടതുപക്ഷത്തിന്, അതേ സംവിധാനം 1998 ൽ പ്ലസ്ടു എന്ന പേരിൽ നടപ്പാക്കുന്നതിനു യാതൊരു മടിയും ഉണ്ടായില്ല.

ഇന്നിപ്പോളിതാ സിപിഎം നേതൃത്വത്തിലുള്ള സംസ്ഥാനഗവൺമെന്റ് വളരെ ഭംഗിയായി ഓൺലൈൻ പഠനസമ്പ്രദായം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. മുഖ്യമന്ത്രിയെയും വിദ്യാഭ്യാസമന്ത്രിമാരെയും ഇക്കാര്യത്തിൽ അഭിനന്ദിക്കാതിരിക്കാനാവില്ല.

എന്നിട്ടും അതിനെതിരെയല്ലെങ്കിലും, മുഖ്യമന്ത്രികൂടി ഉൾപ്പെട്ട പോളിറ്റ് ബ്യൂറോ അപശബ്ദമുണ്ടാക്കിയത് ഭംഗിയായില്ല. പാവപ്പെട്ട കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യം ഉപയോഗപ്പെടുത്താനുള്ള സാഹചര്യമില്ല എന്നതാവാം അവരുടെ തീരുമാനത്തിനു പിന്നിലെ ചേതോവികാരം. അങ്ങനെയെങ്കിൽ അത്യാധുനികമായ ഒരു പഠനരീതിയെ തള്ളിപ്പറയുകയല്ല, അതുപയോഗപ്പെടുത്താൻ കഴിയാത്തവർക്ക് അതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയാണു വേണ്ടത്.

ആ വഴിക്കും കേരളത്തിൽ ശ്രമങ്ങൾ നടക്കുന്നത് തീർച്ചയായും സന്തോഷകരമാണ്; പ്രതീക്ഷാവഹവുമാണ്. സന്നദ്ധസംഘടനകളും രാഷ്ട്രീയപ്രസ്ഥാനങ്ങളും സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളുമൊക്കെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കംപ്യൂട്ടറുകളും മൊബൈൽ ഫോണുകളും ടിവികളും ലഭ്യമാക്കാൻ മത്സരബുദ്ധിയോടെ രംഗത്തുവരുന്നതുകാണുമ്പോൾ ആഹ്ലാദം കൊണ്ടു കണ്ണീർ പൊടിയുന്നു. കൊറോണാദുരന്തം നാടിനെ ഭയപ്പെടുത്തുന്ന നാളുകളിൽ മനുഷ്യനന്മയുടെ ചുരുളുകൾ അഴിയുകയാണല്ലോ.

വികസിതരാജ്യങ്ങളിൽ വളരെ വർഷങ്ങൾക്കുമുമ്പേ നടപ്പിലായിത്തുടങ്ങിയ വെർച്വൽ ക്ലാസ്സുമുറികളും ഓൺലൈൻ പഠനവുമൊക്കെ നമ്മുടെ നാട്ടിലും യാഥാർത്ഥ്യമായിക്കഴിഞ്ഞിരിക്കുന്നു.

കാലം കുതിക്കുകയാണ്, മാറ്റത്തിന്റെ കൊടുങ്കാറ്റുകൾ അഴിച്ചുവിട്ടുകൊണ്ട്. അതിനെതിരേ നിലപാടെടുക്കുന്നവരെ കാലം തുടച്ചുനീക്കും. അതുകൊണ്ട് ഓർമ്മിപ്പിക്കട്ടെ, ചരിത്രപരമായ അബദ്ധങ്ങൾ ഇനിയും ആവർത്തിക്കരുത്.


---

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര

## നർമ്മദാനദി

മധ്യപ്രദേശിലെ അമർനാഥ് പീഠഭൂമിയിൽനിന്ന് ഉദ്ഭവിക്കുന്ന നദിയാണ് നർമ്മദാ നദി. ഏതാണ്ട് 1312 കി.മീ. നീളം വരും. ഇന്ത്യയിലൂടെ ഒഴുകുന്ന നദികളിൽ നീളത്തിൽ മൂന്നാംസ്ഥാനമാണിതിന്. പടിഞ്ഞാറോട്ടൊഴുകി മഹാരാഷ്ട്രയും ഗുജറാത്തും കടന്ന് അറബിക്കടലിന്റെ ഭാഗമായ ഖംഭത് ഉൾക്കടലിൽ ചേരുന്നു. ഗുജറാത്തിന്റെയും മധ്യപ്രദേശിന്റെയും 'ജീവരേഖ' എന്നാണിതിനെ വിളിക്കുക. സർദാർ സരോവർ ഡാം ഈ നദിയിൽ സ്ഥിതി ചെയ്യുന്നു. മേധാപട്കർ നടത്തിവന്ന പരിസ്ഥിതി സമരങ്ങൾ ഈ ഡാമിന് ഏറെ പ്രശസ്തി നേടിക്കൊടുത്തിരുന്നു. ഒട്ടേറെ പോഷകനദികൾ ഈ നദിക്കുണ്ട്. ഷേർ, ഷക്കർ, ദുധി, തവ, ഗൻജൽ, ഹിരൺ, ബർണർ, കോറൽ, ഉറി എന്നിവ പ്രധാനം.



## താപ്തി നദി

താപി എന്നും താപ്തി നദിക്കു വിളിപ്പേരുണ്ട്. ചൂട് എന്നർത്ഥമാകുന്ന താപം എന്ന വാക്കിൽനിന്നാണ് നദിക്ക് ഈ പേരുണ്ടായതെന്നു കരുതുന്നു. മധ്യപ്രദേശിലെ മുൽതായ് പ്രദേശത്തുനിന്നു താപ്തി ഉദ്ഭവിക്കുന്നു. ഇതു പടിഞ്ഞാറോട്ട് ഒഴുകി മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലൂടെ അറബിക്കലിൽ ചെന്നു പതിക്കുന്നു. 724 കി.മീറ്ററാണ് ഈ നദിയുടെ നീളം.

ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ വച്ചാണല്ലോ നർമ്മദ അറബിക്കലിൽ പതിക്കുക. നർമ്മദയും താപ്തിയും അധികഭാഗവും പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശങ്ങളിലൂടെ ഒഴുകുന്നു. അതുകൊണ്ടാകണം ഇവയ്ക്കു കാര്യമായ ഡെൽറ്റ(Deltas)കൾ ഇല്ലാത്തത്.

# ആശങ്കയുണർത്തുന്ന



■ മാത്യു എം. കുര്യാക്കോസ്

വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും അപാരമായ സാധ്യതകളാണ് കോവിഡനന്തര കേരളം വിദ്യാർത്ഥികൾക്കുമുമ്പിൽ തുറന്നിട്ടിരിക്കുന്നത്. കുറേക്കൂടി സ്വതന്ത്രമായും അനൗപചാരികമായും വിദ്യ ആർജിക്കുന്നതിനുള്ള അവസരം ഓൺലൈൻ വിദ്യാഭ്യാസം കുട്ടികൾക്കു നല്കുന്നുണ്ട്. ക്ലാസ് ഉൾപ്പെടെയുള്ള റിസോഴ്സസ് വീണ്ടും കേൾക്കാനും കാണാനുമുള്ള അവസരം ഇതിലൂടെ ലഭ്യമാകുന്നു. കരെ സംബന്ധിച്ച് പാഠ്യക്രമത്തിൽ കൃത്യത ഇല്ലെങ്കിൽ അത് പ്രശ്നങ്ങൾക്കു വഴിയൊരുക്കും. നേരിട്ടു ക്ലാസ്സെടുത്ത് വിദ്യാർഥികളുമായി ഇന്ററാക്ട് ചെയ്യുന്നതിലൂടെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ലഭ്യമാകുന്ന സജീവത നഷ്ടപ്പെടുന്നു. വിദ്യാർഥികൾ തമ്മിൽത്തമ്മിലും അധ്യാപകരും വിദ്യാർഥികൾ തമ്മിലുമുള്ള ഇടപെടലിലൂടെ സൃഷ്ടിക്കപ്പെടുന്ന ടീം വർക്ക് ഇവിടെ നഷ്ടമാകുന്നു. മോശമായ പശ്ചാത്തലങ്ങളിൽനിന്നും വരുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് ഓൺലൈൻ വിദ്യാഭ്യാസം എത്രകണ്ട് ഗുണകരമാകുമെന്നതും ഒരു പ്രശ്നമാണ്.

## അച്ചടക്കം ഒരു വെല്ലുവിളി

ടൈം ഷെഡ്യൂൾ പറഞ്ഞിരിക്കുന്നതുകൊണ്ട് അസൈൻമെന്റ് കൃത്യസമയത്തുതന്നെ ചെയ്യുവാൻ വിദ്യാർഥികൾ നിർബന്ധിതരാകുന്നു. ഗതാഗതബുദ്ധിമുട്ടുകളും പണച്ചെലവും കുറയ്ക്കാമെന്നതും സമയലാഭവും ഓൺലൈൻ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ നേട്ടങ്ങളായി കരുതാം. എന്നാൽ ഫോൺ, കമ്പ്യൂട്ടർ, ടിവി, ലാപ്ടോപ് തുടങ്ങിയ ടെക്നിക്കൽ ഫസിലിറ്റീസ് ഓരോ വിദ്യാർഥിക്കും ഉണ്ടായിരിക്കണമെന്നത് ഇതിന്റെ ഒരു പരിമിതിയാണ്.

ഒരു സിസ്റ്റത്തിലൂടെ വിദ്യാർത്ഥിയിലേക്ക് എത്തുന്ന അച്ചടക്കം, ഓൺലൈൻ ടീച്ചിങ് പ്രോസസ്വഴി ഇല്ലാതാകുന്നു എന്നത് പ്രധാനപ്പെട്ട ഒരു വെല്ലുവിളിയാണ്. കൃത്യമായി മാനേജ് ചെയ്യപ്പെടുന്നില്ലെങ്കിൽ സൈബർ ദുരുപയോഗങ്ങൾ ക്രിമിനൽതലംവരെ എത്താനുള്ള സാധ്യത തള്ളിക്കളയാനാവില്ല. പേഴ്സണൽ ഡേറ്റ കൂടുതൽ ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന ന്യൂനതയുമുണ്ട്. അധ്യാപ കൂട്ടുകാരുടെയും അധ്യാപകരുടെയും കരുതലും സ്നേഹവാത്സല്യങ്ങളുമാകാം ചിലപ്പോൾ അവരുടെ ജീവിതത്തെത്തന്നെ പിടിച്ചുനിർത്തിയിരുന്നത്.


കൂടുതൽ സമയം ഫോൺ, കമ്പ്യൂട്ടർ, ലാപ്ടോപ്, ടിവി തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന ശാരീരിക മാനസിക – ആരോഗ്യപ്രശ്നങ്ങൾ ഒരു തലമുറയെ എത്ര പ്രതികൂലമായി ബാധിക്കുമെന്നത് ഒരു ഗവൺമെന്റ് നിസ്സാരമായി അഭിമുഖീകരിക്കുന്ന പ്രശ്നമായിരിക്കില്ല. ദൈവാശ്രയബോധവും സാമൂഹിക സദാചാരമൂല്യങ്ങളും കുട്ടികളിലേക്ക് ആർദ്രമായി, അർത്ഥവത്തായി പകർന്നുനൽകുന്ന പ്രതിഭാധനരായ അധ്യാപകരുടെ പ്രകടമായ അസാന്നിധ്യം ഒരു തലമുറയുടെ വെളിച്ചം കെടുത്താതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*(പ്രിൻസിപ്പാൾ, സെന്റ് തോമസ് എച്ച്.എസ്.എസ്. പാലാ)*

## ഒരു ഇടക്കാലാശ്വാസം



■ റിജ ജോസ്



ഈ അദ്ധ്യയനവർഷം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പുതിയ അനുഭവമാണ്. കോവിഡ്–19ന്റെ പിടിയിൽ നമ്മുടെ സംവിധാനങ്ങളെല്ലാം താറുമാറായപ്പോൾ നഷ്ടമാകുന്ന വിദ്യാഭ്യാസപ്രക്രിയയെ പിടിച്ചുനിർത്താനുള്ള ഒരു പോംവഴിയായി മാത്രമേ ഇപ്പോൾ ഓൺലൈൻ വിദ്യാഭ്യാസത്തെ കാണാനാകൂ. ബഹുമുഖപ്രതിഭകളായ അദ്ധ്യാപകരുടെ ക്ലാസ്സുകളാണ് വിക്ടേഴ്സ് ചാനലിലൂടെ കേരള സർക്കാർ ഒരുക്കിയിരിക്കുന്നത്. നിരവധി പഠനതന്ത്രങ്ങളിലൂടെ ആവിഷ്കരിച്ചിരിക്കുന്ന ക്ലാസ്സുകൾ കുട്ടികളിൽ താത്പര്യം ഉണർത്തുന്നവതന്നെ. അദ്ധ്യാപകർ വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി ആ ദിവസം സംപ്രേഷണം ചെയ്ത ക്ലാസ്സുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നല്കുകയും കുട്ടികളോടു സംവദിക്കുകയും ചെയ്യുമ്പോൾ, വിദ്യാർത്ഥികളിൽ ഏതാണ്ട് അമ്പതുശതമാനം മാത്രമേ പ്രതികരിക്കുന്നുള്ളൂ. ആവശ്യബോധം പല വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉള്ളതായിത്തോന്നുന്നില്ല.

ഇതിനു കാരണങ്ങൾ പലതാണ്. ഒന്നാമത് അൺലിമിറ്റഡ് ഡേറ്റായും നല്ല റേഞ്ചും ഇടതടവില്ലാത്ത സേവനവും വേണം. പല കുട്ടികൾക്കും വീട്ടിൽ പഠനാന്തരീക്ഷമില്ല. രക്ഷാകർത്താക്കളുടെ ഇടപെടലുകൾ ഉണ്ടാകുന്നില്ല. അന്നന്നത്തെ അന്നത്തിനു പാടുപെടുന്ന മാതാപിതാക്കൾ ദിവസേനയുള്ള പരിമിതമായ നെറ്റ് പാക്കേജുകൾ ഉപയോഗിക്കുന്നു. അൺ ലിമിറ്റഡ് ഓഫറുകളും വൈഫൈ കണക്ഷനുമുള്ള വീടുകളിലോ, ഓൺലൈൻ ഗെയിമുകളും നോട്ടിഫിക്കേഷനുകളും കുട്ടികളുടെ ശ്രദ്ധയെ തിരിക്കുന്നു. മലയാളത്തിലുള്ള ക്ലാസ്സുകൾ കേൾക്കുന്ന ഇംഗ്ലിഷ് മീഡിയം കുട്ടികൾക്ക് നോട്ടുകൾ തയ്യാറാക്കാൻ ബുദ്ധിമുട്ടാണ്.

വ്യക്തിബന്ധങ്ങൾ ഊട്ടിയുറപ്പിച്ച് മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഈ രീതി പര്യാപ്തമല്ല. അദ്ധ്യാപകർക്കുനേരേയുള്ള സൈബർ ആക്രമണങ്ങൾ, ട്രോളിങ്, സാക്ഷരകേരളത്തിലെ ഞരമ്പുരോഗികളുടെ അശ്ലീല കമന്റുകൾ തുടങ്ങിയവയൊക്കെ അദ്ധ്യാപകപ്രതിഭകളുടെ ആത്മവിശ്വാസം നശിപ്പിക്കും എന്നുകൂടി മനസ്സിലാക്കേണ്ടതാണ്.

ചുരുക്കത്തിൽ, സ്കൂൾ വിദ്യാഭ്യാസംപോലെ തുല്യത – എല്ലാ കുട്ടികൾക്കും ആവശ്യമായ ഇന്റർനെറ്റ്സംവിധാനവും പഠനാന്തരീക്ഷവും – ലഭ്യമാണെങ്കിൽ ഓൺലൈൻ വിദ്യാഭ്യാസം വിജയകരമാകും. ഇപ്പോൾ ഒരു ഇടക്കാലാശ്വാസം മാത്രം.

*അധ്യാപിക, സെന്റ് അലോഷ്യസ് ഹൈസ്കൂൾ, അതിരമ്പുഴ*

## അധ്യാപകരെ അപമാനിക്കരുത്



■ മരിയ ഷാജി

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ പുതുമകൾ നിറച്ച ഒരു അധ്യയനവർഷം ആരംഭിക്കുകയാണ്. മുൻവർഷങ്ങളിൽനിന്നു വളരെ വ്യത്യസ്തമായി പാഠപുസ്തകങ്ങൾക്കുപകരം പിഡിഎഫ് പുസ്തകങ്ങളെ പരിചയപ്പെട്ടാണ് ക്ലാസ്സുകൾ ആരംഭിച്ചത്. കൂട്ടുകാർക്കൊപ്പം ക്ലാസ്സിലേക്കു പുത്തൻ ഉടുപ്പിട്ടു കയറിവരാനോ അവധിക്കാലവിശേഷങ്ങൾ പങ്കുവയ്ക്കാനോ മഴയത്ത് കുടയുംചൂടി വീട്ടിലേക്കു മടങ്ങാനോ കഴിയാത്തതിന്റെ തെല്ലൊരു ദുഃഖം ഒരു വിഭാഗം കുട്ടികളിൽ അലയടിച്ചപ്പോൾ, അധ്യാപകരുടെ ശാസനയില്ലാതെ എല്ലാ വിഷയങ്ങളും വീട്ടിൽത്തന്നെ ഒരു സ്ക്രീനിൽ കാണാൻ കഴിയുന്നുണ്ടെന്ന് ആശ്വസിക്കുന്നവരുമുണ്ട്. എന്തൊക്കെയായാലും സർക്കാരിന്റെ നിർദ്ദേശപ്രകാരം ഈ ഓൺലൈൻ പാഠ്യപദ്ധതിയോടു പൊരുത്തപ്പെട്ടുകൊണ്ട് നമ്മൾ ഈ സാഹചര്യത്തെയും അഭിമുഖീകരിക്കും എന്ന മനഃസ്ഥിതിയോടെ ക്ലാസ്സുകളിലേക്കു കുട്ടികൾ കടന്നുവരുന്നുണ്ട്.

ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾ വലിയ പ്രതിസന്ധിയിലായപ്പോൾ അധികാരികൾതന്നെ ഈ സൗകര്യങ്ങൾ ഒരുക്കാമെന്ന് അറിയിച്ചിരിക്കുകയാണ്. ഇത്തരം കഷ്ടതകൾ അനുഭവിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ ഏറ്റവുമടുത്ത അധികാരകേന്ദ്രങ്ങളിൽ എത്തിക്കാൻ നമുക്കു ശ്രമിക്കാം. നമ്മുടെ സാമൂഹികപ്രതിബദ്ധത അവലോകനം ചെയ്യാനുള്ള സാഹചര്യങ്ങളാണ് ഇവയെല്ലാം. ഒന്നുമുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്കായി എല്ലാ വിഷയങ്ങളുടെയും തൽസമയസംപ്രേഷണം വിക്ടേഴ്സ് ചാനൽ നടത്തുന്നുണ്ട്. എന്നാൽ, അധികം വിദ്യാർഥികൾ ഓൺലൈനായി വീഡിയോകൾ കാണുന്നവരാണ്. ചെറിയ കുട്ടികൾ വീഡിയോ കാണുന്നത് മാതാപിതാക്കളുടെ മേൽനോട്ടത്തിലായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. കാരണം, വിരസത ഉണ്ടാകുമ്പോൾ അവർ വീഡിയോ സ്ക്രോൾ ചെയ്ത് പോകുവാനുള്ള സാധ്യത കൂടുതലാണ്. ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് ടീച്ചറുടെ മേൽനോട്ടത്തിൽ ക്ലാസ് മുറികളിൽ ആയിരിക്കുന്നതുപോലെയല്ല സ്വന്തം വീട്. ഒരു മുറിയിൽ സ്ക്രീനിനു മുന്നിൽ അധികസമയം ശ്രദ്ധയോടെ ആയിരിക്കുക എന്നത് അവർക്ക് ബുദ്ധിമുട്ടുള്ള കാര്യമാണ്. നിർബന്ധപൂർവ്വം അവരെ ക്ലാസ്സുകളിൽ പങ്കെടുപ്പിക്കണം. അദ്ധ്യാപകരും ഓൺലൈൻ ക്ലാസ്സുകളുടെ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയാണ് പഠിപ്പിച്ചുതീർക്കേണ്ട പാഠഭാഗങ്ങൾ ക്രമീകരിക്കുന്നത്. അത്തരുണത്തിൽ വിദ്യാർത്ഥികൾ വീടുകളിൽ ആയിരിക്കുമ്പോൾ കാട്ടുന്ന അലസത പിന്നീട് അധ്യാപകർക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. ആ സാഹചര്യങ്ങൾ ഒഴിവാക്കുവാൻ കൃത്യതയോടെ പാഠ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരായിരിക്കാൻ നമുക്കു ശ്രദ്ധിക്കാം.

നമ്മുടെ ഗുരുഭൂതരെ ഈശ്വരതുല്യരായിക്കാണുകയെന്നത് നമ്മുടെ നല്ല സംസ്കാരത്തിന്റെ ഭാഗമാണ്. എന്നാൽ, ഇതിനു വിരുദ്ധമായ ചില പ്രവർത്തനങ്ങളാണ് ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ച ആദ്യ ദിവസങ്ങളിൽ ചില വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നു കണ്ടത്. ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ പാഠഭാഗങ്ങൾ ശരിയാംവിധം എത്തുവാൻ വ്യത്യസ്തമായ രീതികൾ ആവിഷ്കരിച്ചുകൊണ്ട് നമുക്കുമുമ്പിൽ എത്തുകയാണ് പല അധ്യാപകരും. സമൂഹമാധ്യമങ്ങളിലൂടെ പടച്ചുവിടുന്ന മോശം കമന്റുകളും പ്രതികരണങ്ങളുമെല്ലാം അവരെ മാനസികമായി തളർത്തുകയാണു ചെയ്യുന്നത്. വ്യത്യസ്തമായ രീതികൾ അംഗീകരിച്ചുകൊണ്ട് വിശാലമായി ചിന്തിക്കുന്ന യുവതലമുറ ഒരു ഭാഗത്ത് വളർന്നുവരുമ്പോൾ വിശാലമനസ്കത സ്വന്തമാക്കാതെ മോശമായ ചിന്തകളിലേക്കു സ്വയം ഒതുക്കിത്തീർക്കുന്ന യുവത്വങ്ങളുണ്ട് എന്ന വസ്തുത ദുഃഖത്തോടെയേ അംഗീകരിക്കാൻ സാധിക്കുന്നുള്ളൂ. എന്തെങ്കിലും മോശമായി ചിത്രീകരിക്കുന്നത് അലങ്കാരമല്ല, അപമാനമാണെന്ന ബോധ്യം ഞാനുൾപ്പെടുന്ന യുവതലമുറയ്ക്കു പറഞ്ഞുകൊടുക്കാൻ നമുക്കു കഴിയട്ടെ. വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ഒരു മികച്ച ഭാവി എല്ലാ വിദ്യാർത്ഥികൾക്കും പ്രദാനംചെയ്യാൻ അക്ഷീണം പ്രവർത്തിക്കുന്ന എല്ലാ അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.



*(രാമപുരം സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്എസ്, വിദ്യാർത്ഥിനി, കെ.സി.എസ്.എൽ സംസ്ഥാന ചെയർപേഴ്സൺ)*

# ഓൺലൈൻ വിദ്യാഭ്യാസം

## ഇൻഫർമേഷനേക്കാൾ പ്രധാനം ഫോർമേഷൻ



■ ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

**ഓ**ൺലൈൻ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. ചില രാജ്യങ്ങളിലെങ്കിലും ഹൈസ്കൂൾമുതൽ വിദ്യാഭ്യാസം ഓൺലൈനിൽ നടക്കാനുള്ള സാധ്യതയുമുണ്ട്. ക്ലാസ്സുകളും പരീക്ഷകളും ഓൺലൈനിൽ നടക്കുന്നു, സർട്ടിഫിക്കറ്റുകൾപോലും ഓൺലൈനിൽ നൽകുന്നു. നാമും ആ സംവിധാനത്തിലേക്കു മാറേണ്ടതില്ലേ എന്നു ചിന്തിക്കുന്നുവരുമുണ്ട്.

സെക്കുലർ ആയിട്ടുള്ള വിഷയങ്ങളുടെ പഠനത്തിന് ഓൺലൈൻ വിദ്യാഭ്യാസം ഒരുപക്ഷേ, സഹായിച്ചേക്കാം. പക്ഷേ, ദൈവശാസ്ത്രവിഷയങ്ങൾ, വൈദികപരിശീലനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കൂടി ഒരിക്കലും ഒരു സാധാരണ ക്ലാസ്സുപോലെ ഫലപ്രദമാവുകയില്ല. കാരണം, അടിസ്ഥാനപരമായ വ്യത്യാസം സെക്കുലർ വിദ്യാഭ്യാസത്തിൽ പ്രദാനം ചെയ്യുന്നത് മുഖ്യമായും ഇൻഫർമേഷനാണ്.

വൈദികപരിശീലനത്തിൽ സെമിനാരികളിൽ ഉന്നത ദൈവശാസ്ത്രവിഷയങ്ങളാണു പരിശീലിപ്പിക്കപ്പെടുന്നത്. ഇവിടെ ഇൻഫർമേഷനെക്കാൾ കൂടുതലായി ഫോർമേഷനാണു നടക്കുന്നത്. പരിശീലനം, വൈദികപരിശീലനം, പിന്നെ തുടർപരിശീലനം ഒക്കെയാണ് സെമിനാരികളിൽനിന്നു ലഭിക്കേണ്ടത്. ഇത് ഒരിക്കലും ഓൺലൈൻ വിദ്യാഭ്യാസരീതിയിലൂടെ സാധ്യമാവുന്നതല്ല. കാരണം, തിയോളജി ക്ലാസ്സുകളിൽനിന്നു ലഭിക്കുന്നത് അറിവിനെക്കാൾ കൂടുതലായി ചില 'ബോധ്യ'ങ്ങളാണ്. ആ ബോധ്യങ്ങൾ നല്കാൻ സാധിക്കുന്ന ഒരു അന്തരീക്ഷം ക്ലാസ്റൂമുകളിലേ ഉണ്ടാവുകയുള്ളൂ. അധ്യാപകന് ഈ ബോധ്യങ്ങൾ നേരിട്ടു നൽകാൻ സാധിക്കുന്നു. പിന്നെയുള്ളത് സഹപാഠികളുടെ സാന്നിധ്യമാണ്. ക്ലാസ്സിലുള്ള ഒരു കുട്ടി ചോദിക്കുന്ന സംശയം ബാക്കിയുള്ളവരെ ചിന്തിപ്പിക്കുന്നതിനും അധ്യാപകൻ ക്ലാസ്സിൽ അവതരിപ്പിക്കണമെന്നു ചിന്തിക്കാത്ത ചില കാര്യങ്ങൾപോലും ഒരു സംശയത്തിന്റെ മറുപടി എന്ന നിലയിൽ ക്ലാസ്സിൽ അവതരിപ്പിക്കുന്നതിനും സാധിക്കും. നോട്ടു തയ്യാറാക്കിക്കൊടുക്കുക, ഓൺലൈൻ ക്ലാസ്സ് കൊടുക്കുക തുടങ്ങിയ സാഹചര്യങ്ങളിലൊന്നും ഇത്തരം ഇന്ററാക്ഷനുകൾ കുട്ടികൾക്കു ലഭിക്കുന്നില്ല. ഇതു വളരെ പ്രധാനപ്പെട്ടതാണ്.



സാധാരണ ക്ലാസ്സുകളിൽ ഒരു അധ്യാപകന് കുട്ടികൾക്കു വളരെയധികം ഇൻസ്പിരേഷൻ നൽകാൻ സാധിക്കുന്നു. ബോധ്യങ്ങൾ രൂപീകരിക്കുക, അതിനു സഹായിക്കുക എന്നതാണ് ദൈവശാസ്ത്രപരിശീലനത്തിന്റെ മുഖ്യലക്ഷ്യം. അടിസ്ഥാനവിവരങ്ങൾ കൊടുക്കാൻ ഒരുപക്ഷേ, സാധിച്ചേക്കും പക്ഷേ, യഥാർത്ഥ പരിശീലനം കൊടുക്കാൻ ഓൺലൈൻ വിദ്യാഭ്യാസംകൊണ്ടു സാധിക്കുകയില്ല.

ഓൺലൈൻ ക്ലാസ്സിന്റെ പ്രായോഗികബുദ്ധിമുട്ടുകൾ ചിലതു നോക്കാം. നമ്മുടെ നാട്ടിൽ തുടർച്ചയായ ഇന്റർനെറ്റ് കണക്ഷൻ കിട്ടുകയെന്നത് ബുദ്ധിമുട്ടാണ്. റെയ്ഞ്ചിന്റെ പ്രശ്നങ്ങൾ, വീടുകളിലെ മറ്റു ബുദ്ധിമുട്ടുകൾ എന്നിവ പരിഗണിക്കേണ്ടതാണ്. വിദ്യാർത്ഥികളെല്ലാം ഈ ക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സാധിക്കില്ല. അല്ലെങ്കിൽ അതിനു പ്രത്യേക മോണിറ്ററിങ് സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ക്ലാസ്സുകൾക്ക് പൂർണ്ണതയില്ലാത്ത ഒരു അവസ്ഥ നമുക്കു കാണാനാവും. ഇന്റർനെറ്റ്, ഫോൺ തുടങ്ങിയവയ്ക്ക് കുട്ടികളിൽ അഡിക്ഷൻ ഉണ്ടാക്കാനും ഇത് ഇടയാക്കും.

ചില സന്ദർഭങ്ങളിൽ ചില കാര്യങ്ങൾ നാം സ്വീകരിച്ചേ പറ്റൂ. ദീർഘമായ അവധിക്കാലം കുട്ടികളിൽ പഠനത്തോടുള്ള താത്പര്യം കുറച്ചേക്കാം. കുട്ടികളെ നാം നിരന്തരം ശ്രദ്ധിക്കുന്നുണ്ട് എന്ന തോന്നൽ അവരിലുണ്ടാക്കാൻ ഓൺലൈൻ വിദ്യാഭ്യാസത്തിനു സാധിക്കും. അവരെ പഠനത്തിന്റെ മേഖലയിൽ പിടിച്ചുനിർത്താൻ ഓൺലൈൻ പാഠ്യക്രമത്തിനു സാധിക്കും. യഥാർത്ഥ ക്ലാസ്സുകളല്ല, മറിച്ച്, നോട്ടുകൾ, വീഡിയോകൾ തുടങ്ങിയവയും അവയുടെ വിശദീകരണങ്ങളുമായിരിക്കും കൂടുതൽ മെച്ചം. വൈദികപരിശീലനത്തിന് ഒരിക്കലും ഓൺലൈൻ ക്ലാസ്സുകൾ പ്രായോഗികമല്ല, ആഴത്തിലുള്ള ദൈവശാസ്ത്രപരിശീലനമാണ് അവിടെ നടക്കേണ്ടത്. എങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ നമുക്ക് ഓൺലൈൻ ക്ലാസ്സുകളേ ആശ്രയിച്ചേ മതിയാകൂ എന്ന നില വന്നിരിക്കുകയാണ്. പക്ഷേ, ഇത് ഒരിക്കലും സാധാരണ ക്ലാസ്സിനുള്ള ഒരു പകരം വെയ്ക്കലാവരുത്.

*(പ്രസിഡന്റ്, പൗരസ്ത്യ വിദ്യാപീഠം, കോട്ടയം)*

## ഓൺലൈനിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ



■ ജസ്റ്റിൻ തോമസ്

**ഓ**ൺലൈൻ പഠനസംവിധാനം കോവിഡ്-19 ന്റെ സാഹചര്യത്തിൽ നോക്കിക്കാണുമ്പോൾ, പ്രധാനപ്പെട്ട കാര്യം ഒരു പുതിയ ടെക്നോളജിയെ ആളുകൾ പരിചയപ്പെട്ടു എന്നുള്ളതാണ്. സാധാരണക്കാരുടെ ഇടയിലേക്കും ഈ ടെക്നോളജി വരികയും ഈ പ്ലാറ്റ്ഫോമുകൾ അവർക്കു പരിചിതമാവുകയും ചെയ്തു. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ആളുകൾക്ക് 'എൻഗേജ്ഡ്' ആയി മാറാൻ സാധിച്ചു എന്നതാണ്. ജോലിയൊന്നുമില്ലാതെ ഭാവിയെക്കുറിച്ച് ആശങ്കാകുലരായി കഴിഞ്ഞവർക്ക് ഈ 'എൻഗേജ്മെന്റ്' മാനസികസംഘർഷം കുറയ്ക്കുന്നതിനും പുതിയ ചില മാനങ്ങളിലേക്ക് എത്തിനോക്കുന്നതിനും സഹായകമായി. മറ്റൊരു കാര്യം പഠനപ്രക്രിയയാണ്. കുട്ടികളുടെ പഠനം, ട്രെയിനിംഗുകൾ മുതലായവ വിപുലമായ രീതിയിൽ നടക്കാനിടയായതുകൊണ്ട് ആളുകളുടെ അറിവ് വർദ്ധിക്കുവാനും സാഹചര്യമുണ്ടായി. അതായത്, ലോകത്തിന്റെ ഏതു ഭാഗത്തുനിന്നുമുള്ള അറിവ് എല്ലായിടത്തും വ്യാപിക്കുന്ന ഒരു അവസ്ഥ.

വേറൊരു ഗുണം, feeling of togetherness ആണ്. ലോക്ഡൗണിൽ അകപ്പെട്ടിരുന്ന ഇക്കാലത്ത് വിവിധ ഇന്റർനെറ്റ് സംവിധാനങ്ങളിലൂടെ നമ്മൾ ഒന്നാണ് എന്നു തെളിയിച്ചു. ഒരു വലിയ supporting system ആയി മാറാൻ ഇത്തരം മീറ്റുകൾ നമുക്ക് അവസരമുണ്ടാക്കി. 'പകരം വയ്ക്കാവുന്ന' ഒരു സംവിധാനമാണ് ഇന്റർനെറ്റ് എന്നു നാം മനസ്സിലാക്കി. 'വർക്ക് അറ്റ് ഹോം' എന്ന പദ്ധതി പ്രാവർത്തികമായതോടെ വളരെയധികം ആളുകൾക്ക് തൊഴിലും വരുമാനവും നഷ്ടപ്പെടാതിരിക്കാനായി. കാര്യങ്ങൾ കുറച്ചുകൂടി പോസിറ്റീവായി ചിന്തിക്കാൻ ആളുകളെ ഇതു പ്രാപ്തരാക്കി.

ഓൺലൈൻ സംവിധാനത്തിന്റെ ചില പരിമിതികൾക്കൂടി നോക്കാം. ധാരാളം ആളുകൾ വെബിനാറുകളിലേക്കും മീറ്റിംഗുകളിലേക്കും വരുന്നു. അമിത ഉപയോഗം ആളുകളെ 'അഡിക്റ്റ്' ആക്കി മാറ്റുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കുന്നു. ചില സാഹചര്യങ്ങളിൽ കുട്ടികൾക്കു മൊബൈൽ ഫോൺ കൊടുക്കാറില്ലായിരുന്നു. പക്ഷേ, മാറിയ സാഹചര്യത്തിൽ കുട്ടികൾക്കു മൊബൈൽ ഫോൺ കൊടുത്തേ മതിയാവുകയുള്ളൂ. അത് ഒരു അഡിക്ഷനിലേക്കു അവരെ നയിക്കാൻ ഇടവരുത്തുന്നു. വെബിനാറുകളും മീറ്റുകളുമൊക്കെ നടക്കുമ്പോൾ അതിൽ പൂർണമായും മുഴുകുന്നതിനാൽ അവർക്ക് മറ്റു ദൈനംദിന പ്രവൃത്തികൾക്കൊന്നും സമയം ലഭിക്കില്ല. കൃത്യസമയത്തുതന്നെ ക്ലാസ്സുകൾ തുടങ്ങുന്നു. ആ സമയം കുട്ടികൾക്ക് സൗകര്യപ്രദമായിരിക്കണമെന്നില്ല. സ്വാതന്ത്ര്യമില്ലാത്ത ഒരു അവസ്ഥയിലേക്ക് ഓൺലൈൻ പഠനസമ്പ്രദായം കുട്ടികളെ കൊണ്ടെത്തിക്കും. കുടുംബത്തിൽ മുതിർന്നവരെല്ലാം പലവിധ ഇന്റർനെറ്റ് തിരക്കുകളിൽ ചിലപ്പോൾ വ്യാപൃതരായിരിക്കും. കുട്ടികൾകൂടി അങ്ങനെ ആയിക്കഴിയുമ്പോൾ കുടുംബാംഗങ്ങൾ തമ്മിൽ ആശയവിനിമയത്തിന് അവസരമില്ലാതെ വരുന്നു.

കുട്ടികൾ തുടർച്ചയായി മണിക്കൂറുകളോളം കമ്പ്യൂട്ടറിന്റെ അല്ലെങ്കിൽ ഫോണിന്റെ മുമ്പിൽ ആയിരിക്കുന്നത് അവർക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കൂടാതെ, മറ്റുള്ളവരുമായി ഇടപെടലുകൾ ഇല്ലാതെവരുമ്പോൾ മാനസികസമ്മർദ്ദം, പിരിമുറുക്കം തുടങ്ങി പല പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്.

ക്ലാസ്സുകളും വെബിനാറുകളുമൊക്കെ നടക്കുന്ന സമയത്ത് ഇവയൊക്കെ റെക്കോർഡ് ചെയ്യപ്പെടുന്നുണ്ട്. ഇപ്രകാരം റെക്കോർഡ് ചെയ്യപ്പെടുന്നവ പിന്നീട് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. എന്നുപറഞ്ഞാൽ, വളരെ ഇന്റലക്ചൽ പ്രോപ്പർട്ടി ആയിട്ടുള്ള കാര്യങ്ങൾ വളരെ എളുപ്പത്തിൽ റെക്കോർഡ് ചെയ്ത് കോപ്പിയടിക്കുന്ന അവസ്ഥയുണ്ടാകുന്നു. അത്തരം വിവരങ്ങൾ ഉടമസ്ഥരുടെ അനുവാദമില്ലാതെ മറിച്ചുവിൽക്കുന്നതുപോലെയുള്ള നിരവധി 'എത്തിക്കൽ' പ്രശ്നങ്ങൾക്കും ഓൺ ലൈൻ വിദ്യാഭ്യാസം വഴിവയ്ക്കുന്നു.

*(മോട്ടിവേഷണൽ ട്രെയ്നർ & കൗൺസെലർ)*



■ ജസ്റ്റി തോമസ്

**കാ**ലഘട്ടത്തിനനുസരിച്ച് നാം മാറ്റത്തിനു വിധേയമാക്കപ്പെടണം. പ്രത്യേകിച്ച് കോവിഡിന്റെ ഈ സാഹചര്യത്തിൽ. ജീവിതത്തിൽ എല്ലാക്കാര്യങ്ങൾക്കും നാം മാറ്റം വരുത്തി. ആളുകളെ സന്ദർശിക്കുന്നത്, ആരാധനാലയങ്ങളിൽ പോകുന്നത് തുടങ്ങി നമ്മുടെ ജീവിതത്തിൽ വളരെ പ്രധാനമായി കാണുന്ന കാര്യങ്ങൾക്കെല്ലാം മാറ്റം വരുത്തി. 'മാറ്റിവെക്കലി'ന് ഒരു 'പകരംവെക്കൽ' നാം കണ്ടുപിടിക്കേണ്ടിയിരുന്നു. ഇത് ഒരു ഇന്റർനെറ്റ് യുഗമാണ്. ഇന്റർനെറ്റ് യുഗം ആയിരുന്നില്ലെങ്കിലും കാര്യങ്ങളൊക്കെ ഒരുപക്ഷേ, നടക്കുമായിരുന്നു. എന്നാലും ഇപ്പോൾ


## പഠനസൗകര്യം മെച്ചം



ഉള്ളതുപോലെയുള്ള വികസനപ്രവർത്തനങ്ങൾ, പ്രത്യേകിച്ച്, വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നടക്കുമായിരുന്നോ എന്നു സംശയമാണ്. ഇത്രയധികം പോരായ്മകൾക്കിടയിൽ ഇത്രയും മുമ്പിലേക്കു പോകാൻ സാധിക്കില്ലായിരുന്നു.

ഓൺലൈൻ ക്ലാസ് അറ്റൻഡ് ചെയ്യുന്ന ഒരു വിദ്യാർത്ഥി എന്ന നിലയിൽ കോളജിൽ പോയി പഠിക്കുന്നതിനെക്കാൾ കുറച്ചുകൂടി മെച്ചം ഓൺലൈൻ ക്ലാസ്സുകളാണെന്ന് എനിക്കു തോന്നുന്നു. കൂടുതൽ കാര്യങ്ങൾ മനസ്സിലാകുന്നു. എല്ലാക്കാര്യങ്ങൾക്കും കുറച്ചുകൂടി വ്യക്തത കൈവരുന്നു. കോളജിൽ പോയി പഠിക്കുന്ന ആ ഒരു ഫീൽ, സൗഹൃദങ്ങൾ ഒന്നും ഇവിടെ ലഭിക്കുന്നില്ല എന്നതു ശരിയാണ്. പഠനത്തിന്റെ ഒരു സൗകര്യം മാത്രമാണ് ഇവിടെ ലഭിക്കുന്നത്. കോവിഡിന്റെ ഈ പ്രത്യേക സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം വളരെ സൗകര്യപ്രദവും ഉപകാരപ്രദവുമാണ്.

*(നിയമവിദ്യാർത്ഥിനി, ഭാരത്മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ആലുവ)*




**ജൂൺ 21**
**ശ്ലീഹാക്കാലം**
**നാലാം ഞായർ**



നിയ 1:16 – 18
ഏശ 1:10 – 20
1 കോറി 9:19 – 27
ലൂക്കാ 6:27 – 36


ഡോ. സെബാസ്റ്റ്യൻ
കുറ്റിയാനിക്കൽ

# മിശിഹായുടെ നിയമം മുറുകെപ്പിടിക്കുക

ഒന്നാമത്തെ വായന എടുത്തിരിക്കുന്ന നിയമാവർത്തനപ്പുസ്തകത്തിന്റെ ഉള്ളടക്കം മൊവാബ് താഴ്വാരത്തുവച്ച് മോശ ഇസ്രായേജനത്തിനു നല്കുന്ന ഉപദേശരൂപേണയുള്ള പ്രസംഗങ്ങളാണ് (നിയമ. 1,1–5). ഈ പുസ്തകത്തിന്റെ ആദ്യ നാല് അധ്യായങ്ങളിൽ ഇസ്രായേൽ ജനം സീനായ്മലയുടെ താഴ്വാരത്തുനിന്നു പുറപ്പെട്ട് മരുഭൂമിയിലൂടെ യാത്രചെയ്ത നാല്പതുവർഷക്കാലത്തെ മോശ ജനത്തെ അനുസ്മരിപ്പിക്കുന്നു. തുടർന്നുള്ള അധ്യായങ്ങളിൽ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചതിനുശേഷം ജനത്തിന്റെ ജീവിതം എപ്രകാരമായിരിക്കണമെന്ന മോശയുടെ നിർദേശങ്ങളാണ്. ഈജിപ്തിൽനിന്നുമുള്ള വിമോചനത്തിനുശേഷം മോശ ഇസ്രായേൽജനത്തെ നയിച്ചുതുടങ്ങിപ്പോൾ ജനത്തിനിടയിൽ ധാരാളം പ്രശ്നങ്ങളും തർക്കങ്ങളും വഴക്കുകളും ഉണ്ടായിരുന്നു. മോശയായിരുന്നു അവർക്ക് മധ്യസ്ഥനും ന്യായാധിപനും. എന്നാൽ, മോശയ്ക്കുതന്നെ തീർക്കാൻ പറ്റാതെ പ്രശ്നങ്ങൾ വർദ്ധിച്ചപ്പോൾ തന്റെ അമ്മായിയപ്പനും മിദിയാനിലെ പുരോഹിതനുമായ ജത്രോയുടെ വാക്കുകൾ ദൈവഹിതമായി ഗ്രഹിച്ച മോശ ന്യായാധിപന്മാരെ നിയമിക്കുന്നുണ്ട് (പുറ 18, 13–27). ഇക്കാര്യത്തെക്കുറിച്ചു മോശ ജനത്തെ ഓർമിപ്പിക്കുന്ന കാര്യമാണ് ഒന്നാമത്തെ വായന (നിയമ. 1,1–5). സഹോദരങ്ങളുടെ ഇടയിലെ തർക്കങ്ങൾ വിചാരണ ചെയ്യണമെന്നും, ജനത്തെ മുഖനോട്ടമില്ലാതെ നീതിപൂർവം വിധിക്കണമെന്നും, ന്യായവിധി ദൈവത്തിന്റേതാകയാൽ മനുഷ്യരെ ഭയപ്പെടേണ്ട എന്നും. അതിനാൽ പ്രത്യക പരിഗണനകളൊന്നും കൂടാതെ വിധിക്കണമെന്നും അവർക്കു വിധിപറയാൻ പറ്റാതെ വരുന്ന അവസരത്തിൽ തന്റെ പക്കൽ പ്രശ്നം കൊണ്ടുവരുവാനും മോശ ആവശ്യപ്പെടുന്നു. മോശ ജനത്തോട് ആവശ്യപ്പെടുന്നത് തങ്ങളുടെ ഇടയിൽനിന്നു ജ്ഞാനവും വിവേകവും അറിവും (ഇപ്പോഴത്തെ പിഒസി ബൈബിളിൽ അറിവും വിവേകവും പക്വതയും എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ ജ്ഞാനവും വിവേകവും അറിവും എന്നാണ് മൂലഭാഷയിൽ) ഉള്ള ആളുകളെ തിരഞ്ഞെടുക്കണമെന്നാണ്. പരിശുദ്ധാരൂപിയുടെ ദാനങ്ങളാണല്ലോ ജ്ഞാനവും, വിവേകവും, അറിവും. പന്തക്കുസ്താ കഴിഞ്ഞ് സഭ ശ്ലീഹാക്കാലം ആചരിക്കുമ്പോൾ അരൂപിയുടെ ദാനങ്ങൾ സ്വീകരിക്കുവാനും അതിൽ വളരുവാനും അതനുസരിച്ചു പ്രവർത്തിക്കുവാനുമാണ് സഭ നമ്മെ പ്രചോദിപ്പിക്കുന്നത്.

രണ്ടാമത്തെ വായന ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നാണ്. ക്രിസ്തുവിനുമുമ്പ് എട്ടാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത് യൂദയായിൽ പ്രസംഗിച്ച പ്രവാചകനാണ് ഏശയ്യാ. മോശയുടെ നിയമമനുസരിച്ച് നീതിപൂർവം ജീവിക്കേണ്ടവർ കാലക്രമേണ നീതിയും ധർമ്മവും ഉപേക്ഷിച്ചു ജീവിക്കുന്നതും ദൈവവുമായുള്ള ബന്ധം കേവലം ആചാരങ്ങളിൽ ഒതുങ്ങുന്നതുമായ സാഹചര്യം ഉണ്ടായി. പ്രത്യേകിച്ച് ജനത്തിന്റെ നേതാക്കന്മാരും പ്രബലന്മാരുമായുള്ളവരുടെ ഭാഗത്തുനിന്ന്. ഇത്തരുണത്തിൽ യൂദയായിലെയും ജറുസലേമിലേയും ജനത്തിനെതിരേ പ്രവാചകൻ നടത്തുന്ന വിധിപ്രസ്താവവും അനുതാപത്തിനുള്ള ആഹ്വാനവും അനുതപിച്ചാൽ കാരുണ്യപുർവം ക്ഷമിച്ച് ഐശ്വര്യം നല്കുന്ന ദൈവത്തെയുമാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. തിന്മയുടെയും അധർമ്മത്തിന്റെയും ആധിക്യവും ന്യായവിധിയുടെ തീവ്രതയും വെളിവാക്കുന്നതാണ്, സോദോമിന്റെ അധിപതികളേ, ഗൊമോറജനമേ എന്നു ജനത്തെ വിളിച്ചുകൊണ്ടുള്ള പ്രവാചകന്റെ അഭിസംബോധന. സോദോമിന്റെ പാപവും ഗൊമോറായുടെ അനീതിയും ഏറ്റവും വലിയ ദുഷ്ടതയായിട്ടാണ് ബൈബിൾചരിത്രത്തിൽ കാണുവാൻ സാധിക്കുന്നത്. ധർമ്മവും നീതിയും പാലിച്ച് ദൈവത്തോടു ചേർന്നുനില്ക്കാനും അവയില്ലാത്ത ബലിയർപ്പണങ്ങളും ആചാരങ്ങളും ദൈവമുമ്പിൽ നിരർത്ഥകമാണെന്നും പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. വഴിതെറ്റിപ്പോകുന്നവരെ ആട്ടിപ്പായിക്കുവാനല്ല മറിച്ച് ചേർത്തുനിർത്താൻ മാടിവിളിക്കുന്നവനാണ് അവിടന്ന്. കർത്താവരുൾചെയ്യുന്നു: നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ, നീതി അന്വേഷിക്കുവിൻ, മർദ്ദനം അവസാനിപ്പിക്കുവിൻ, അനാഥരോടു നീതിചെയ്യുവിൻ, വിധവകൾക്കുവേണ്ടി വാദിക്കുവിൻ. വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും (1,17–18).

മൂന്നാമത്തെ വായനയിൽ നാം കാണുന്നത്. പഴയനിയമം അതിന്റെ പൂർണതയിൽ പഠിച്ചിരുന്ന പൗലോസ് ഉപദേശിക്കുന്നത് മിശിഹായിൽ പഴയനിയമത്തെയെല്ലാം പൂർത്തീകരിച്ച് ക്രിസ്തുവിന്റെ നിയമത്തെ ജീവിക്കുന്നവരാകുവിൻ; അതു വഴി എല്ലാവരെയും നേടുവിൻ എന്ന കാര്യമാണ്. സഭയിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളും പരിശുദ്ധാരൂപിയാൽ നിറഞ്ഞ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളും അനുസ്മരിക്കുന്ന ശ്ലീഹാക്കാലത്തിന്റെ ചൈതന്യം പേറുന്നതാണ്



പ്രേഷിതനുണ്ടായിരിക്കേണ്ട മനോഭാവമാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നത്. ശ്ലീഹാക്കാലത്തെ ഒരു ധ്യാനവിഷയമാണല്ലോ സഭയുടെ പ്രേഷിതപ്രവർത്തനം. മിശിഹായുടെ സുവിശേഷം എല്ലാവർക്കുമായി നല്കപ്പെട്ടതാണ്. അതിനാൽ എല്ലാവരെയും നേടുക എന്നതാണ് തന്റെ ലക്ഷ്യം. അതിനുവേണ്ടി ക്രിസ്തുവിന്റെ നിയമം മുറുകെപ്പിടിച്ച് സുവിശേഷം പ്രസംഗിക്കുന്ന ശ്ലീഹായെയാണ് നമുക്കു കാണുവാൻ സാധിക്കുന്നത്. യഹൂദർക്കും ജനതകൾക്കും ഒരുപോലെ ബാധകമായ ദൈവനിയമം, അതായത് ക്രിസ്തുവിന്റെ നിയമം പാലിക്കുവാൻ ശ്ലീഹാ നമ്മെ വിളിക്കുന്നു.

ക്രിസ്തുവിന്റെ നിയമം എന്താണ് എന്നാണ് ഇന്നത്തെ സുവിശേഷം പറഞ്ഞുതരുന്നത്. മിശിഹായുടെ സുവിശേഷത്തിന്റെ കേന്ദ്രം വേറിട്ടൊരു ജീവിതരീതിയാണ്. അന്നുവരെയും പാലിച്ചുപോന്ന നിയമത്തിൽനിന്നു വ്യത്യസ്തമായൊരു ശൈലി: ശത്രുവിനെ വെറുക്കുക എന്നതിനു പകരം ശത്രുവിനെയും സ്നേഹിക്കുക, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുക, ശപിക്കുന്നവരെ അനുഗ്രഹിക്കുക തുടങ്ങി ഈശോ നിർദേശിക്കുന്ന വേറിട്ടൊരു ജീവിതശൈലിയാണ് സുവിശേഷ ഇന്നത്തെ വചനഭാഗങ്ങളെല്ലാം.

ഉത്തരവാദിത്വങ്ങളെല്ലാം ദൈവത്തിന്റെ പക്കൽനിന്നുള്ളതാണ് എന്ന ബോധ്യത്തോടെ നീതിപൂർവ്വം നിറവേറ്റുവാനും, ജ്ഞാനവും നീതിയും അറിവുമുള്ളവരായി വർത്തിക്കുവാനും ഒന്നാം വായനയും, നീതിപൂർവകമല്ലാത്ത ആചാരാനുഷ്ഠാനങ്ങളും അധർമം നിറഞ്ഞ പ്രവൃത്തികളും ദൈവം വെറുക്കുന്നുവെന്നു രണ്ടാം വായനയും, ദൈവത്തിന്റെ നിയമത്തിനു മുമ്പിൽ, അതായത് ക്രിസ്തുവിന്റെ സ്നേഹത്തിനുമുമ്പിൽ എല്ലാവരും സ്വീകാര്യരാണെന്നും അതിന് മിശിഹായുടെ നിയമമനുസരിച്ചു ജീവിക്കണമെന്നും പൗലോസ് ശ്ലീഹായും നമ്മെ ഓർമിപ്പിക്കുന്നു. മിശിഹായുടെ നിയമത്തിന്റെ ജീവിതം എപ്രകാരമാണെന്നു സുവിശേഷഭാഗം നമ്മെ പഠിപ്പിക്കുന്നു: തിന്മയെ നന്മകൊണ്ടു വിജയിക്കുവിൻ; മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ (6,31). നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (6,36).

□


## അനുഗ്രഹസ്മരണ





**ബാബു ജോസഫ്**

**മണക്കാട്ട്, പ്രവിത്താനം**







നോവൽ 12

# അശസ്ത്ര്യായനം



ഗിരീഷ് കെ. ശാന്തിപുരം

## കുരിശ് പൂക്കുന്ന താഴ്‌വരകൾ

**കാ**ളി ഭർത്താവ് കോരൻ അന്തോണിയെക്കാൾ ഏറെ പ്രായം കുറഞ്ഞവളാണ്. കാളിയിൽനിന്ന് യൗവനം പടിയിറങ്ങിയിട്ടില്ല. ഏറിയാൽ മുപ്പത്. അത്രയേ കാഴ്ചയിൽ മതിക്കൂ.

കഷ്ടപ്പാടിന്റെയും ദാരിദ്ര്യത്തിന്റെയും വടുക്കൾ വീണുകിടക്കുന്നതെങ്കിലും അവളുടെ മുഖത്തും നീണ്ടിടംപെട്ട കണ്ണുകളിലും അഭിലാഷങ്ങളുടെ കിനാമുകുളങ്ങൾ കുഞ്ഞച്ചൻ കണ്ടു. അമൂർത്തമായ തൃഷ്ണകളുടെ യാഗാശ്വങ്ങൾ അവളിൽ കുളമ്പാഴ്ത്തി നടക്കുന്നു.

"പടിക്കല് ചെന്നിട്ട് തമ്പ്രാൻ ഒന്നും തന്നില്ലേ കാളീ..."

കുഞ്ഞച്ചന്റെ ചോദ്യത്തിന് കാളി മറുപടിയുതിർത്തില്ല. അവൾ കൂടുതൽ മുഖം കുനിച്ചു. വ്യസനങ്ങളുടെ അദൃശ്യമായ ഒരു മുൾമുടി ശിരസ്സിൽ തറയുന്നു. അവളുടെ കഴുത്തിലെ കല്ല് ഇളകുന്നു.

ഇനി എന്താണ് കാളിയോടു സംസാരിക്കേണ്ടതെന്ന് കുഞ്ഞച്ചനു നിശ്ചയമുണ്ടായിരുന്നില്ല. വെറുതെ ഒരു ചോദ്യത്തിനും അവളുടെ മൗനത്തിനും വലിയ പ്രസക്തിയൊന്നുമില്ലെന്ന് കുഞ്ഞച്ചൻ കണ്ടു.

കുഞ്ഞച്ചൻ കുപ്പായക്കീശയിൽ തപ്പിനോക്കി. ഒരു രൂപ മാത്രമാണ് കുഞ്ഞച്ചന്റെ പക്കലുണ്ടായിരുന്നത്. അത് അന്തോണിയുടെ കൈവെള്ളയിൽ വച്ചുകൊടുത്തുകൊണ്ടു പറഞ്ഞു: "പറ്റുമെങ്കിൽ നാളെ രാവിലെ അല്ലെങ്കിൽ അടുത്ത ഞായറാഴ്ച അന്തോണി പള്ളിയിലേക്കു വരണം."

"ഓ..." അന്തോണി പറഞ്ഞു.

കുഞ്ഞച്ചൻ തിരിഞ്ഞുനടന്നു. ഒപ്പം കപ്യാരും ഉപദേശിയും. അന്തോണി - കാളി ദമ്പതികളുടെ കുട്ടികളെ കണ്ടില്ല. എത്ര കുട്ടികളുണ്ടാവും അവർക്ക്... ചോദിക്കാൻ മറന്നു.

അവർ എവിടെ പോയിരിക്കും? ഒരു പക്ഷേ എന്തെങ്കിലും ആഹാരം തേടി ഈ കുന്നിൻചെരുവിലെ വേനൽത്തണലുകളിലൂടെ അലഞ്ഞുതിരിയുന്നുണ്ടാകും. കുഞ്ഞച്ചന്റെ ഹൃദയം ഖിന്നതയാൽ നിറഞ്ഞു. ഇവരുടെ ജീവിതത്തിൽനിന്ന് സങ്കടങ്ങളുടെ കാർമേഘപടലങ്ങൾ എന്നു വഴിമാറിപ്പോകും... അസത്യവും വ്യാജവും എന്നാണ് ഇവരിൽനിന്ന് ഒഴിഞ്ഞുപോകുക?

കുഞ്ഞച്ചനും കൂട്ടരും പോകുന്നതു നോക്കി അന്തോണിയും കാളിയും കുറച്ചുനേരം അങ്ങനെ നിന്നു. കാളിയുടെ മനസ്സിന്റെ മുറുക്കം ഒന്നയഞ്ഞു കിട്ടി. അവൾ ഒരു ദീർഘനിശ്വാസമുതിർത്തു.

കുഞ്ഞച്ചനെക്കുറിച്ച് പടിക്കലെ തമ്പ്രാട്ടിയിൽനിന്നു കേട്ടറിഞ്ഞ ധാരണകൾ കടപുഴകി. ഉള്ളിലുണ്ടായിരുന്ന ഭയത്തിനും വെറുപ്പിനും പകരം ഒരു ബഹുമാനം ഉറവ് പൊട്ടുന്നു. മല കയറി വരുന്ന ഒരു ഈറൻകാറ്റിന്റെ സൗഖ്യം പ്രദാനം ചെയ്യുന്നുണ്ട് കുഞ്ഞച്ചൻ.

അവൾ നോക്കുമ്പോൾ കുഞ്ഞച്ചനും കൂട്ടരും ഒരു കല്ലേറ് ദൂരം പിന്നിട്ടിരിക്കുന്നു. കുഞ്ഞച്ചന്റെ പോക്കു കണ്ടാൽ ഒരു നീളൻകുപ്പായത്തിൽ ഒരു കുരികിൽപ്പക്ഷി പറക്കുകയാണെന്നേ തോന്നൂ.

കുഞ്ഞച്ചൻ നേരേ ചീരുകണ്ടന്റെ വീട്ടിലേക്കാണു പോയത്. അന്തോണിയുടെ കൂരയിൽനിന്ന് അധികം അകലത്തൊന്നുമായിരുന്നില്ലത്. ഏറിയാൽ ഒരു വിളിപ്പാടു ദൂരം.

ഉപദേശിമാരും ഈ പ്രദേശത്തെ മറ്റു ക്രിസ്ത്യാനികളും പലവട്ടം പറഞ്ഞിട്ടും ഹിലാരിയോസച്ചന്റെ ധ്യാനത്തിനോ ജ്ഞാനസ്നാനത്തിനോ മനസ്സു കാട്ടാതിരുന്ന ആളാണ് ചീരുകണ്ടൻ. അല്പസ്വല്പം മന്ത്രവാദവും ചാട്ടവും തുള്ളലും ഒക്കെയുള്ള ആൾ.

കുഞ്ഞച്ചൻ ചീരുകണ്ടനെ നേരിൽ കണ്ടിട്ടില്ല. കേട്ടറിവ് മാത്രമാണുള്ളത്. ഏതായാലും ചീരുകണ്ടനെ ഇന്ന് നേരിൽ കാണുക തന്നെ വേണം എന്നുറച്ചു തന്നെയാണ് പുറപ്പെട്ടത്.

ഒരാൾപൊക്കമുള്ള കയ്യാലപ്പുറത്തേക്ക് കഴകൾ വച്ച് ഓല മേഞ്ഞ ഒരു കൊച്ചുകുടിൽ. മെടയാത്ത തെങ്ങോലകൾ കുത്തിമറിച്ച ഒന്ന്.

പക്ഷേ, ആ പരിസരത്തെങ്ങും ആരെയും കണ്ടില്ല. ഒച്ചയനക്കങ്ങളേതുമില്ലാതെ കുടിൽ മൗനത്തിന്റെ ഒരു മൂർത്തരൂപം പോലെ നിന്നു. കാറ്റു മാത്രം വൃക്ഷക്കൊമ്പുകളിൽ ശബ്ദിച്ചുകൊണ്ടിരുന്നു.

"ഇവിടെങ്ങും ആരുമില്ല." ഉപദേശി പറഞ്ഞു.

ഓല ചാരി വാതിൽ മറച്ചിരുന്നു. കുടിൽ, വേനലിൽ ജീവനറ്റുപോയ ഒരുണക്കമരം പോലെ നിന്നു. എപ്പോൾ വേണമെങ്കിലും നിലംപൊത്താവുന്നപോലെയായിരുന്നു അതിന്റെ നില്പ്. ഉഷ്ണക്കാറ്റിൽ മേച്ചിലോലകൾ അന്ത്യശ്വാസം വലിച്ചുകൊണ്ടിരുന്നു.

''ഇവിടെ ആരുമില്ലേ...?'' കുഞ്ഞച്ചൻ ശബ്ദമുയർത്തി. കുഞ്ഞച്ചന്റെ ചിതറിയ ശബ്ദം കാറ്റെടുത്തുപോയതല്ലാതെ പ്രതികരണമുണ്ടായില്ല. കൂരയ്ക്കു സമീപമുള്ള വടവൃക്ഷങ്ങൾ പഴുത്തിലകൾ പൊഴിച്ചുകൊണ്ടിരുന്നു.

ആരെയും കാണാത്തതിലുള്ള നിരാശയോടെ അവർ മടങ്ങാനൊരുങ്ങുകയായിരുന്നു. അപ്പോഴാണ് ഒരു ഞരക്കം കുഞ്ഞച്ചന്റെ കാതുകളിൽവന്നു പതിച്ചത്. അതോ തനിക്കു തോന്നിയതോ...? അല്ല. തോന്നലല്ല. കുഞ്ഞച്ചൻ തീർച്ചപ്പെടുത്തി.

"അകത്ത് ആരോ ഉണ്ടെന്നു തോന്നുന്നു.'' കുഞ്ഞച്ചൻ പറഞ്ഞു.

ഉപദേശി വാതിൽ ചാരിയിരുന്ന തെങ്ങോലവിടവിലൂടെ അകത്തേക്കു പാളിനോക്കി. അകത്ത് നിഴൽപോലെ എന്തോ ഒന്ന്.

"അകത്ത് ആളുണ്ടച്ചോ..." ഉപദേശി പറഞ്ഞു.

അവർ വാതിൽമറ മാറ്റി. അകത്ത് പൊടിമണ്ണിൽ അട്ടയെപ്പോലെ ഒരാൾ ചുരുണ്ടുകൂടിക്കിടക്കുന്നു. മനംപിരട്ടലുണ്ടാക്കുന്ന ദുർഗന്ധത്തിൽ മുങ്ങിയാണ് അതു കിടക്കുന്നത്.

അവർ അകത്തേക്കു കയറി. അതൊരു സ്ത്രീയാണെന്ന് അവർ കണ്ടു. മാംസം വറ്റിപ്പോയ അതിന്റെ എല്ലിൻകൂടിന്മേൽ പൊടി പുരണ്ട വരണ്ട തൊലിയിൽ വ്രണങ്ങൾ പഴുത്തൊലിക്കുന്നുണ്ടായിരുന്നു. ജീവനുണ്ടെന്നതിനു തെളിവായി അതു ശേഷിപ്പിക്കുന്നത് ദീനമായ ഒരു ഞരക്കം മാത്രം.

കുഞ്ഞച്ചൻ ആ സ്ത്രീക്കടുത്തായി കുന്തിച്ചിരുന്നു. നെറ്റിമേൽ കൈത്തലം വച്ചു. കുഞ്ഞച്ചന്റെ കൈകളിലൂടെ ആഗതമാകുന്ന ഒരു മരണത്തിന്റെ തണുപ്പ് ഇരച്ചുകയറി. ആഴങ്ങളിൽനിന്നുള്ള അതിന്റെ നോട്ടം എങ്ങുമെത്തുന്നില്ല. വരണ്ടു പിളർന്ന അതിന്റെ ചുണ്ടുകൾക്കുള്ളിൽ ഉണങ്ങിയ നാവ് എന്തിനോ വേണ്ടി ചലിച്ചുകൊണ്ടിരുന്നു.

അടുപ്പിനടുത്തിരുന്ന വക്കടർന്ന മൺപാത്രത്തിനുള്ളിൽ കഞ്ഞിവെള്ളമാണെന്നു തോന്നി. പക്ഷേ, അതു പഴകിയതും പുളിച്ചു നാറ്റം വർഷിക്കുന്നതുമായിരുന്നു. അവിടെയെങ്ങും മറ്റൊരു പാത്രത്തിൽ തുള്ളി വെള്ളം പോലും കണ്ടതുമില്ല.

കുഞ്ഞച്ചനും ഉപദേശിയും കപ്യാരും കൂടി അതിന്റെ ദേഹത്തെ അഴുക്കുകൾ തുടച്ചുമാറ്റി. നിലത്തെ പൊടി തട്ടി മറ്റൊരു തുണിവിരിച്ച് അതിലേക്കു മാറ്റിക്കിടത്തി. മറ്റൊന്നുകൊണ്ട് അതിന്റെ നഗ്നത മറച്ചു. അനന്തരം കുഞ്ഞച്ചൻ ഒരു ചെറിയ കുപ്പിയിൽ തന്റെ പോക്കറ്റിൽ സൂക്ഷിച്ചിരുന്ന ഹന്നാൻവെള്ളം അരുമയോടെ അതിന്റെ ചുണ്ടിൽ ഇറ്റിച്ചു കൊടുത്തു.

''ഇത് ജീവനുള്ള ദൈവത്തിന്റെ ദാഹജലം."

ഒരിറക്ക് അവർ കുടിച്ചിട്ടുണ്ടാകാം. ബാക്കി ചുണ്ടുകൾക്കിടയിലൂടെ പുറത്തേക്കൊഴുകി. കുഞ്ഞച്ചൻ അതു തുടച്ചുമാറ്റി.

അവരുടെ കുഴിഞ്ഞ കണ്ണുകളിൽ ഒരു പിൻനിലാവ് പൂക്കുന്നത് കുഞ്ഞച്ചൻ കണ്ടു. അവരുടെ നോട്ടം ലക്ഷ്യമേതുമില്ലാതെ തെന്നിപ്പോകുന്നു. ഒടുവിൽ അത് കുഞ്ഞച്ചനിൽ വന്നു തറഞ്ഞു. ഇപ്പോൾ ഒരു നിഴൽപോലെ അവർ കുഞ്ഞച്ചനെ കാണുന്നുണ്ടാവും.

അവരുടെ ശിരസ്സ് കുഞ്ഞച്ചൻ മെല്ലെയുയർത്തി. പിന്നെ ചെവിയിൽ ഇപ്രകാരം ഉദീരണം ചെയ്തു:

"ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിനു കൂട്ടായിരിക്കേണമേ..."

ശേഷം കുഞ്ഞച്ചൻ അവരുടെ ശിരസ്സിൽ ഹന്നാൻവെള്ളം തളിച്ചു. 'അന്ന' എന്നു പേരു വിളിച്ചു.

പുറത്ത് തണൽ തേടിപ്പറക്കുന്ന വേനൽപ്പക്ഷികൾ ആ പേര് ഏറ്റുവിളിച്ചു: 'അന്ന'. വൃക്ഷക്കൊമ്പുകളിൽ വെയിൽക്കാറ്റും അതേറ്റു. 'അന്ന'. നാമധാരി അറിയാതെ ആ പേര് അവിടമാകെ പറന്നുനടന്നു. അന്നയുടെ ഉള്ളിൽനിന്ന് ഒരു പ്രാവിന്റെ ചിറകടി, ഒരു കുറുകൽ കുഞ്ഞച്ചൻ കേട്ടു.

"നീ ഇന്ന് യേശുവിനോടൊപ്പം പറുദീസയിലായിരിക്കും." ശബ്ദമില്ലാതെ കുഞ്ഞച്ചൻ പറഞ്ഞു.



പുറത്ത് മദ്ധ്യാഹ്നവെയിൽ പെയ്തുകൊണ്ടിരുന്നു. അവർ പുറത്തെ വെയിലിലേക്കിറങ്ങി. അപ്പോഴും കുടിലിന്റെ പരിസരത്തൊന്നും ആരെയും കണ്ടില്ല.

പക്ഷേ, അവിടെ മരണത്തിന്റെ ദൂതൻ മാർജ്ജാരപാദങ്ങളൂന്നി നടക്കുന്നതിന്റെ പതുപതുത്ത പാദപതനങ്ങൾ കുഞ്ഞച്ചൻ കേട്ടു. കുഞ്ഞച്ചൻ തന്റെ കൂടെയുള്ളവരോടു പറഞ്ഞു:

''ഈ പകൽ അന്നയുടെ അവസാനത്തേതാണ്..."

അതൊരു ദീർഘദർശിയുടെ ശബ്ദമായിരുന്നു. ഉപദേശിയും കപ്യാരും വിടർന്ന കണ്ണുകളോടെ അന്നയെ നോക്കി.

"നാളത്തെ പുലരി കാണാൻ അന്നയുണ്ടാവില്ല." കുഞ്ഞച്ചൻ വീണ്ടും പറഞ്ഞു.

ആ സ്ത്രീയെ ഒറ്റയ്ക്കാക്കി പോരാൻ കുഞ്ഞച്ചന്റെ മനസ്സനുവദിച്ചില്ല. അന്ന യാത്ര പറയാനൊരുങ്ങുകയാണ്. ഈ ഭൂമിയിലെ നാട്യങ്ങളുടെ വേഷവിധാനങ്ങളഴിച്ചുവച്ച് അതിനു പിന്നിലേക്കു മടങ്ങിപ്പോകാനുള്ള ഒരുക്കം. പൊടിയിൽ നിന്നുരുവായവൾ പൊടിയിലേക്കു തന്നെ മടങ്ങുന്നു.

വിവേകിയല്ലാത്ത ഒരുവന്റെ ജീവിതം ഒരു മിഥ്യാസ്വപ്നം പോലെയാണ്. അതൊരു മായാരൂപം പോലെ. ആകാശവിതാനത്തിൽ യാതൊരു അടയാളവും കോറിയിടാനാകാത്ത കഴുകന്റെ പറക്കൽപോലെ. യാതൊരു അടയാളവും ശേഷിപ്പിക്കാതെ സമുദ്രത്തിൽ യാത്ര ചെയ്യുന്ന കപ്പൽ പോലെ.

അന്നയുടെ ജീവിതം എങ്ങനെ ആയിരുന്നിരിക്കും? ജാഗ്രത്തായ ഒന്നായിരുന്നോ അത്? അതോ കാലഗതിക്കൊപ്പം മാഞ്ഞും മറഞ്ഞും വീശുന്ന കാറ്റുപോലെ വൃഥാവിലായിരുന്ന ഒന്നോ...?

ഏദനിലെ സർപ്പത്തിന്റെ പ്രലോഭനം എത്രവട്ടം ഇവളെ കീഴടക്കിയിരുന്നിരിക്കും...? എത്രവട്ടം അന്ന അതിനെയൊക്കെ അതിജീവിച്ചിരിക്കും...? എപ്പോഴെങ്കിലും നിത്യസത്യമായ ദൈവത്തിന്റെ പക്കലേക്ക് ഇവൾ കണ്ണുകൾ നീട്ടിയിരിക്കുമോ...?

തീ പിടിച്ച ഒരാത്മാവിനെപ്പോലെ കുഞ്ഞച്ചൻ അങ്ങനെയൊക്കെ ചിന്തിച്ചു. വൃഥാവിലുള്ള ഒരു ചിന്ത എന്നതിലപ്പുറം നിത്യമായ അന്ധകാരത്തിലേക്കു കടന്നുപോയേക്കാവുന്ന ഒരാത്മാവിനെക്കുറിച്ചുള്ള വിലാപങ്ങളായിരുന്നത്.

കുഞ്ഞച്ചൻ എത്രയും വേഗം അന്തോണിയെ കൂട്ടിക്കൊണ്ടുവരാൻ ഉപദേശിയെ പറഞ്ഞയച്ചു. പിന്നെ വീണ്ടും കുടിലിനകത്തേക്കു കയറി.

*ശേഷം 13-ാംപേജിൽ*


# ഖജനാവ് നിറയട്ടെ ഐസക്ക് ചിരിക്കട്ടെ!



പ്രിൻസ്‌രാജ്

"നയാ പൈസയില്ല
കൈയിലൊരു
നയാപൈസയില്ല
നഞ്ചുവാങ്ങി തിന്നാൻപോലും
നയാപൈസയില്ല"

ആദ്യമലയാള ഹാസ്യസിനിമയായ 'നീലിസാലി'ക്കുവേണ്ടി പി. ഭാസ്കരൻ എഴുതി, കെ. രാഘവൻ ഈണം പകർന്ന്, മെഹ്ബൂബ് പാടി അനശ്വരമാക്കിയ ഗാനം. ഇല്ലായ്മയും വല്ലായ്മയും കുത്തിയൊലിച്ചെത്തിയ ഈ കൊറോണക്കാലത്തിനു തികച്ചും ചേർന്ന ഗാനം.



എന്നാൽ, ഈ ഗാനം ഇപ്പോൾ കേൾക്കുമ്പോൾ മലയാളികളുടെ മനസ്സിൽ മറ്റൊരു സുന്ദരമുഖമാവും പൊതുവിൽ തെളിയുക. ധനമന്ത്രി ഡോ. തോമസ് ഐസക്കിന്റെ മുഖം. നന്നായി ചിരിക്കുന്ന ആളായിരുന്നു അദ്ദേഹം. ചിരിച്ചുകൊണ്ടു മാത്രം സംസാരിക്കുന്ന അപൂർവ്വം കമ്യൂണിസ്റ്റുകാരിൽ ഒരാൾ. ധനമന്ത്രിയാക്കാൻ സാമ്പത്തികശാസ്ത്രത്തിലുള്ള വൈദഗ്ധ്യത്തെക്കാൾ ഡോ. തോമസ് ഐസക്കിൽ മാർക്സിസ്റ്റ് പാർട്ടി കണ്ടെത്തിയ വലിയ പ്ലസ് പോയ്ന്റ് ഈ 'സുസ്മേരവദനത' ആയിരിക്കാം. പക്ഷേ, തോമസ് ഐസക്കിന്റെ ട്രേഡ്മാർക്കായ ആ ചിരി മാഞ്ഞിട്ട് ഏതാനും മാസങ്ങളായി. സുസ്മേരവദനനായിരുന്ന തോമസ് ഐസക്ക് മ്ലാനവദനനായി. വരുമാനമാർഗ്ഗങ്ങളെല്ലാം അടഞ്ഞു. ചെലവാണെങ്കിലോ കുമിഞ്ഞുകൂടി. കോവിഡ് പ്രതിരോധനടപടികൾ, ചികിത്സ, സൗജന്യഭക്ഷണക്കിറ്റ്, പലവിധ ക്ഷേമ പെൻഷനുകൾ തുടങ്ങി ചെലവുകളുടെ പെരുമഴക്കാലം. ഖജനാവിലാണെങ്കിലോ ഒരു വകയുമില്ല. പിന്നെങ്ങനെ ഐസക്കിനു ചിരിക്കു വകയുണ്ടാകും? മുഖ്യൻ കഴിഞ്ഞാൽ മന്ത്രിസഭയിലെ രണ്ടാമൻ ധനമന്ത്രിയാണെന്നാണു വയ്പ്. ആഭ്യന്തരവും മുഖ്യൻ കൈയാളുന്ന സാഹചര്യത്തിൽ, ഗ്ലാമർ പോസ്റ്റാണ്. കാശു തരേണ്ടയാൾ എന്ന നിലയിൽ മന്ത്രിസഭയിലെ മറ്റെല്ലാ അംഗങ്ങളും സ്പെഷൽ ബഹുമാനത്തോടെ നോക്കിക്കാണുന്ന അംഗം. എന്നാൽ, ഈ വറുതിക്കാലത്തു ധനമന്ത്രിയുടെ യഥാർത്ഥ സ്റ്റാർവാല്യൂ ഐസക് തിരിച്ചറിയുന്നു. ചെലവുകൾക്കുള്ള വക കണ്ടെത്താൻ ഉത്തരവാദപ്പെട്ട ഒരേയൊരാൾ എന്നതാണത്. അതുകൊണ്ടുതന്നെ മുഖ്യൻ അടക്കം മറ്റെല്ലാ അംഗങ്ങളും ഹാപ്പിയാണ്. കൊറോണയെക്കാൾ വലിയവനെ കണ്ടിരിക്കുന്നു എന്ന ഭാവം. മുല്ലപ്പെരിയാർ പ്രക്ഷോഭം കത്തിനിന്ന നാളുകളിൽ ജലവിഭവമന്ത്രിയായിരുന്ന പി.ജെ. ജോസഫ് പ്രതികരിച്ചപോലെ (ഡാം തകരുമെന്ന ഭീതിമൂലം എനിക്ക് ഉറങ്ങാൻ കഴിയുന്നില്ല) ഐസക്ക് പ്രതികരിക്കുന്നില്ല എന്നു മാത്രം. എങ്കിലും, സ്ഥിതി സമാനം തന്നെ. 'ഈ സ്ഥിതിയും കടന്നുപോം, വന്ന പോലൊരിക്കൽ' എന്നു കവി ചൊല്ലിയത് അക്ഷരാർത്ഥത്തിൽ ശരിയായിരിക്കുന്നു. ഖജനാവിലേക്കു പണമൊഴുക്കു പുനരാരംഭിച്ചുകഴിഞ്ഞു. ഒഴുക്കു നാൾക്കുനാൾ ശക്തിപ്പെടുന്നു എന്നുമാണു റിപ്പോർട്ട്. മൂന്നു മാസം മുമ്പ് എവിടെയോ മറഞ്ഞ ഐസക്കിന്റെ സ്വതഃസിദ്ധമായ ചിരി മടങ്ങിവരാൻ വക കാണുന്നു. അതിൽ ജി.എസ്.ടി., ഐ.ജി.എസ്.ടി., ഇന്ധനനികുതി, രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, ബെവ്കോ എന്നിവയാണ് സംസ്ഥാനസർക്കാരിന്റെ മുഖ്യവരുമാനസ്രോതസ്സുകൾ. ഏപ്രിലിൽ സമ്പൂർണ ലോക്ഡൗൺ ആയിരുന്നതിനാൽ ഈ വകയിലുള്ള വരുമാനമത്രയും നാമമാത്രമായിരുന്നു. ഇന്ധനികുതിയായി മാസം ശരാശരി 600 കോടി രൂപയാണ് ഖജനാവിലേക്ക് എത്തിക്കൊണ്ടിരുന്നത്. ഏപ്രിലിൽ ആ ഇനത്തിലെ വരവ് 26 കോടി! രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി വകയിൽ കിട്ടിയതാകട്ടെ 12 കോടിയും. കഴിഞ്ഞ മാസം കാര്യങ്ങൾ നന്നായി മെച്ചപ്പെട്ടു എന്നാണു കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്ധനനികുതിയായി 150 കോടിയും രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി വകയിൽ 144 കോടിയും, ഈ മേയിൽ ഖജനാവിലെത്തിയത്രേ. ഇതിനൊക്കെ പുറമേ, ജി.എസ്.ടി., നഷ്ടപരിഹാരമായി കേന്ദ്രസർക്കാരിന്റെ വക 2048 കോടിയും, ജൂൺ അഞ്ചാം തീയതി ഖജനാവിലെത്തി. ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള മൂന്നു മാസത്തെ കുടിശ്ശികയാണത്. പ്രതിമാസം 2800 കോടി രൂപ ജി.എസ്.ടി., ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിനു പിരിഞ്ഞുകിട്ടിയില്ലെങ്കിൽ ആ കുറവു കേന്ദ്രം നികത്തും എന്നാണു വ്യവസ്ഥ. ഇതിനെല്ലാം പുറമെ ഒരായിരം കോടി രൂപ റിസർവ്വ് ബാങ്ക് മുഖേന വായ്പയായി സ്വരൂപിക്കുന്നുമുണ്ട്. വരുമാനവാർത്തകൾ ശുഭോദർക്കം തന്നെ. ഇതിന്റെയെല്ലാം അർത്ഥം വലിയ അല്ലലില്ലാതെ കാര്യങ്ങൾ അവശ്യം നടക്കാനുള്ള സാഹചര്യം ഉരുത്തിരിയുന്നു എന്നാണ്. കൊറോണയുടെ ആശങ്ക ഒഴിയുന്നില്ലെങ്കിലും സാമ്പത്തികഞെരുക്കം മൂലമുള്ള സർക്കാരിന്റെ ആശങ്കയ്ക്കു തെല്ലൊരു കുറവുണ്ടാകുന്നു എന്നതു വലിയൊരു ആശ്വാസവാർത്തയാണ്. ഖജനാവു പോകപ്പോകെ നിറയുമ്പോൾ, അതിന്റെ സൂക്ഷിപ്പുകാരനായ ഡോ. തോമസ് ഐസക്കിന്റെ മുഖത്തു പുഞ്ചിരി വിടരുക തന്നെ ചെയ്യും.

□

# താളം തെറ്റുന്ന പ്രതീക്ഷകൾ

പ്രണയപാഠാവലി (44)



ഡോ. ആന്റണി ജോസ്

വ്യക്തമായ ബോധ്യങ്ങളില്ലാതെ കുടുംബജീവിതത്തിലേക്കു കടന്നുവരുന്നവർക്ക് എങ്ങനെയാണു പ്രശ്നങ്ങൾ വന്നുകൂടുകയെന്നു കാണുകയുണ്ടായി. ഇനിയുള്ളത് സ്വന്തമായ കാഴ്ചപ്പാടുകളുമായി എത്തുന്നവരാണ്. ആദർശങ്ങളാണ് അവരുടെ കർമ്മപഥത്തിലെ വിളക്കുമരങ്ങൾ.

ഭർത്താവ് ആഗ്രഹിക്കും - എനിക്കല്പം കുറവുവന്നാലും അവൾക്കു മുട്ടുണ്ടാകരുത്.

ഭാര്യ സ്വപ്നം കാണും- എങ്ങനെയും പ്രിയനെ സന്തോഷിപ്പിക്കണം. എന്റെ സ്വർഗ്ഗം അവന്റെ മുഖപ്രസാദത്തിലാണ്.



എന്നാൽ, ഈ മാതൃകാജീവിതത്തിന്റെ നാൾവഴികളിലെവിടെയോ വച്ച് കാർമേഘങ്ങൾ ഉരുണ്ടുകൂടുകയുണ്ടായി. കാരണങ്ങൾ അനവധിയാകാം. എങ്കിലും, ഒട്ടും അപ്രസക്തമല്ലാത്ത ഒന്ന് 'വ്യക്തിനിഷ്ഠമായ പ്രതീക്ഷകൾ' (Personal expectations) എന്ന ആശയവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പ്രതീക്ഷകൾ പങ്കാളികൾ അന്യോന്യം വച്ചുപുലർത്തുന്നതാണ്. അതിനൊത്ത് പങ്കാളി ഉയരാതിരിക്കുമ്പോൾ, കുടുംബകലഹത്തിന്റെ ജാതകം കുറിക്കപ്പെട്ടു എന്നു കരുതാം.

ഒരു ദൃഷ്ടാന്തം നോക്കുക. ദമ്പതിമാർ സസന്തോഷം ജീവിച്ചു വന്ന ഒരു കുടുംബം. ഭർത്താവ് എല്ലാക്കാര്യങ്ങളിലും അവൾക്കൊപ്പമുണ്ട്. മുറ്റമടിക്കും, വീട് വൃത്തിയാക്കും, അടുക്കളജോലികളിലൊക്കെ സഹായിക്കും. ഇഷ്ടമുള്ള സ്ഥലങ്ങളിലൊക്കെ അവളെയുംകൊണ്ട് യാത്രയും പോകും. ഇതൊന്നും അയാൾ നിർവാഹക്കേടുകൊണ്ട് ചെയ്തുപോരുന്നതല്ല എന്നു പ്രത്യേകം ഓർക്കണം. അതാണയാളുടെ സന്തോഷം! അങ്ങനെയിരിക്കെ അവരുടെ സമാധാനനിർഭരമായ പരിസരങ്ങളിൽ ഒരു ചുഴലി രൂപമെടുത്തു... കാര്യമറിയാതെ ഭർത്താവ് ചിന്താക്കുഴപ്പത്തിലായി. ആദ്യമൊക്കെ അടക്കിയൊതുക്കി വച്ചിരുന്നെങ്കിലും, പിന്നെപ്പിന്നെ താളഭംഗങ്ങൾ പതിവായി. അവളുടെ സ്വതഃസിദ്ധമായ സൗമ്യത കുറ്റപ്പെടുത്തലിനും അസംതൃപ്തിക്കും വഴിമാറിക്കൊടുത്തു.

അത്യന്തം നാടകീയമായ സംഭവപരമ്പരകളെ പടലവള്ളികണക്കെ അഴിച്ചെടുത്താൽ ഒരു കാര്യം നമ്മെ വിസ്മയിപ്പിക്കും. സാമാന്യബുദ്ധിക്കതീതമായ പ്രഹേളികകളൊന്നുമായിരുന്നില്ല അവളുടെ പ്രശ്നം. വെറും നിസ്സാരവും, ഒരു പക്ഷേ, ബാലിശവുമായ ഒന്ന്. വീട്ടിൽ (അവളുടെ) നമുക്കൊന്നു പോകണ്ടേ, എന്ന് ഭർത്താവ് ഇതുവരെ ചോദിച്ചിട്ടില്ലത്രേ! എല്ലാ ഞായറാഴ്ചയും മുടങ്ങാതെ അവരിരുവരും വീട്ടിൽ പോകാറുണ്ട്. എന്നിട്ടുമെന്താണ് ഇങ്ങനെയൊരാരോപണം?

പ്രശ്നത്തിന്റെ ഉറവിടം അവളുടെ വ്യക്തിനിഷ്ഠമായ പ്രതീക്ഷയിലാണ്. താൻ ആവശ്യപ്പെടാതെ, ഭർത്താവ് മുൻകൈയെടുത്തുവേണം ആ യാത്ര ക്രമീകരിക്കുവാൻ. അവിടെയാണ് അവൾക്കു പ്രണയസാക്ഷാത്കാരം! ഈ മനോഭാവത്തെ ഉൾക്കൊള്ളുവാൻ ഭർത്താവിനു പെട്ടെന്നൊന്നും സാധിച്ചെന്നു വരില്ല. അയാൾ, തന്റെ കടമ എത്ര കൃത്യമായി നിറവേറ്റിയെന്ന നിലപാടിലായിരിക്കും ഉറച്ചുനിൽക്കുക.

വ്യക്തിനിഷ്ഠമായ പ്രതീക്ഷകൾ ആണിനും പെണ്ണിനും ഉണ്ടാകും. 'അറിഞ്ഞു നൽകൽ' എന്ന പ്രണയപാഠമാണ് വിജയം വരിക്കാനുള്ള വഴികാട്ടി. പിന്നെ പങ്കാളിയെ ഒരു പുസ്തകം പോലെ വായിച്ചെടുക്കലും. ആ വായനയിൽ ഹൈലൈറ്റ് ചെയ്ത ചില വരികൾ കണ്ടെത്താൻ കഴിയും. അതവൾ (അവൻ) നൽകുന്ന പരോക്ഷസൂചനകളാണ്. അല്ലെങ്കിൽ ഉദാഹരണങ്ങളാണ്. ചിലപ്പോൾ അനിയത്തിയുടെ ഭർത്താവിനെ ഉദ്ധരിക്കാം: "അവൻ എല്ലാ ഞായറാഴ്ചയും രാവിലെ തന്നെ ചോദിക്കും; ഇന്നെപ്പഴാ വീട്ടിൽ പോകുന്നതെന്ന്."

വ്യക്തിനിഷ്ഠപ്രതീക്ഷകളുടെ സഫലീകരണത്തിനുള്ള വിളിയാണത്. ഇങ്ങനെ പരശതം ഉദാഹരണങ്ങൾ ഭാര്യയും, ഭർത്താവ് പരസ്പരം നിരത്തിവയ്ക്കാം. അതിനു ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. വലിയ കാര്യങ്ങൾ ചെയ്യുമ്പോഴും, അത്യപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുമ്പോഴും ഓർക്കുക - തീർത്തും നിസ്സാരവും ബാലിശവുമായ 'വ്യക്തിനിഷ്ഠത'യായിരിക്കാം, വലിയ കോലാഹലങ്ങൾക്കു കോപ്പുകൂട്ടുക.

□

# അഗസ്ത്യായനം

11-ാം പേജ് തുടർച്ച

അന്നയുടെ അടുത്തായി ഇരുന്നു. ലക്ഷ്യമേതുമില്ലാതെ ഉഴറി നടക്കുകയായിരുന്ന അവരുടെ നെറ്റിയിൽ മൃദുവായി തലോടി. അന്നയുടെ ചിതറിപ്പോയിരുന്ന മനസ്സ് അപ്പോൾ എന്തെന്നില്ലാത്ത ഒരു സാന്ത്വനമനുഭവിച്ചു. അന്ന സാവധാനം ഇമകൾ ചാരി.

കുഞ്ഞച്ചൻ പുറത്തേക്കിറങ്ങി. വെയിൽ ചായുകയും മങ്ങുകയും ചെയ്തിരുന്നു. കാറ്റിന് ഉഷ്ണമകലാനും തുടങ്ങിയിരുന്നു.

ഉപദേശിയോടൊപ്പം അന്തോണി വന്നു. പിന്നാലെ കാളിയുമുണ്ടായിരുന്നു. കുഞ്ഞച്ചൻ അന്തോണിയെ കാര്യങ്ങൾ ഗ്രഹിപ്പിച്ചു.

"അകത്തു കിടക്കുന്ന സ്ത്രീ മരണാസന്നയാണ്. അതുകൊണ്ട് ഈ വീട്ടുകാർ വരുന്നതുവരെ അവരെ തനിച്ചാക്കി പോകരുത്."

കാളി അകത്തേക്കു കയറി. ചീരുകണ്ടന്റെ അമ്മയ്ക്കടുത്തായി ഇരുന്നു. അവരുടെ നെഞ്ചിൻകൂട് ഉയർന്നു താഴുന്നു. കാളി മെല്ലെ നെഞ്ച് തടവിക്കൊടുത്തു.

ചീരുകണ്ടൻ എവിടെപ്പോയതാണെന്ന് ആർക്കുമറിയില്ല. അതിരാവിലെ കിഴക്കോട്ട് കുന്നിറങ്ങിപ്പോകുന്നത് അന്തോണി കണ്ടിരുന്നു. എവിടേക്കെന്ന് അന്തോണി ചോദിച്ചില്ല. ചോദിച്ചാലും പറഞ്ഞെന്നു വരില്ല.

ചീരുകണ്ടൻ അങ്ങനെയാണ്. ആരോടും വലിയ സമ്പർക്കമൊന്നുമില്ല. എന്നും വെട്ടം വീഴുമ്പോഴേ കുന്നിറങ്ങിപ്പോകും.

പേയിനെ പിടിക്കാനും മന്ത്രവാദം ചെയ്യാനും വശമുണ്ട്. അതുമായി എവിടെയെങ്കിലും കറങ്ങിത്തിരിയും. രാത്രിയിൽ റാക്കിന്റെ ലഹരിയിൽ ചൂട്ടുകറ്റ മിന്നിച്ച് ചീരുകണ്ടൻ കുന്നു കയറിവരും. അതാണു പതിവ്.

അമ്മ തേയിയും കെട്ടിയോള് കുറുമ്പയും എങ്ങനെ ജീവിക്കുന്നു എന്ന് ചീരുകണ്ടൻ ആലോചിക്കാറില്ല. വല്ലപ്പോഴും എന്തെങ്കിലും കൊടുത്തെങ്കിലായി.

ചീരുകണ്ടന്റെ അമ്മ തേയിപ്പെണ്ണ് സൂക്കേട് പിടിച്ചു കിടക്കാൻ തുടങ്ങിയിട്ട് നാളേറെയായി. അമ്മയുടെ ദണ്ണം മാറാൻ ചീരുകണ്ടൻ മരുന്നും മന്ത്രോം ഒന്നും ചെയ്തില്ല. അമ്മയെ തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല.

ഗുഹാമുഖങ്ങളിൽനിന്നു കെട്ടഴിഞ്ഞുപോയ കാറ്റുപോലെ ചീരുകണ്ടൻ ലക്ഷ്യമില്ലാതെ അലഞ്ഞുനടന്നു. ചീരുകണ്ടന്റെ വഴികൾ അയാൾക്കു മാത്രം സ്വന്തമായിരുന്നു. അയാളുടെ മുന്നിലും പിന്നിലുമായി അയാളുടെ നിഴലുകൾ മാത്രം സഞ്ചരിച്ചുകൊണ്ടിരുന്നു.

കുഞ്ഞച്ചനും കൂട്ടരും പോകാനൊരുങ്ങി. അന്തോണിയിൽ ഒരു ഭയം ഉറവുപൊട്ടാൻ തുടങ്ങിയിരുന്നു. തേയി ചാകാനൊരുങ്ങുകയാണ്. ചീരുകണ്ടനോ കെട്ടിയോള് കുറുമ്പയോ കുടീലില്ല. അവരെത്തുന്നതിനു മുൻപേ എന്തെങ്കിലും സംഭവിച്ചാൽ...? അന്തോണിയുടെ ഉള്ളു കിടുങ്ങി.

അന്തോണിയുടെ അസ്വസ്ഥത കണ്ടിട്ടെന്നവണ്ണം കുഞ്ഞച്ചൻ പറഞ്ഞു:

"അന്തോണി പേടിക്കേണ്ട. വീട്ടുകാര് ആരെങ്കിലും വന്നിട്ടേ ഞങ്ങള് പോകുന്നുള്ളൂ."

ആ വാക്കുകൾ അന്തോണിക്ക് ആശ്വാസമായി. പക്ഷേ, കുഞ്ഞച്ചന്റെ സഹയാത്രികർ ഒന്നമ്പരന്നു. നേരം ഒരുപാടായിരിക്കുന്നു. കരിമ്പാറക്കെട്ടുകളിൽ മഞ്ഞവെയിൽ വീണു കിടക്കുന്നു. പടിഞ്ഞാറേ ആകാശത്ത് ചുവപ്പിന്റെ തിരശ്ശീല നിവരാൻ തുടങ്ങിയിരുന്നു.

കാറ്റ് മിണ്ടടക്കം പാലിച്ചു നിന്നു. കാറ്റുമാത്രമല്ല വേനൽപ്പക്ഷികളും. പ്രകൃതിയാകെ ഒരു മരവിപ്പിലേക്കണയുന്നു.

യാത്ര തുടങ്ങിയതിൽപ്പിന്നെ കുഞ്ഞച്ചനും കൂട്ടരും ജലപാനം നടത്തിയിട്ടില്ല. കുഞ്ഞച്ചൻ അങ്ങനെയാണ്. ദളിത്മക്കളെ തേടിയുള്ള യാത്രകളിൽ വിശപ്പോ ദാഹമോ കുഞ്ഞച്ചനെ തീണ്ടാറില്ല. അഥവാ അങ്ങനെ സംഭവിച്ചാലും കുഞ്ഞച്ചൻ അതു പ്രകടമാക്കാറില്ല. ദളിതരോടുള്ള സ്നേഹത്താലും, കറയില്ലാത്ത പ്രാർത്ഥനയാലും പ്രയാസങ്ങളിൽനിന്ന് കുഞ്ഞച്ചൻ പുറത്തുകടക്കും.

ഉടനെ വരാമെന്നു പറഞ്ഞ് ഉപദേശി താഴേക്കു നടന്നു. എവിടേക്കാണെന്ന് അയാൾ പറഞ്ഞില്ല. കുഞ്ഞച്ചനും കപ്യാരും ചോദിച്ചുമില്ല. ചോദിച്ചില്ല അവരതു ശ്രദ്ധിച്ചില്ല എന്നുള്ളതാണു സത്യം.

കുഞ്ഞച്ചന്റെ അകക്കണ്ണപ്പോൾ കുടിലിനകത്ത് ഒരു പ്രാവിന്റെ പിടച്ചിൽ കാണുകയായിരുന്നു. മരണത്തിന്റെ ഒരനിവാര്യകാഹളം അകലങ്ങളിൽനിന്നെന്നവണ്ണം കുഞ്ഞച്ചൻ കേൾക്കുന്നുണ്ടായിരുന്നു. കൈവിരലുകൾക്കിടയിൽ തിരുപ്പിടിച്ചു മറിയുന്ന ജപമാലമണികൾക്കൊപ്പം കുഞ്ഞച്ചന്റെ അധരങ്ങൾ പ്രാർത്ഥനകൊണ്ടു:

"കാവൽമാലാഖമാരേ ഈ ആത്മാവിനു കൂട്ടായിരിക്കേണമേ..."

അപ്പോഴാണ് കുറുമ്പ വരുന്നത്. ചീരുകണ്ടന്റെ ഭാര്യ. കരിയുടെ നിറമാണ് കുറുമ്പയ്ക്ക്. അവളുടെ ഒക്കത്തിരിക്കുന്ന കൈക്കുഞ്ഞിനും അതേ നിറം. ചുരുണ്ട കമ്പിനൂലുകൾ പോലുണ്ട് കുറുമ്പയുടെ മുടി. നാണം മറയ്ക്കാൻ മാത്രമെന്നവണ്ണം ഒരു വട്ടത്തുണി അരയിൽച്ചുറ്റിയിരിക്കുന്നു. സമൃദ്ധമായ മാറിടം, ഇരുതോളിലൂടെയും പിന്നോട്ടിട്ട ഒരു കീറ് തുണി കൊണ്ട് മറച്ചിരിക്കുന്നു.

"ചീരുകണ്ടന്റെ കെട്ടിയോളാ." കുറുമ്പയെ ചൂണ്ടി അന്തോണി പറഞ്ഞു.

കുടിയുടെ മുറ്റത്ത് പതിവില്ലാത്തവണ്ണം അപരിചിതരെ കണ്ട് കുറുമ്പ ഒന്നമ്പരന്നു. എന്താണു കാര്യമെന്ന് അവൾക്കൊരെത്തും പിടിയും കിട്ടിയില്ല. അരുതാത്തതെന്തോ സംഭവിക്കുന്നു എന്നു കുറുമ്പയ്ക്കു മനസ്സിലായി. അവളിൽ വല്ലാത്തൊരു പേടി നുരകുത്തി.

"മലങ്കാരി..." അവൾ അറിയാതെ വിളിച്ചുപോയി.

"വെക്കം വാ കുറുമ്പേ..." അന്തോണി വിളിച്ചു പറഞ്ഞു. മടിച്ചു മടിച്ചാണെങ്കിലും കുറുമ്പ മുന്നോട്ടു വന്നു.

അവൾ കുഞ്ഞച്ചനെ സൂക്ഷിച്ചു നോക്കി. ഇങ്ങനെയൊരാളെ കാണുന്നത് ആദ്യമായിട്ടാണ്. ആരായിരിക്കും...? എന്തിനായിരിക്കും കുടിയിലേക്കു വന്നത്..? കുഞ്ഞച്ചന്റെ അടുത്തുനില്ക്കുന്ന കപ്യാരെയും കുറുമ്പയ്ക്കു പരിചയമില്ല.

കിഴക്കൻകുന്നുകളുടെ താഴ്വരകളിൽ ഇരുട്ട് ചിറകുവിരിച്ചു തുടങ്ങിയിരുന്നു. ഒരു പകൽ കൊഴിയുന്നതുപോലെ. കാറ്റൂതാതിരുന്നിട്ടും മരങ്ങൾ കാലം കഴിഞ്ഞ ഇലകൾ പൊഴിച്ചുകൊണ്ടിരുന്നു.

പടിഞ്ഞാറേ ആകാശച്ചെരുവിൽ ഒരു നക്ഷത്രം പൂത്തിരിക്കുന്നത് കുഞ്ഞച്ചൻ കണ്ടു. ഒറ്റ നക്ഷത്രം. അതിന് അപൂർവ്വമായ ഒരു ശോഭയുണ്ടായിരുന്നു.

"കുറുമ്പ അകത്തേക്കു ചെല്ല്..." പേരെടുത്തു വിളിച്ചുകൊണ്ട് കുഞ്ഞച്ചൻ പറഞ്ഞു. കുറുമ്പ വീണ്ടുമൊന്നമ്പരന്നു. അവൾ വീണ്ടും കുഞ്ഞച്ചനെ നോക്കി. സന്ധ്യയുടെ ഇരുൾമയിലും കുഞ്ഞച്ചന്റെ തേജോമയമായ മുഖം അവൾ കണ്ടു.

അപ്പോഴേക്കും ഉപദേശി വന്നു. ഉപദേശിയുടെ കൈകളിൽ മൂടുചെത്തിയ രണ്ട് ഇളനീരുകളുണ്ടായിരുന്നു. ഉപദേശി അതിലൊന്ന് കുഞ്ഞച്ചനും മറ്റൊന്ന് കപ്യാർക്കും കൊടുത്തു.

"രാവിലെ പുറപ്പെട്ടിട്ട് ഒന്നും കഴിച്ചില്ലല്ലോ. ഇതെങ്കിലും കഴിക്ക്..." ഉപദേശി കുഞ്ഞച്ചനോടു പറഞ്ഞു.

കുഞ്ഞച്ചൻ ഒരു കവിൾമാത്രം കുടിച്ചു. ബാക്കി അന്തോണിക്കു കൊടുത്തു.

കുടിലിനകത്ത് നേർത്ത ഇരുട്ട്. ഇരുട്ടിൽ കുറുമ്പ അമ്മയുടെ അടുത്തിരുന്നു. ഇരുട്ടിന്റെ നേർമ്മയിൽ തേയിയുടെ ചുണ്ടുകൾ പിളർന്നിരിക്കുന്നതും തുറിച്ച കണ്ണുകൾ വട്ടം ചുറ്റുന്നതും അവൾ കണ്ടു. അമ്മയുടെ ചാവടുത്തിരിക്കുന്നു എന്നവൾ വ്യസനപ്പെട്ടു. പക്ഷേ, എന്തു ചെയ്യാൻ. അവൾ തീർത്തും നിസ്സഹായയായി.

ഇരുട്ടു കനത്തു. കുടിലിനുള്ളിലും അവിടെയുണ്ടായിരുന്ന ഒറ്റവിളക്കിലും ഒരുതുള്ളി എണ്ണ പോലുമുണ്ടായിരുന്നില്ല. അത് കരിന്തിരി കത്തിയണഞ്ഞു.

കാളി പുറത്തേക്കിറങ്ങി അന്തോണിയോടു വിവരം പറഞ്ഞു. അന്തോണി ഇരുട്ടു തപ്പി കയ്യാലയിറങ്ങി. തോട്ടപ്പിള്ളിക്കാരുടെ വീട്ടിലേക്കോടി. താമസംവിനാ എണ്ണ നിറച്ച രണ്ടുമൂന്ന് വിളക്കുമായെത്തി. വെളിച്ചം പകർന്ന് കുടിലിനകത്തും പുറത്തും വച്ചു.

അന്തോണിക്കു പിന്നാലെ തോട്ടപ്പിള്ളിയിലെ കുഞ്ഞേപ്പുചേട്ടനും ഭാര്യ കത്രീനാമ്മച്ചേടത്തിയുമെത്തി. ഇളനീര് പറിക്കാൻപോയ ഉപദേശിയിൽനിന്ന് വിവരമറിഞ്ഞ് മറ്റു ചിലരുമെത്തി.

കുടിലിനു മുകളിലൂടെ അപരിചിതമായ ശബ്ദത്തിൽ ചിലച്ചുകൊണ്ട് ഒരു രാപ്പക്ഷി ഇരുട്ടു തുളച്ചു കടന്നുപോയി. അകത്തുനിന്നും ഒരു കരച്ചിലുയർന്നു. കുഞ്ഞച്ചനും കൂട്ടരും അകത്തേക്കു കയറി. അന്നയുടെ നെഞ്ചിൻകൂട് ഒന്നുയർന്നു താണു. ശരീരം നിശ്ചലമായി.

കുഞ്ഞച്ചൻ ജപമാലയുടെ ക്രൂശിതരൂപം അന്നയുടെ ചുണ്ടുകളിൽ അമർത്തി. പിന്നെ ഇമകൾ തിരുമ്മിപ്പൂട്ടി. പുറത്തേക്കിറങ്ങി. അവിടെ നിന്നവരോടായി പറഞ്ഞു:

ഇവർക്കു സമ്മതമാണെങ്കിൽ ശവം പള്ളിസെമിത്തേരിയിലടക്കാം.

കുഞ്ഞച്ചനും കൂട്ടരും രാമപുരത്തിനു തിരിച്ചു. ഇരുട്ട് നീന്തി രാമപുരത്തെത്തിയപ്പോൾ ഏറെ രാച്ചെന്നിരുന്നു. ഉപദേശിയും കപ്യാരും വാദ്യപ്പുരയിൽ ചാഞ്ഞു.

കുഞ്ഞച്ചന് ഉറക്കം വന്നില്ല.

(തുടരും)

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

# ഉപ്പൻ



1

'ഉപ്പു'പ്പെന്നു കരഞ്ഞു പറക്കുന്നോ-
രുപ്പനെക്കണ്ടുവോ കൂട്ടുകാരേ?
പാടും കുയിലിന്റെ വംശജനിപ്പക്ഷി;
പാടവമില്ലെന്നാൽ പാട്ടുപാടാൻ.
ഈശ്വരൻകാക്ക, ചകോരം, ചെമ്പോത്തുമി-
പ്പേശലഗാത്രന്റെ പര്യായങ്ങൾ!
സുന്ദരിമാരെച്ചകോരാക്ഷിമാരെന്നു
നമ്മൾ വിളിക്കുന്നു പണ്ടുതൊട്ടേ,
ചെന്നിറമുള്ളോരുടുപ്പിട്ടുലാത്തുന്നു
മണ്ണി,ലിരതേടിയായിരിക്കാം.
കണ്ടാലുമോരോ പദം വയ്പും, ഹാ! ഘന-
ഗംഭീരമെന്നേ പറഞ്ഞിടേണ്ടൂ!
മണ്ണിൽനിന്നൊറ്റക്കുതിപ്പാലിവൻ മര-
ക്കൊമ്പത്തനായാസമെത്തിടുന്നു!
പച്ചിലക്കൂട്ടിലിരിക്കുന്നു സൗന്ദര്യ-
വിഗ്രഹംപോലെയിപ്പക്ഷിരാജൻ!
ഗ്രീസിലെപ്പൈങ്കിളിയാണുചകോരമെ-
ന്നോതുന്നവർ പാരമിമ്പമോടെ.
കണ്ണിണ സൗന്ദര്യപ്പൊട്ടുപോലല്ലയോ
മിന്നിത്തിളങ്ങുന്നിരുവശത്തും
സൃഷ്ടിവൈചിത്ര്യങ്ങളോർത്തോർത്തു നമ്മുടെ
ചിത്തം വിനീതമായ്ത്തീർന്നിടേണം

2

ചന്ദ്രന്റെ പൂനിലാപ്പാലുണ്ണും പക്ഷിയാ-
ണെന്നും ചകോരത്തിൻ കീർത്തിമുദ്ര!
പാമ്പിന്റെ കണ്ണുകൾ കൊത്തിപ്പറിക്കുന്ന
വമ്പനുമാണിവനെന്നു കേൾപ്പൂ!
എങ്ങുപാർക്കുന്നു നീ, ചേക്കിരിക്കുന്നു നിൻ
ഭംഗിയാലാകൃഷ്ടരാണു ഞങ്ങൾ!
കൂട്ടിന്നിണയില്ലേ? കൂട്ടുകാരായി നിൻ
കൂട്ടിൽക്കുറുകും കിടാങ്ങളില്ലേ?
സുപ്രഭാതത്തിൻ വെളിച്ചത്തിൽനീന്തുന്നൊ-
രദ്ഭുതരൂപനാം കൂട്ടുകാരാ,
നീ മറക്കാതെ വരണമേ നിത്യവും
ഭൂമിക്കു രോമാഞ്ചമേകുവാനായ്!





# മാങ്ങാ ഇഞ്ചി

കാർഷികം

ജോഷി മുഞ്ഞനാട്ട്

പഴയ കാലങ്ങളിൽ ധാരാളമായി കണ്ടിരുന്ന ഒന്നാണ് മാങ്ങാ ഇഞ്ചി. ചെടി കണ്ടാൽ മഞ്ഞൾ പോലെയും കിഴങ്ങു കണ്ടാൽ ഇഞ്ചിപോലെയും തോന്നും. ഇതിനെ ഇഞ്ചിമാങ്ങാ എന്നും വിളിക്കാറുണ്ട്. ഔഷധഗുണങ്ങൾ നിരവധി അടങ്ങിയിട്ടുള്ളതുമാണ് ഇവ.

മാങ്ങാ ഇഞ്ചി എന്ന ആ പേരിനു കാരണം മാങ്ങയുടേതു പോലുള്ള അതിന്റെ ഗന്ധമാണ്. മാങ്ങാ ഇഞ്ചിയുടെ കിഴങ്ങെടുത്ത് ഒടിച്ചു മണത്തു നോക്കിയാൽത്തന്നെ വേഗം ഇവയെ തിരിച്ചറിയുവാൻ കഴിയും.

അച്ചാറിടുവാനും ചമ്മന്തി അരയ്ക്കുവാനും മറ്റും പഴയ തലമുറ ഇവ കൂടുതലായി ഉപയോഗിച്ചിരുന്നു.

'സിഞ്ചി ബറേസിയേ' കുടുംബത്തിൽപ്പെട്ട മാങ്ങാ ഇഞ്ചിയുടെ ശാസ്ത്രനാമം 'കർക്യൂമ അമാഡ' എന്നാണ്. മഞ്ഞൾ, ഇഞ്ചി എന്നിവയുടേതുപോലെയാണ് ഇവയുടെ കൃഷിരീതിയും.

തടമെടുത്തും അല്ലാതെയും ഇവ നട്ടുവളർത്താം. ചെറിയ കിഴങ്ങ് നടാൻ ഉപയോഗിക്കാം. ചാക്കിൽ ചാണകപ്പൊടി, മണ്ണ്, കമ്പോസ്റ്റ് എന്നിവ നിറച്ച മിശ്രിതത്തിൽ നടാം. ഒട്ടേറെ ഗുണങ്ങൾ നിറഞ്ഞ മാങ്ങാ ഇഞ്ചിയുടെ മഹിമ നാം ഇനിയും അറിയുവാൻ ഇരിക്കുന്നതേയുള്ളൂ.

# ലോകത്തെ നിശ്ചലമാക്കിയ അദൃശ്യനായ കൊലയാളി



തോമസ് കുഴിഞ്ഞാലിൽ

**ലോ**കരാജ്യങ്ങളിൽ ജനസംഖ്യയിൽ ഒന്നാമതും വലുപ്പത്തിൽ നാലാമതും നില്ക്കുന്ന ചൈനയിലെ വുഹാൻ നഗരത്തിൽ കഴിഞ്ഞവർഷം അവസാനത്തോടെ പ്രത്യക്ഷപ്പെട്ട 'സാർസ് കൊറോണ വൈറസ് 2' സൃഷ്ടിച്ച കോവിഡ് 19 എന്ന മഹാമാരി ലോകത്തെയാകെ നിശ്ചലമാക്കിയിട്ട് അഞ്ചുമാസം പൂർത്തിയായി. ഈ ലേഖനം തയ്യാറാക്കുമ്പോൾ 199 രാജ്യങ്ങളിലായി ആകെ രോഗികളുടെ എണ്ണം 66,30,070, മരണപ്പെട്ടവരുടെ എണ്ണം 3,89,579. പ്രതിരോധമരുന്നുകളൊന്നും ഇല്ലാത്തതിനാൽ രോഗികളുടെ എണ്ണവും മരണസംഖ്യയും അനുദിനം വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. അനതിവിദൂരഭാവിയിൽ ഒരു പ്രതിവിധിക്കു സാധ്യതയില്ലാത്തതിനാൽ ദശലക്ഷക്കണക്കിനാളുകൾ മരണപ്പെട്ടേക്കാമെന്ന ഭയവുമുണ്ട്.

അത്യാധുനിക മൈക്രോസ്കോപ്പുകളിലൂടെ മാത്രം ദൃശ്യമാകുന്ന ഒരു വിഷാണുവിനു മുമ്പിൽ വികസിതരാജ്യങ്ങൾപോലും അടിപതറുന്ന സ്ഥിതിവിശേഷം പരമദയനീയമെന്നേ പറയേണ്ടൂ. കൊറോണ എന്തെന്നും 'കോവിഡ്' എന്തെന്നും വിവേചിച്ചറിയാൻപോലുമുള്ള സമയം ഈ വിഷാണു മനുഷ്യനു നല്കിയില്ലെന്നുള്ളതും വിചിത്രമായിരിക്കുന്നു. ആരംഭത്തിൽ തീരുമാനങ്ങളെടുക്കാൻ ചൈനീസ് ഭരണനേതൃത്വം കാട്ടിയ അലംഭാവം ഇതരരാജ്യങ്ങളിലേക്കു രോഗം പടരാൻ കാരണമായി എന്നതു യാഥാർത്ഥ്യമാണ്. തുടക്കത്തിൽ വന്ന കാലതാമസത്തിനുപുറമേ, അറിവില്ലായ്മയും അശ്രദ്ധയും കൂടിച്ചേർന്നപ്പോൾ രോഗം നിയന്ത്രിക്കാനാവാത്ത പകർച്ചവ്യാധിയായി മാറിയിരുന്നു.

**കൊറോണ വൈറസ് മൂന്നു തരം**


മനുഷ്യശരീരത്തിലെ ജീവകോശങ്ങളെ നശിപ്പിക്കുന്ന കൊറോണവൈറസുകൾ മൂന്നു വിഭാഗങ്ങളാണെന്നു കണ്ടെത്തിയിട്ടുണ്ട്. 2002ൽ പ്രത്യക്ഷപ്പെടുകയും രണ്ടു വർഷത്തിനുശേഷം അപ്രത്യക്ഷമാവുകയും ചെയ്ത 'സാർസ്-1' (SARS severe Acute Respiratory Syndrome 1), 2012ൽ കണ്ടെത്തിയ 'മെർസ്' (MERS-Middle East Respiratory Syndrome), ഇപ്പോൾ രൂപംകൊണ്ട സാർസ് -2 എന്നിവ. ഇവയിൽ ആദ്യത്തേത് മനുഷ്യരിൽ പ്രവേശിച്ചെങ്കിലും ശ്വാസകോശങ്ങളെ നേരിട്ടു ബാധിച്ചതിനാൽ അധികം ആളുകളിലേക്കു പകരാനുള്ള സാധ്യത കുറവായിരുന്നു. ചൈനയിലെ ജവാംഗ് ഡോംഗ് പ്രവിശ്യയിൽ പടർന്നുപിടിച്ച ഈ വൈറസ് വഴി രോഗികളായ 8,000 ആളുകളിൽ 774 പേർ മാത്രമേ മരണപ്പെട്ടുള്ളൂ. രോഗവാഹകരായ വവ്വാലുകളിൽ നിന്നു മരപ്പട്ടികളിലൂടെയാണു വൈറസ് മനുഷ്യരിലെത്തിയതെന്നാണു ഗവേഷകർ അഭിപ്രായപ്പെട്ടത്.

ഗൾഫുനാടുകളിൽ ജന്മമെടുത്ത 'മെർസ്' എന്ന രണ്ടാമത്തെ ഇനം, 27 രാജ്യങ്ങളിലേക്കു വ്യാപിച്ചെങ്കിലും മൂന്നു വർഷത്തിനുശേഷം അപ്രത്യക്ഷമായി. സൗദിഅറേബ്യയിലും ജോർദ്ദാനിലുമായിരുന്നു ആദ്യരോഗികൾ. അവിടെനിന്നുള്ള രാജ്യാന്തരയാത്രികരിലൂടെ രോഗം വിവിധ രാജ്യങ്ങളിലെത്തി. 2014 ൽ യുഎസിലും, 2015 ൽ കൊറിയൻ ഉപദ്വീപിലും രോഗം സ്ഥിരീകരിച്ചിരുന്നു. രോഗബാധിതരായ 2519 പേരിൽ 866 പേർക്കേ ജീവൻ നഷ്ടമായുള്ളൂ.

മേൽപ്പറഞ്ഞ രണ്ടു വൈറസുകളിൽനിന്നും വിഭിന്നമായി 2019 അവസാനത്തോടെ ചൈനയിൽ രൂപംകൊണ്ട സാർസ് 2, പ്രത്യേക ഘടനാവിശേഷമുള്ള വൈറസുകളാണെന്നു തെളിഞ്ഞിട്ടുണ്ട്. പുതിയ വൈറസുകൾ ഞൊടിയിടകൊണ്ടു ജനിതകമാറ്റത്തിനു വിധേയമാകുന്നതാണു ഗവേഷകരെ വിഷമവൃത്തത്തിലാക്കുന്നത്. ഒരു പ്രതിരോധമരുന്നു കണ്ടെത്തുമ്പോഴേക്കും വൈറസുകൾക്കു ഘടനാമാറ്റം വന്നുകഴിഞ്ഞിരിക്കും. വവ്വാലുകളിൽനിന്നു മറ്റു മൃഗങ്ങളിലേക്കും പിന്നീടു മനുഷ്യരിലും പ്രവേശിച്ചുവെന്നു കരുതപ്പെടുന്ന ഈ വൈറസുകൾ ഈനാംപേച്ചികൾ (Pangolin) വഴിയാണു മനുഷ്യരിലെത്തിയതെന്നാണു കണ്ടെത്തിയത്. ഒട്ടകഇറച്ചിയും ഒട്ടകപ്പാലും കഴിച്ചവരിലാണ് ആദ്യം രോഗം സ്ഥിരീകരിച്ചത്.

ചൈനയിലെ ഹുബൈ പ്രവിശ്യയുടെ തലസ്ഥാനനഗരമായ വുഹാനിലെ ഹുനാനൻ വന്യജീവികമ്പോളത്തിലെ മാംസവില്പനക്കാരിയായ ഒരു സ്ത്രീയുടെ ശരീരത്തിലാണ് സാർസ്-2 വൈറസുകൾ ആദ്യം കയറിപ്പറ്റിയത്. നിബിഡവനങ്ങളിൽനിന്നു വേട്ടയാടിപ്പിടിക്കുന്ന വന്യമൃഗങ്ങളെ ജീവനോടെയോ അല്ലാതെയോ ചന്തയിലെത്തിച്ചു കച്ചവടം ചെയ്യും. ഇക്കാര്യത്തിൽ മറ്റു രാജ്യങ്ങളിലേതുപോലുള്ള കടുത്ത നിയന്ത്രണങ്ങൾ ചൈനയിൽ ഇല്ലാത്തത് മൃഗവേട്ടക്കാർക്കു സഹായകവുമാണ്. ഒരു കോടിയിലേറെ ജനസംഖ്യയുള്ള വുഹാൻനഗരത്തിലെ ഹുനാനൻ വന്യജീവിചന്ത ലോകപ്രശസ്തമാണ്. പാറ്റയും പല്ലിയും തേളും മുതൽ ഭൂമുഖത്തുള്ള ഏതു ജീവിയും കമ്പോളത്തിൽ സുലഭം. വവ്വാലും ഈനാംപേച്ചിയും മുള്ളൻപന്നിയും പൂച്ചയും പട്ടിയും പാമ്പും ഉൾപ്പെടെയുള്ള മൃഗങ്ങളെ വാങ്ങാൻ കിട്ടും. മൃഗങ്ങളുടെ തുകൽകൊണ്ടു നിർമ്മിച്ച വസ്ത്രങ്ങളും ചെരിപ്പും ചൈനക്കാരുടെ നിത്യോപയോഗസാധനങ്ങളാണ്. വവ്വാലുകളുടെ ഭക്ഷ്യാവശിഷ്ടങ്ങളും ഉച്ഛിഷ്ടവും ഭക്ഷിക്കുന്ന ഈനാംപേച്ചിയുടെ മാംസവും അവരുടെ ഇഷ്ടഭോജ്യമാണ്. വൈറസുകൾ വില്പനക്കാരിയിൽനിന്നു മാസം വാങ്ങാനെത്തിയവരിലേക്കും പിന്നീട് മറ്റുള്ളവരിലേക്കും ശരവേഗത്തിൽ പടരുകയായിരുന്നു.





അന്നനാളത്തിന്റെ തുടക്കത്തിലുള്ള മൃദുകോശങ്ങളെയാണ് സാർസ്-2 വൈറസുകൾ ആദ്യം നശിപ്പിക്കുക. കടുത്ത രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുംമുമ്പുതന്നെ വൈറസുകൾ മറ്റൊരാളിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കാമെന്നതാണു സാർസ് -2 ന്റെ പ്രത്യേകത. ശക്തമായ ചുമയും തുമ്മലുംവഴി പുറത്തേക്കു തെറിച്ചുവീഴുന്ന ഉമിനീരും കഫവും വൈറസുകളെക്കൊണ്ടു നിറഞ്ഞിരിക്കും. രോഗിയായ ഒരാൾ ശക്തിയായി തുമ്മുമ്പോൾ പുറന്തള്ളുന്ന വൈറസുകളുടെ ബാഹുല്യംകണ്ട് ജപ്പാനിലെ ഗവേഷകർ ഞെട്ടിയെന്നാണ് ഏറ്റവും പുതിയ വാർത്ത. ഒരു ക്ലാസ്സുമുറിയുടെ വലുപ്പമുള്ള ഒരു സ്ഥലം സ്ഫടികംകൊണ്ടു മറച്ച് അതിനുള്ളിലിരുത്തിയ രോഗി തുമ്മിയപ്പോൾ പുറത്തേക്കുവന്ന പരശതം വൈറസുകൾ 20 മിനിറ്റുകൾക്കുള്ളിൽ മുറി നിറയുന്ന ചിത്രമാണ് മൈക്രോസ്കോപ്പുകളിലൂടെ ഗവേഷകർ കണ്ടത്! വൈറസുകൾ പറ്റിപ്പിടിക്കുന്ന പ്രതലങ്ങളിൽ സ്പർശിക്കുകയോ രോഗിയുടെ സമീപത്തുനില്ക്കുകയോ ചെയ്യുമ്പോൾ രോഗം പകരാൻ ഇടയാക്കുന്നു. ശ്വാസനാളത്തിന്റെ ഉദ്ഭവസ്ഥാനത്തു കോശങ്ങളോടു ചേർന്നിരിക്കുന്നതിനാൽ രോഗിയോടു സംസാരിക്കുമ്പോൾപോലും രോഗപകർച്ച ഉണ്ടാകുമെന്നതിനാലാണ് രോഗലക്ഷണമുള്ളവരെ ഏകാന്തവാസത്തിൽ (Quarantine) പാർപ്പിക്കുന്നത്.

കൊറോണ വൈറസുകളുടെ വലുപ്പം 125 നാനോമീറ്റർ (.125 മൈക്രോമീറ്റർ) എന്നാണ് ഗവേഷകർ കണക്കാക്കിയിട്ടുള്ളത്. (ഒരു തലമുടിയിഴയുടെ വണ്ണത്തിന്റെ ആയിരത്തിൽ ഒന്നു ചെറുത് എന്നു വിശദീകരിക്കുകയാണു മനസ്സിലാക്കാൻ എളുപ്പം)

'കൊറോണ' എന്ന വാക്കിന് 'കിരീടം' എന്ന അർത്ഥമാണ് ഡിക്ഷനറിയിൽ കൊടുത്തിരിക്കുന്നത്. സൂര്യചന്ദ്രന്മാരുടെ ചുറ്റും കാണുന്ന പ്രകാശവലയം എന്നും അർത്ഥമുണ്ട്. 'കിരീടധാരണം' (coronation) എന്ന വാക്ക് 'കൊറോണ'യിൽനിന്നുദ്ഭവിച്ചതാണ്. ആഫ്രിക്കൻ രാജ്യമായ മലാവിയിൽ 'ജപമാല' എന്നും ഈ വാക്കിനർത്ഥമുണ്ട്. ജപമാലയിലെ മണികളുടെ ഗോളാകൃതിയിലുള്ള രൂപഘടനയാകാം ഇതിനു കാരണം. ഗോളാകൃതിയിലുള്ള പുറംതോടിനു ചുറ്റും മുള്ളുകൾപോലെ തോന്നിക്കുന്ന ആവരണവും പ്രത്യകതകളാണ്. 'കൊറോണ' എന്ന നാമധേയമുള്ള ഒരു വിശുദ്ധയും തിരുസഭയിലുണ്ട്. രണ്ടാം നൂറ്റാണ്ടിൽ സിറിയയിൽ ജീവിച്ചിരുന്ന വി. കൊറോണയുടെ ഭർത്താവ് വിക്ടറും വിശുദ്ധനാണ്. മാതൃകാദമ്പതികളായി ജീവിച്ച ഇവരുടെ തിരുനാൾ മേയ് മാസം 14-ാം തീയതിയാണ് തിരുസഭ ആഘോഷിക്കുന്നത്.

**ചൈന സ്വീകരിച്ച നടപടികൾ**

2019 അവസാനത്തോടെ കടുത്ത പനിയും ശക്തമായ ചുമയുമായി ആശുപത്രിയിലെത്തിയ അനേകംപേരിൽ നടത്തിയ വിശദമായ പരിശോധനകളിലാണു രോഗവാഹകർ കൊറോണ വൈറസുകളാണെന്നു തിരിച്ചറിയുന്നത്. പരിശോധനാസൗകര്യമുള്ള മികച്ച ആശുപത്രികൾ വുഹാനിൽ വിരളമായിരുന്നുതാനും. ജനുവരി 9-ാം തീയതി ആദ്യമരണം റിപ്പോർട്ടു ചെയ്യുമ്പോഴേക്കും ഹുബൈ പ്രോവിൻസിന്റെ ഇതരനഗരങ്ങളിലേക്കും രോഗം പകർന്നുകഴിഞ്ഞിരുന്നു. അത്യന്തം മാരകമായ കൊറോണ വൈറസുകളെക്കുറിച്ചും ജനങ്ങൾ സ്വീകരിക്കേണ്ട ജാഗ്രതയെക്കുറിച്ചും വിശദീകരിക്കുന്ന ലഘുലേഖകൾ പിറ്റേന്നു തന്നെ പുറത്തിറക്കി. കോവിഡ്-19 മഹാമാരിയുടെ ഉദ്ഭവസ്ഥലമായ വുഹാൻ നഗരം പൂർണമായും അടച്ചുകൊണ്ടുള്ള പ്രസിഡന്റ് ഷീ ചിൻപിംഗിന്റെ ഉത്തരവുണ്ടായത് ജനുവരി 22 നായിരുന്നു. പിന്നാലെ ഹുബൈപ്രോവിൻസിലെ മുഴുവൻ നഗരങ്ങളും ക്വാറന്റൈനിലായിരിക്കുമെന്നു പ്രഖ്യാപിച്ചു. ജനുവരി 23 മുതൽ മാർച്ച് 23 വരെയുള്ള രണ്ടു മാസത്തേക്കും ക്വാറന്റൈൻ ദീർഘിപ്പിച്ച ഏപ്രിൽ 8-ാം തീയതി വരെയും പ്രവിശ്യയിൽനിന്നു പുറത്തേക്കോ വെളിയിൽനിന്നു പ്രവിശ്യക്കുള്ളിലേക്കോ പ്രവേശനം നിഷേധിച്ചു. സർക്കാർ നല്കിയ കർശനമായ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുസരിച്ച് ജനങ്ങളെല്ലാം വീടുകൾക്കുള്ളിൽ കഴിയുകയായിരുന്നു. മാസ്കുകൾ ധരിക്കാനും വ്യക്തിശുചിത്വം പാലിക്കാനും സാമൂഹികാകലം നിലനിറുത്താനും എല്ലാവരും ശ്രദ്ധിച്ചു. വീടും പരിസരങ്ങളും വൃത്തിയാക്കാനും ലോക്ഡൗൺ ദിനങ്ങൾ ചെലവഴിച്ചു. ഏപ്രിൽ 19-നു ശേഷം ഇന്നുവരെ രണ്ടു മരണങ്ങളേ ചൈനയിൽനിന്നു റിപ്പോർട്ടു ചെയ്തിട്ടുള്ളൂവെന്നതും ശ്രദ്ധേയമാണ്.

ജനുവരിമാസത്തിലെ ആദ്യ ആഴ്ചകളിൽത്തന്നെ ചൈനയുടെ അയൽരാജ്യങ്ങളായ ഇരുകൊറിയകളിലേക്കും ജപ്പാനിലേക്കും തായ്‌ലണ്ടിലേക്കും രോഗം പകർന്നിരുന്നുവെങ്കിലും സമയോചിതമായ നടപടികളിലൂടെ ഫലപ്രദമായി നിയന്ത്രിക്കാനായി. വുഹാൻ എയർപോർട്ടിൽനിന്നു ദിവസേനയുള്ള 50 ലേറെ അന്തർദ്ദേശീയവിമാനങ്ങളിൽ യാത്ര ചെയ്തവരാണ് യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഇതരരാജ്യങ്ങളിലേക്കും രോഗമെത്തിച്ചത്. കാണാപ്പുറങ്ങളിലിരുന്നു ദശലക്ഷങ്ങളെ കൊന്നൊടുക്കുന്ന വൈറസുകളെ ഇല്ലായ്മ ചെയ്യുന്നതിനു ഭരണകർത്താക്കളും ഗവേഷകരും നടത്തുന്ന പ്രയത്നങ്ങൾ വിജയിക്കട്ടെയെന്നു പ്രത്യാശിക്കാം.

□

# പാലാ രൂപതാകേന്ദ്രത്തിൽ പ്രവാസികാര്യാലയം തുറന്നു

പാലാ: പാലാ രൂപതാംഗങ്ങളായ പ്രവാസികളുടെ ഏകോപനത്തിനും ഉന്നമനത്തിനുമായി പാലാ രൂപത കേന്ദ്രത്തിൽ പുതിയ പ്രവാസികാര്യാലയം തുറന്നു.

പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവഹിച്ച യോഗത്തിൽ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വികാരി ജനറാൾമാരായ മോൺ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് തടത്തിൽ തുടങ്ങിയവർ സംബന്ധിച്ചു. പ്രവാസികളുടെ കോ ഓർഡിനേറ്ററായി ഫാ. ബർക്കുമാൻസ് കുന്നുംപുറവും അസിസ്റ്റന്റ് കോ ഓർഡിനേറ്ററായി ഫാ. സിറിൽ തയ്യിലും നിയമിതനായി.

കേരളത്തിനും ഇന്ത്യയ്ക്കും വെളിയിലുള്ള പ്രവാസികൾ തങ്ങളുടെ കുടുംബങ്ങൾക്കു മാത്രമല്ല, മാതൃരാജ്യത്തിനും സ്തുത്യർഹമായ സേവനമാണ് കാഴ്ച വയ്ക്കുന്നതെന്ന് ബിഷപ് അനുസ്മരിച്ചു. സാമൂഹികക്ഷേമപ്രവർത്തനങ്ങളിൽ എന്നും സജീവമായി പ്രവർത്തിക്കുന്ന പ്രവാസികൾ ലോകം മുഴുവനും ബാധിച്ചിരിക്കുന്ന കോവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിൽ ഏറെ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട്. വിദേശങ്ങളിലുള്ളവരും നാട്ടിൽ അവരുടെ കുടുംബാംഗങ്ങളും വ്യത്യസ്തമായ പ്രതിസന്ധികളെ നേരിടുമ്പോൾ സാധ്യമായ സഹായസഹകരണങ്ങൾ രൂപതയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ബിഷപ് പറഞ്ഞു.

# കർഷകസേവനം മഹത്തരം

## മാർ ജേക്കബ് മുരിക്കൻ

പാലാ: ഫലവൃക്ഷത്തൈകളും പച്ചക്കറിയിനങ്ങളും വ്യാപകമായി കൃഷിചെയ്യുവാൻ കർഷകസമൂഹം പുലർത്തുന്ന സവിശേഷശ്രദ്ധ ഏറെ മഹത്തരമാണെന്നും പാലായും സമീപപ്രദേശങ്ങളും കാനാൻദേശംപോലെ ഫലസമൃദ്ധമാകുമെന്നും ബിഷപ് മാർ ജേക്കബ് മുരിക്കൻ. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിക്കുന്ന 'സുഭിക്ഷഗ്രാമം സുന്ദരഗ്രാമം' പരിപാടിയുടെ ഭാഗമായി ഫലവൃക്ഷത്തൈകളുടെ വിതരണം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.




*പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിക്കുന്ന 'സുഭിക്ഷഗ്രാമം സുന്ദരഗ്രാമം' പരിപാടിയുടെ ഭാഗമായി നടത്തുന്ന ഫലവൃക്ഷത്തൈകളുടെ വിതരണം ബിഷപ് മാർ ജേക്കബ് മുരിക്കൻ നിർവഹിക്കുന്നു.*

പാലാ അഗ്രിമ കർഷക മാർക്കറ്റിൽ ബിഷപ് മാർ ജേക്കബ് മുരിക്കനിൽനിന്ന് ഓൾ സീസൺ പ്ലാവിൻതൈകൾ ഏറ്റുവാങ്ങി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ തൈവിതരണം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കർഷക മൂവ്മെന്റ് ഇൻചാർജ് റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ, ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൾ തയ്യിൽ, കാനറാ ബാങ്ക് മാനേജർ സുബ്രഹ്മണ്യം പിള്ള, ഡാന്റീസ് കൂനാനിക്കൽ, ജോയി മടിയ്ക്കാങ്കൽ, പി.വി. ജോർജ് പുരയിടം, സിബി കണിയാംപടി, ബിബിൻ ചാമക്കാല എന്നിവർ സംസാരിച്ചു. ഏഴിനം പ്ലാവിൻതൈകളും അഞ്ചിനം മാവിൻതൈകളും അടക്കം വൈവിധ്യമാർന്ന ഫലവൃക്ഷത്തൈകൾ, വിവിധ ജൈവവളങ്ങൾ എന്നിവ അഗ്രിമ കർഷക മാർക്കറ്റിൽനിന്നു ലഭ്യമാണ്. രാവിലെ പത്തുമുതൽ വൈകിട്ട് അഞ്ചുവരെ തൈവിതരണം ഉണ്ടായിരിക്കുമെന്ന് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അറിയിച്ചു.

# അമ്പത്തിമൂന്നു ഭാഷകളിലെ അമ്പത്തിമൂന്നുമണിജപം ശ്രദ്ധ നേടുന്നു

കാഞ്ഞിരപ്പള്ളി: കത്തോലിക്കാസഭയിലെ ഒമ്പതു മേലദ്ധ്യക്ഷന്മാരും 275 സന്ന്യാസിനികളും പങ്കുചേർന്ന് 53 ഭാഷകൾ ഉൾച്ചേർത്തു ചൊല്ലിയ അമ്പത്തിമൂന്നുമണി ജപം ജനശ്രദ്ധ നേടുന്നു. 35 മിനിറ്റ് സമയം ധ്യാനിച്ചു പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആത്മീയ ഉണർവ് പകരുന്നതാണ് ഈ ജപമാല.

'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന കേരളത്തിനകത്തും പുറത്തും വിദേശത്തുമുള്ള സന്ന്യാസിനികൾ 53 ഭാഷകളിലായി ചൊല്ലുന്നു. 'പരിശുദ്ധ മറിയമേ' എന്ന പ്രാർത്ഥന വിവിധ സന്ന്യാസിനികൾ മലയാളത്തിലാണ് ചൊല്ലുന്നത്. മാർപാപ്പായുടെ പ്രാർത്ഥനയോടെയാണ് ജപമാല ആരംഭിക്കുന്നത്. തുടർന്നുള്ള വിശ്വാസപ്രമാണം വിവിധ ശുശ്രൂഷാമേഖലകളിലിരിക്കുന്ന സിസ്റ്റേഴ്സ് ചൊല്ലുന്നു.




ജപമാലയിലെ ലുത്തിനിയയുടെ ഓരോ ഖണ്ഡികയും 17 സന്ന്യാസസമൂഹങ്ങളിലെ സന്ന്യാസിനികളാണ് ആലപിക്കുന്നത്. കാഞ്ഞിരപ്പള്ളി രൂപത സോഷ്യൽ മീഡിയ അപ്പോസ്തലേറ്റിന്റെ ഡയറക്ടർ ഫാ. സോബി കന്നാലിൽ ആശയം, സംവിധാനം, എഡിറ്റിംഗ് എന്നിവ നിർവ്വഹിച്ചിരിക്കുന്നു. സിസ്റ്റർ റജീന വെങ്ങാലൂർ എസ്.എ.ബി.എസിന്റെയും അരുൺ പന്തമാക്കൽ, അമല കാടംപള്ളിൽ, ജോസ്ബിൻ മുളയ്ക്കൽ, അമൽ ഈറെപ്പുറത്ത്, അമൽ അറയ്ക്കപ്പറമ്പിൽ, മനു വേഴമ്പത്തോട്ടം, തോമസുകുട്ടി വാണിയപ്പുരയ്ക്കൽ എന്നീ യുവജനങ്ങളുടെയും നേതൃത്വത്തിൽ രണ്ടുമാസത്തോളമുള്ള കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഈ ജപമാല.

ജപമാലയിൽ പങ്കുചേരുവാൻ ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക. https://www.youtube.com/watch?v=TCYJ1EWta48&feature=youtu.be

# നവതിയുടെ നിറവിൽ ഊർജം കൈവിടാതെ ഉലകംതറ സാർ

മലയാള ഭാഷാപഠനരംഗത്തും ക്രൈസ്തവസഭാചരിത്രത്തിലും സാഹിത്യചരിത്രത്തിലും നിറസാന്നിദ്ധ്യമായ പ്രൊഫ. മാത്യു ഉലകംതറ നവതിയിലെത്തിയിരിക്കുന്നു. അധ്യാപകൻ, എഴുത്തുകാരൻ, കവി, വൈയാകരണൻ എന്നിങ്ങനെ വിവിധ തരത്തിൽ ഒരു തലമുറയുടെ ശ്രദ്ധാകേന്ദ്രമായിരുന്നു അദ്ദേഹം.



'ക്രിസ്തുഗാഥ' എന്ന കാവ്യത്തിലൂടെ വിശ്വാസികളുടെ മനസ്സിൽ ഇടംപിടിച്ച കവിയാണ് പ്രൊഫ. മാത്യു ഉലകംതറ. ലളിതസുന്ദരപദാവലികൾ കോർത്തൊരുക്കിയ ഒരു അനശ്വരകാവ്യമാണ് ക്രിസ്തുഗാഥ. ഗദ്യവും പദ്യവും ഒരുപോലെ ഉപയോഗിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അനന്യമാണ്. ക്രിസ്തുഗാഥ കൂടാതെ ആലോചനാമൃതം, സാഹിത്യപീഠിക, അർണോസ് പാതിരി, വെളിച്ചത്തിന്റെ മക്കൾ തുടങ്ങി അമ്പതോളം സ്വതന്ത്രകൃതികളും നിരവധി സുറിയാനിഗീതങ്ങളുടെ തർജ്ജമയും അദ്ദേഹത്തിന്റേതായി കൈരളിക്കു ലഭിച്ചിട്ടുണ്ട്. നന്നേ ചെറുപ്പത്തിൽത്തന്നെ കവിതയ്ക്കുള്ള കട്ടക്കയം അവാർഡ് അദ്ദേഹം സ്വന്തമാക്കി. തുടർന്ന് ഉള്ളൂർ അവാർഡ്, കെ.വി. സൈമൺ അവാർഡ്, കെസിബിസി അവാർഡ് തുടങ്ങിയ അവർഡുകളും കേരളസഭാതാരം, മാർത്തോമ്മാ പുരസ്കാരം എന്നിങ്ങനെയുള്ള ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി. ബഷീർ, സി. മേരി ബനീഞ്ഞാ, പാലാ നാരായണൻനായർ മുതലായവരുടെ കൃതികൾക്ക് അദ്ദേഹമെഴുതിയ അവതാരികകളും പ്രസിദ്ധമാണ്.

വൈക്കം കിഴക്കുംഭാഗം ഉലകംതറവീട്ടിൽ വർക്കി-അന്ന ദമ്പതികളുടെ മകനായി 1931 ജൂൺ 6 നു ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽനിന്ന് ബി.എയും മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എയും ഉയർന്ന മാർക്കോടെ വിജയിച്ചു.

1954 ൽ തേവര എസ്.എച്ച്. കോളേജിൽ ട്യൂട്ടറായി നിയമിതനായി. തുടർന്ന് അവിടെത്തന്നെ ലക്ചററായും പ്രൊഫസറായും സേവനമനുഷ്ഠിച്ചു. ശ്രീശങ്കരയൂണിവേഴ്സിറ്റിയിൽ ഓണററി പ്രൊഫസറായും ദീപിക ആഴ്ചപ്പതിപ്പിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

കേരള, എം.ജി. യൂണിവേഴ്സിറ്റികളിൽ ചീഫ് എക്സാമിനർ, എക്സാമിനേഷൻ ബോർഡ് ചെയർമാൻ, പാഠപുസ്തകക്കമ്മിറ്റിയംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ മൂന്നു യൂണിവേഴ്സിറ്റികൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പാഠ്യക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നവതിയുടെ നിറവിലെത്തിനിൽക്കുന്ന പ്രൊഫ. മാത്യു ഉലകംതറയ്ക്ക് ദീപനാളം കുടുംബത്തിന്റെ പിറന്നാൾ മംഗളങ്ങൾ.

Deepanalam Weekly

RNI No : 16998/68
Vol. 53 No. 7 Date of Publication 10 June 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

# ദീപനാളം

പാലാ രൂപതയുടെ നേതൃത്വത്തിൽ വ്യാഴാഴ്ചതോറും പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഉത്തമകുടുംബവാരിക

**കലാസാംസ്കാരിക ദേശീയവാരിക**

ഫോൺ: 04822 – 212842
*internet edition: www.deepanalam.com*
*Email: editordeepanalam@gmail.com, deepanalam@rediffmail.com*

പ്രചാരത്തിലും ഉള്ളടക്കത്തിലും മുൻപന്തിയിലേക്ക്

## അരനൂറ്റാണ്ടിലേറെയായി മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിലൂടെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വേറിട്ട ശബ്ദമായി നിലകൊള്ളുന്ന പ്രസിദ്ധീകരണം

● കാലികപ്രസക്തമായ **മുഖലേഖനങ്ങൾ** ● സമൂഹമനഃസാക്ഷിയാകുന്ന **എഡിറ്റോറിയൽ** ● സമൂഹത്തിലെ മൂല്യനിരാസങ്ങൾക്കും നീതിനിഷേധങ്ങൾക്കുമെതിരേയുള്ള തുറന്ന വിചാരണ **വർത്തമാനം** ● സമകാലികസർഗ്ഗവ്യാപാരങ്ങളെ അന്വേഷണവിധേയമാക്കുന്ന **സാഹിത്യവിചാരം** ● കാണാത്ത ദേശങ്ങളും വേറിട്ട കാഴ്ചകളുമായി **സഞ്ചാരം** ● കാലത്തിനും കാലാവസ്ഥയ്ക്കുമിണങ്ങിയ കൃഷിയറിവുകളുമായി **കൃഷിപാഠം** ● വായനക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കാർട്ടൂൺ പംക്തി **മറുപുറം** ● കാവ്യസൂക്തങ്ങളുടെ അകംപൊരുൾ അനാവൃതമാക്കുന്ന **സൂക്തിമഞ്ജരി** ● ഹൃദയങ്ങൾക്ക് ആധ്യാത്മികവെളിച്ചമേകുന്ന **വചനനാളം**

ഹൃദയാവർജ്ജകമായ നോവലുകൾ ▪ കഥകൾ ▪ കവിതകൾ ▪ അന്തർദ്ദേശീയ – ദേശീയ – പ്രാദേശികവാർത്തകൾ ▪ ഹരിതപാഠം ▪ കുടുംബദർശനം ▪ ആരോഗ്യപംക്തി ▪ സിനിമാ – സ്പോർട്സ് വിശേഷങ്ങൾ ▪ പാചകക്കുറിപ്പുകൾ etc...

**പ്രതിഭ**

എല്ലാ മാസവും ആദ്യത്തെ ആഴ്ച
ദീപനാളം കുട്ടികളോടൊപ്പം

ഒറ്റപ്രതി : 6.00 രൂപ
വാർഷികവരിസംഖ്യ: 300 രൂപ
വിദേശത്തേയ്ക്ക്: 3000 രൂപ

കോപ്പികൾക്ക് : മാനേജർ, ദീപനാളം, പാലാ, 686575



## പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ പുസ്തകങ്ങളുടെ അതിവിപുല ശേഖരം

സോഫിയ ബുക്സ്
മെരിറ്റ് ബുക്സ്
വിമല ബുക്സ്
കാർമ്മൽ ബുക്സ്
ബുക് മീഡിയ
വിൻകോ ബുക്സ്








**ഫോൺ: 04822 – 215321**





ഡി.സി. ബുക്സ്
മാതൃഭൂമി ബുക്സ്
ജീവൻ ബുക്സ്
എ.റ്റി.സി. ബുക്സ്
തിയോ ബുക്സ്

അത്യാധുനിക രീതിയിലുള്ള 4 കളർ പ്രിന്റിംഗിന് സമീപിക്കുക
**സെന്റ് തോമസ് പ്രസ്, പാലാ**



**എല്ലാവിധ പയസ് ആർട്ടിക്കിൾസിനും സന്ദർശിക്കുക**




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com